VOL NO: 05 | ISSUE 02
www.nerpatham.com
mail@nerpatham.com

2020 JANUARY 09 | ₹12

# നേർപഥം
വാരിക

# കമ്പോളങ്ങളിൽനിന്ന് അകറ്റപ്പെടുന്ന കർഷകർ



കേന്ദ്ര സർക്കാർ പാസാക്കിയ കാർഷിക ബിൽ വ്യാപകമായ പ്രതിഷേധങ്ങൾ ക്ഷണിച്ചു വരുത്തിയിരിക്കുകയാണ്. പുതിയ നിയമത്തിലൂടെ കമ്പോളത്തിൽ നിന്ന് കർഷകർ എടുത്തുമാറ്റപ്പെടുകയും കുത്തക മുതലാളിമാർ രംഗപ്രവേശം ചെയ്യുകയുമാണുണ്ടാവുക എന്ന വാദം ശരി വെക്കുന്നതാണ് അതുമായി ബന്ധപ്പെട്ട തുടർനടപടികൾ.

- **ഹലാൽ ഭക്ഷണത്തിന്റെ പേരിൽ പുകിലുണ്ടാക്കുന്നവരോട്**

**ഉന്നത വിദ്യാഭ്യാസവും ദേശീയ വിദ്യാഭ്യാസ നയവും**

**തദ്ദേശ തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷം നേടി കൊറോണ!**

**ജമാഅത്തെഇസ്‌ലാമി: വെള്ളിത്തിരയിലും രാഷ്ട്രീയത്തിലും നൽകുന്ന സന്ദേശം**

ONLINE നേർപഥം Quiz MEGA

# നേർപഥം മെഗാ ഓൺലൈൻ ക്വിസ് മത്സരത്തിലെ വിജയികൾ

ഒന്നാം സമ്മാനം:
**അജ്‌വദ് അമീൻ വി മൂത്തേടം**
സമ്മാനദാനം നിർവഹിച്ചത്:
**പി.വി അബ്ദുൽ വഹാബ് എം.പി**

രണ്ടാം സമ്മാനം:
**റിസ്‌വാന ഫാത്തിമ ആലപ്പുഴ**
സമ്മാനദാനം നിർവഹിച്ചത്:
**ഷാനിമോൾ ഉസ്മാൻ എം.എൽ.എ**



മൂന്നാം സമ്മാനം:
**നജ്‌വ ജമാൽ വി.പി പാലക്കാട്**
സമ്മാനദാനം നിർവഹിച്ചത്:
**വി.സി ഷക്കീല ടീച്ചർ,** സംസ്ഥാന സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് വിമൺസ് ഓർഗനൈസേഷൻ

---

## പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ

1. Fathima Warda CT, Othayi, Edavanna
2. Mubthasim Bin Moosa, Irikkur
3. Fidha Kallidumbil, Kooriyad, Kottakkal
4. Anees P, Kodur, Malappuram
5. Umaira CM, Kottappuram
6. Mishab Ibnu Jamal, Malappuram
7. Muzaina Binth Moosa, Kannur
8. Rejuva Jamal, Areekode
9. Ameen Mohammed TP, Pulikkal
10. Rajla VP, Mukkam, Kozhikode

**നേർപഥം പ്രീ മെഗാ ക്വിസ് റൗണ്ടിലേക്കെത്തിയ 222 പേർക്കുള്ള സർട്ടിഫിക്കറ്റുകൾ ഉടൻ വിതരണം ചെയ്യും**

QR കോഡ് സ്കാൻ ചെയ്യുക

zameel the soulmate

**വിജയികളെ കുറിച്ചുള്ള വിശദവിവരങ്ങൾക്ക് നേർപഥം വെബ്സൈറ്റോ സമീൽ ഓൺലൈൻ ലൈബ്രറിയോ സന്ദർശിക്കുക**

# 0208
# നേർപഥം
വാരിക

2021 ജനുവരി 09
1442 ജുമാദൽ അവ്വൽ 25
പുസ്തകം 05 /ലക്കം 02



Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






## 10
**കമ്പോളങ്ങളിൽനിന്ന് അകറ്റപ്പെടുന്ന കർഷകർ**
ഉസ്മാൻ പാലക്കാഴി

**05**
**മുഖമൊഴി**
തദ്ദേശ തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷം നേടി കൊറോണ!
എഡിറ്റർ

**06**
**ക്വുർആൻ ദർശനം**
സൂറഃ ക്വദ്ര് സമിഅല്ലാഹു
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**15**
**ലേഖനം**
ഹലാൽ ഭക്ഷണത്തിന്റെ പേരിൽ പുകിലുണ്ടാക്കുന്നവരോട്
ഹാഷിം കാക്കയങ്ങാട്

**18**
**ലേഖനം**
ഉന്നത വിദ്യാഭ്യാസവും ദേശീയ വിദ്യാഭ്യാസ നയവും
മുഹമ്മദ് അജ്മൽ സി

**22**
**ചരിത്രപഥം**
മുഹമ്മദ് നബി(സ്വ)യുടെ ജനനം
ഹുസൈൻ സലഫി, ഷാർജ

**26**
**ലേഖനം**
ജമാഅത്തെഇസ്‌ലാമി: പേജിലും വെള്ളിത്തിരയിലും രാഷ്ട്രീയത്തിലും നൽകുന്ന സന്ദേശം
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**29**
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

**34**
**കാഴ്ച**
പഴയ പോക്കിരി
ഇബ്നു അലി എടത്തനാട്ടുകര




## വായനക്കാർ എഴുതുന്നു




# മാതൃത്വത്തിന്റെ വില കളയുന്നവർ

വികലമായ കാഴ്ചപ്പാടുകളും ആർത്തികളും സ്നേഹത്തെയും കാരുണ്യത്തെയും കവർന്നെടുക്കുന്ന കാഴ്ചയാണ് നാമിന്നു കണ്ടുകൊണ്ടിരിക്കുന്നത്. ഭൂമിയിൽ ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിന്റെയും കുഞ്ഞിളംമേനിയെ എത്ര വാത്സല്യത്തോടെയും കരുതലോടും കൂടിയാണ് നാം സ്പർശിച്ചിരുന്നത്! മാതൃത്വത്തിന്റെ അതിശക്തമായ ചൂടും ചൂരുമേറ്റു വളരുന്ന ഓരോ കുഞ്ഞും നാളെയുടെ കതിർനാമ്പുകളാണ്. ഇന്ന് നമുക്കുചുറ്റും ബന്ധങ്ങൾ ബന്ധനങ്ങളാവുകയാണ്. 'മാതൃത്വം' കേവലം കർത്തവ്യം മാത്രമായി ലഘൂകരിക്കപ്പെടുകയാണ്.

'കുട്ടിക്കാലം,' 'ബാല്യകാലം' എന്നൊക്ക വിളിക്കപ്പെടുന്ന; നാമൊക്കെ ഓർക്കാൻ ഏറെ ഇഷ്ടപ്പെടുന്ന ആ കാലം എത്ര മധുരമുള്ളതായിരുന്നു! മാമ്പൂക്കൾ മുളപൊട്ടുമ്പോൾ തന്നെ കോലായിൽ ഇരുന്ന് മുറ്റത്തെ മാവിനെ കൺകുളിർക്കെ കണ്ടാസ്വദിച്ചിരുന്ന കാലം ഇന്നും ഓർമകളിൽ ചിറകിട്ടടിക്കുകയാണ്.

സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും കരുതലിന്റെയും അനേകം സ്വപ്നങ്ങളുടെയും കരവലയങ്ങൾക്കുള്ളിലാണ് ഓരോ കുഞ്ഞും പിറന്നുവീഴുന്നത്. തീർച്ചയായും 'മാതൃത്വം' എന്നത് വാത്സല്യത്തിന്റെ അതിർവരമ്പുകളില്ലാത്ത യാഥാർഥ്യമാണ്. അത് അനുഭവിക്കാൻ ഭാഗ്യം ലഭിച്ച സ്ത്രീകൾ എത്ര അനുഗൃഹീതരാണ്!

പുരുഷബീജത്തിന്റെ, സ്ത്രീയുടെ ഗർഭാശയത്തിലേക്കുള്ള യാത്രതന്നെ അത്ഭുതകരമാണ്. പിന്നീട് എത്രയെത്ര അതിശയകരമായ ഘട്ടത്തിലൂടെയാണ് ഗർഭപാത്രത്തിനകത്ത് ഒരു കുഞ്ഞ് വളരുന്നത്! ക്ലേശകരമായ അനേകം അനുഭവങ്ങളിലൂടെ അവളതിനെ ഗർഭത്തിൽ ചുമക്കുന്നു. വേദനയുടെ പരമോന്നതിയിൽ അവളതിനെ പ്രസവിക്കുന്നു. ചൂടും ചൂരും കൊടുത്തു ആ കുഞ്ഞുപൈതലിനെ മുലയൂട്ടിവളർത്തുന്നു. സ്നേഹബന്ധത്തിന്റെ ഊഷ്മളതയും വാത്സല്യവും ആവോളം ആസ്വദിച്ച് ആ കുഞ്ഞ് അവളുടെ മടിത്തട്ടിൽ വളരുന്നു. തന്റെ കുഞ്ഞിന്റെ ചുണ്ടിൽ വിടരുന്ന ഓരോ പാൽപുഞ്ചിരിയിലും ഓരോ മാതാവിന്റെയും മനം കുളിർക്കുന്നു.

എന്നാൽ ചില മാതാക്കൾ ക്രൂരതയുടെ ആൾരൂപമായി മാറുന്ന കാഴ്ച നാം ഇടയ്ക്കിടെ കണ്ടുകൊണ്ടിരിക്കുന്നു. സ്നേഹവും വാത്സല്യവുമൊക്കെ നിസ്സഹായാവസ്ഥയിൽ നമ്മെ നോക്കി ലജ്ജിക്കുകയാണിവിടെ! സ്വന്തം കാമപൂർത്തീകരണത്തിന് തടസ്സമെന്നുകണ്ട് താൻ നൊന്തുപ്രസവിച്ച കുഞ്ഞിനെ പാറക്കെട്ടുകൾക്കിടയിൽ വലിച്ചെറിഞ്ഞ മാതാവ് സങ്കൽപകഥയിലെ കഥാപാത്രമല്ല. കുഞ്ഞിനെ കാമുകനെക്കൊണ്ട് കൊല്ലിച്ചതും പ്രായപൂർത്തിയായ മകളെ കാമുകന്റെ സഹായത്താൽ കൊന്ന് കിണറ്റിലിട്ടതും കേവലം കെട്ടുകഥയല്ല. ഏതോ രാജ്യത്തു നടന്ന സംഭവവുമല്ല. നമ്മുടെ കേരളത്തിൽ നടന്നതാണ്. ഇങ്ങനെ എത്രയോ സംഭവങ്ങളുണ്ട് എടുത്തുപറയാൻ

ഇതാണോ ഓരോ കുഞ്ഞും ആഗ്രഹിക്കുന്ന, അന്വേഷിക്കുന്ന മാതൃത്വം? കാമപൂർത്തീകരണത്തിന് വേണ്ടി 'മാതൃത്വ'ത്തെ തന്നെ കൊലചെയ്യുന്ന മാതാവിനെയാണോ കുഞ്ഞുങ്ങൾ കണികണ്ടുണരേണ്ടത്? മാതാവിന്റെ നെഞ്ചിൽ ഭയപ്പാടില്ലാതെ തലചായ്ച്ചുറങ്ങുന്ന കുഞ്ഞുപൈതങ്ങൾ ആ മാതാവിന്റെ കരങ്ങളാൽ കൊല്ലപ്പെടുന്നതിലെ വേദനയെക്കാൾ വലിയ വേദന ഏതുണ്ട്?

നൈമിഷികമായ സുഖത്തിനുവേണ്ടി ഇഹലോകത്തെയും പരലോകത്തെയും സ്വന്തം മക്കളെയും നഷ്ടപ്പെടുത്തുന്ന അമ്മമാർ ഇനിയും ഉണ്ടായിക്കൂടാ. മാതൃത്വത്തിന്റെ മഹനീയത എന്തെന്ന് തിരിച്ചറിയാൻ ഓരോ മാതാവിനും കഴിയേണ്ടതുണ്ട്. മാതൃത്വത്തെ വാത്സല്യധാരകളാക്കി മാറ്റുന്ന മാതാക്കളാവട്ടെ നാളെയുടെ ഓരോ താരാട്ടും പാടുന്നത്.

**-ഹസ്ന റീം ബിൻത് അബുനിഹാദ്**

**സ്കൂൾ ഓഫ് ഖുർആൻ**
**പ്രദേശിക സെന്ററുകൾ അനുവദിക്കുന്നു**

കേരളത്തിനകത്തും പുറത്തുമായി ഇരുപതിലധികം സെന്ററുകളുള്ള സ്കൂൾ ഓഫ് ഖുർആനിന്റെ പ്രദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. 8089999597 എന്ന നമ്പറിലോ mail@schoolofqfuran.com എന്ന മെയിലിലോ ബന്ധപ്പെടുക.

Office: School of Qur'an, Jamia Al-Hind
Al-Islamiyya, Jamia Campus, Mini Ootty - Oorakam

മുഖമൊഴി

# തദ്ദേശ തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷം നേടി കൊറോണ!

കേരളത്തിൽ കോവിഡ് വ്യാപനം വീണ്ടും രൂക്ഷമാകുമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പു നൽകിയിരിക്കുന്നു. ജനുവരി 15ഓം തീയതിയോടെ പ്രതിദിന കോവിഡ് ബാധിതരുടെ എണ്ണം 9000 വരെയായി ഉയരാം, ചികിത്സയിലുള്ളവരുടെ എണ്ണം 90000 ആയേക്കാം, മരണനിരക്ക് 0.5 ആയി ഉയർന്നേക്കാം എന്നൊക്കെയാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിൽ ആരോഗ്യവകുപ്പു സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്! നിലവിൽ 0.4 ശതമാനമാണ് മരണനിരക്ക്. ശരാശരി 65000 പേരാണ് ഒരേസമയം ചികിത്സയിലുള്ളത്.

തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു ജനങ്ങൾ തമ്മിൽ ഇടപഴകൽ വർധിച്ചതും സ്‌കൂളുകളും കോളേജുകളും തുറക്കുന്നതുമാണ് കോവിഡ് വ്യാപനം വർധിക്കാൻ ഇടയാക്കുന്ന കാരണങ്ങൾ എന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

സ്‌കൂളുകളും കോളേജുകളും തുറന്നിട്ടേയുള്ളൂ. എന്നാൽ നിയന്ത്രണങ്ങളോടെയാണ് ക്ലാസ്സുകൾ നടക്കുന്നത്. ഒരുസമയം പകുതി വിദ്യാർഥികൾക്കു മാത്രം പ്രവേശനം. 2 ബാച്ച് ആയി ഒരു വിദ്യാർഥിക്ക് 5 മണിക്കൂർ അധ്യയനം ലഭിക്കുന്ന രീതിയിൽ ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. പ്രവർത്തനം ഷിഫ്റ്റ് അടിസ്ഥാനത്തിലാണ്. ഷിഫ്റ്റ് അല്ലാത്തവർക്ക് നാലു സമയ ഷെഡ്യൂളുകൾ. ഇങ്ങനെയുള്ള മുൻകരുതലുകൾ സ്വീകരിച്ചാണ് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതെങ്കിൽ അതുവഴി കോവിഡ് വ്യാപനം വല്ലാതെയുണ്ടാകില്ലെന്ന് പ്രത്യാശിക്കാം. ക്ലാസ്സിൽ പാലിക്കുന്ന അകലവും ശ്രദ്ധയും ക്ലാസ്സിനുപുറത്തും പാലിച്ചെങ്കിലേ ഉദ്ദേശിച്ച ഫലമുണ്ടാവുകയുള്ളൂ.

എന്നാൽ സർക്കാരും ആരോഗ്യവകുപ്പും പറയാൻ മടിക്കുന്ന ചില വസ്തുതകളുണ്ട്. കേരളത്തിൽ കോവിഡ് രോഗികളുടെ എണ്ണം നാമമാത്രമായിരുന്ന കാലത്ത് നാം സമ്പൂർണ ലോക്ക്ഡൗണിലായിരുന്നു. ആളുകൾ ഭയപ്പാടിലായിരുന്നു. സ്വയം നിയന്ത്രിക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ ദിനേനയുള്ള രോഗികളുടെ എണ്ണം ഏഴായിരവും എട്ടായിരിവും എത്തിയ സമയത്ത് എന്ത് നിയന്ത്രണമാണുള്ളത്? നിയന്ത്രണങ്ങൾ പാലിച്ച് തുറക്കുന്ന വിദ്യാലയങ്ങൾ കോവിഡ് വ്യാപനത്തിന് കാരണമാകുമെങ്കിൽ യാതൊരു നിയന്ത്രണവുമില്ലാത്ത അങ്ങാടികളോ? ജനജീവിതം കോവിഡിനു മുമ്പുള്ള അവസ്ഥയിലേക്ക് ഏതാണ്ടെല്ലാം മാറിക്കഴിഞ്ഞിരിക്കെ വിദ്യാലയങ്ങളെ മാത്രം കോവിഡ് വ്യാപനത്തിന് കാരണമായേക്കാവുന്ന ഒന്നായി കാണേണ്ടതില്ല.

തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു ജനങ്ങൾ തമ്മിൽ ഇടപഴകൽ വർധിച്ചത് കോവിഡ് വ്യാപനത്തിന് കാരണമാകുന്നു എന്നതിനോട് യോജിക്കാം. തെരഞ്ഞെടുപ്പ് കഴിയുന്നതുവരെയും മിക്കവാറും എല്ലാവരും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെയാണ് പ്രവർത്തിച്ചതെന്ന് കാണാനാവും. എന്നാൽ ഫലപ്രഖ്യാപനം വന്നതോടുകൂടി എല്ലാ നിയന്ത്രണങ്ങളെയും തല്ലിത്തകർക്കുന്ന കാഴ്ചകളാണ് കാണാനായത്. മാസ്ക് ധരിക്കുകപോലും ചെയ്യാതെ വിജയിച്ചവർ നിറഞ്ഞാടുകയായിരുന്നു. നൂറുകണക്കിനാളുകൾ ഒരു സാമൂഹിക അകലവും പാലിക്കാത വിജയാഹ്ലാദപ്രകടനം നടത്തിയപ്പോൾ പൊലീസും ആരോഗ്യവകുപ്പും അതിന് മൗനാനുവാദം നൽകുകയായിരുന്നില്ലേ?

പഞ്ചായത്തുകളിൽ ഭരണസാരഥ്യം ഏറ്റെടുത്തതിന്റെ ആഘോഷം ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല. ആയിരവും രണ്ടായിരവും അതിലേറെയും വരുന്ന ജനക്കൂട്ടം റോഡ് ബ്ലോക്കാക്കി സന്തോഷപ്രകടനം നടത്തി യാത്രക്കാരെ പ്രയാസത്തിലാക്കിയതും കാണാനായി. ഒരു പാർട്ടിയും ഇതിലെ അപകടം തിരിച്ചറിഞ്ഞ് വിജയാഘോഷത്തെ ലളിതമാക്കാൻ ശ്രമിച്ചില്ല. കോവിഡ് വ്യാപനത്തിൽ ഇത്തരം പേക്കൂത്തുകളുടെ പങ്ക് ചെറുതൊന്നുമാകില്ല.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 58, ഭാഗം 2

# സൂറഃ ക്വദ് സമിഅല്ലാഹു

(മദീനയിൽ അവതരിച്ചത്)

5. തീർച്ചയായും അല്ലാഹുവെയും അവന്റെ ദൂതനെയും എതിർത്തുകൊണ്ടിരിക്കുന്നവർ അവരുടെ മുമ്പുള്ളവർ വഷളാക്കപ്പെട്ടത് പോലെ വഷളാക്കപ്പെടുന്നതാണ്. സുവ്യക്തമായ പല തെളിവുകളും നാം അവതരിപ്പിച്ചിട്ടുണ്ട്. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷയുമുണ്ട്.

6. അല്ലാഹു അവരെയെല്ലാം ഉയിർത്തെഴുന്നേൽപിക്കുകയും എന്നിട്ട് അവർ പ്രവർത്തിച്ചതിനെപ്പറ്റി അവരെ വിവരമറിയിക്കുകയും ചെയ്യുന്ന ദിവസം. അല്ലാഹു അത് തിട്ടപ്പെടുത്തുകയും അവരത് മറന്നുപോകുകയും ചെയ്തു. അല്ലാഹു ഏത് കാര്യത്തിനും സാക്ഷിയാകുന്നു.

7. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു അറിയുന്നുണ്ടെന്ന് നീ കാണുന്നില്ലേ? മൂന്നുപേർ തമ്മിലുള്ള യാതൊരു രഹസ്യസംഭാഷണവും അവൻ (അല്ലാഹു) അവർക്കു നാലാമനായിക്കൊണ്ടല്ലാതെ ഉണ്ടാവുകയില്ല; അഞ്ചുപേരുടെ സംഭാഷണമാണെങ്കിൽ അവൻ അവർക്കു ആറാമനായിക്കൊണ്ടുമല്ലാതെ. അതിനെക്കാൾ കുറഞ്ഞവരുടെയോ കൂടിയവരുടെയോ (സംഭാഷണം) ആണെങ്കിൽ അവർ എവിടെയായിരുന്നാലും അവൻ അവരോടൊപ്പമുണ്ടായിട്ടല്ലാതെ. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ, അവർ പ്രവർത്തിച്ചതിനെപ്പറ്റി അവരെ അവൻ വിവരമറിയിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥ كُبِتُواْ كَمَا كُبِتَ
ٱلَّذِينَ مِن قَبۡلِهِمۡۚ وَقَدۡ أَنزَلۡنَآ ءَايَٰتِۭ بَيِّنَٰتٖۚ
وَلِلۡكَٰفِرِينَ عَذَابٞ مُّهِينٞ ٥
يَوۡمَ يَبۡعَثُهُمُ ٱللَّهُ جَمِيعٗا فَيُنَبِّئُهُم بِمَا
عَمِلُوٓاْۚ أَحۡصَىٰهُ ٱللَّهُ وَنَسُوهُۚ وَٱللَّهُ عَلَىٰ كُلِّ
شَيۡءٖ شَهِيدٌ ٦
أَلَمۡ تَرَ أَنَّ ٱللَّهَ يَعۡلَمُ مَا فِي ٱلسَّمَٰوَٰتِ وَمَا فِي
ٱلۡأَرۡضِۖ مَا يَكُونُ مِن نَّجۡوَىٰ ثَلَٰثَةٍ إِلَّا
هُوَ رَابِعُهُمۡ وَلَا خَمۡسَةٍ إِلَّا هُوَ سَادِسُهُمۡ
وَلَآ أَدۡنَىٰ مِن ذَٰلِكَ وَلَآ أَكۡثَرَ إِلَّا هُوَ مَعَهُمۡ
أَيۡنَ مَا كَانُواْۖ ثُمَّ يُنَبِّئُهُم بِمَا عَمِلُواْ يَوۡمَ ٱلۡقِيَٰمَةِۚ
إِنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٌ ٧

8. രഹസ്യസംഭാഷണം നടത്തുന്നതിൽ നിന്ന് വിലക്കപ്പെട്ടിട്ടുള്ളവരെ നീ കണ്ടില്ലേ? അവർ ഏതൊന്നിൽനിന്നു വിലക്കപ്പെട്ടുവോ അതിലേക്കവർ പിന്നീട് മടങ്ങുന്നു. പാപത്തിനും അതിക്രമത്തിനും റസൂലിനെ ധിക്കരിക്കുന്നതിനും അവർ പരസ്പരം രഹസ്യഉപദേശം നടത്തുകയും ചെയ്യുന്നു. അവർ നിന്റെ അടുത്ത് വന്നാൽ നിന്നെ അല്ലാഹു അഭിവാദ്യം ചെയ്തിട്ടില്ലാത്ത രീതിയിൽ അവർ നിനക്ക് അഭിവാദ്യമർപ്പിക്കുകയും ചെയ്യും. ഞങ്ങൾ ഈ പറയുന്നതിന്റെ പേരിൽ അല്ലാഹു ഞങ്ങളെ ശിക്ഷിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അവർ അന്യോന്യം പറയുകയും ചെയ്യും. അവർക്കു നരകം മതി. അവർ അതിൽ എരിയുന്നതാണ്. ആ പര്യവസാനം എത്ര ചീത്ത.

9. സത്യവിശ്വാസികളേ, നിങ്ങൾ രഹസ്യസംഭാഷണം നടത്തുകയാണെങ്കിൽ അധർമത്തിനും അതിക്രമത്തിനും റസൂലിനെ ധിക്കരിക്കുന്നതിനും നിങ്ങൾ രഹസ്യസംഭാഷണം നടത്തരുത്. പുണ്യത്തിന്റെയും ഭയഭക്തിയുടെയും കാര്യത്തിൽ നിങ്ങൾ രഹസ്യ ഉപദേശം നടത്തുക. ഏതൊരു അല്ലാഹുവിങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

10. ആ രഹസ്യസംസാരം പിശാചിൽനിന്നുള്ളത് മാത്രമാകുന്നു. സത്യവിശ്വാസികളെ ദുഃഖിപ്പിക്കാൻ വേണ്ടിയാകുന്നു അത്. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതവർക്ക് യാതൊരു ഉപദ്രവവും ചെയ്യുന്നതല്ല. സത്യവിശ്വാസികൾ അല്ലാഹുവിന്റെമേൽ ഭരമേൽപിച്ചുകൊള്ളട്ടെ.

11. സത്യവിശ്വാസികളേ, നിങ്ങൾ സദസ്സുകളിൽ സൗകര്യപ്പെടുത്തി കൊടുക്കുക എന്ന് നിങ്ങളോടു പറയപ്പെട്ടാൽ നിങ്ങൾ സൗകര്യപ്പെടുത്തി കൊടുക്കണം. എങ്കിൽ അല്ലാഹു നിങ്ങൾക്കും സൗകര്യപ്പെടുത്തിത്തരുന്നതാണ്. നിങ്ങൾ എഴുന്നേറ്റ് പോകണമെന്ന് പറയപ്പെട്ടാൽ നിങ്ങൾ എഴുന്നേറ്റ് പോകണം. നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

أَلَمْ تَرَ إِلَى ٱلَّذِينَ نُهُوا۟ عَنِ ٱلنَّجْوَىٰ ثُمَّ
يَعُودُونَ لِمَا نُهُوا۟ عَنْهُ وَيَتَنَٰجَوْنَ بِٱلْإِثْمِ
وَٱلْعُدْوَٰنِ وَمَعْصِيَتِ ٱلرَّسُولِ وَإِذَا جَآءُوكَ
حَيَّوْكَ بِمَا لَمْ يُحَيِّكَ بِهِ ٱللَّهُ وَيَقُولُونَ فِىٓ
أَنفُسِهِمْ لَوْلَا يُعَذِّبُنَا ٱللَّهُ بِمَا نَقُولُ ۚ حَسْبُهُمْ
جَهَنَّمُ يَصْلَوْنَهَا ۖ فَبِئْسَ ٱلْمَصِيرُ ﴿٨﴾
يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا تَنَٰجَيْتُمْ فَلَا
تَتَنَٰجَوْا۟ بِٱلْإِثْمِ وَٱلْعُدْوَٰنِ وَمَعْصِيَتِ
ٱلرَّسُولِ وَتَنَٰجَوْا۟ بِٱلْبِرِّ وَٱلتَّقْوَىٰ ۖ وَٱتَّقُوا۟ ٱللَّهَ
ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٩﴾
إِنَّمَا ٱلنَّجْوَىٰ مِنَ ٱلشَّيْطَٰنِ لِيَحْزُنَ ٱلَّذِينَ
ءَامَنُوا۟ وَلَيْسَ بِضَآرِّهِمْ شَيْـًٔا إِلَّا بِإِذْنِ
ٱللَّهِ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٠﴾
يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا قِيلَ لَكُمْ تَفَسَّحُوا۟
فِى ٱلْمَجَٰلِسِ فَٱفْسَحُوا۟ يَفْسَحِ ٱللَّهُ لَكُمْ ۖ
وَإِذَا قِيلَ ٱنشُزُوا۟ فَٱنشُزُوا۟ يَرْفَعِ ٱللَّهُ
ٱلَّذِينَ ءَامَنُوا۟ مِنكُمْ وَٱلَّذِينَ أُوتُوا۟ ٱلْعِلْمَ
دَرَجَٰتٍ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١١﴾

5) (തീർച്ചയായും അല്ലാഹുവെയും അവന്റെ ദൂതനെയും എതിർത്തുകൊണ്ടിരിക്കുന്നവർ അവരുടെ മുമ്പുള്ളവർ വഷളാക്കപ്പെട്ടത് പോലെ വഷളാക്കപ്പെടുന്നതാണ്. സുവ്യക്തമായ പല തെളിവുകളും നാം അവതരിപ്പിച്ചിട്ടുണ്ട്. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷയുമുണ്ട്) അല്ലാഹുവിനോടും റസൂലിനോടും എതിരിടുക എന്നാൽ അവർക്ക് എതിരു പ്രവർത്തിക്കലും അനുസരണക്കേട് കാണിക്കലുമാണ്. പ്രത്യേകിച്ചും വളരെ തെറ്റായ കാര്യങ്ങളിൽ. സത്യനിഷേധം മൂലമുള്ള അനുസരണക്കേട്, അല്ലാഹുവിന്റെ മിത്രങ്ങളോട് ശത്രുത പുലർത്തലും. അല്ലാഹു പറയുന്നു: (അവരുടെ മുമ്പുള്ളവർ വഷളാക്കപ്പെട്ടതുപോലെ) അതായത് പ്രവർത്തനത്തിന്നനുസരിച്ചുള്ള പ്രതിഫലമെന്ന നിലയ്ക്ക് അവരുടെ മുമ്പുള്ളവരെ അല്ലാഹു നിന്ദ്യരാക്കുകയും നിസ്സാരരാക്കുകയും ചെയ്തു. അല്ലാഹുവിനെതിരെ അവർക്കൊരു തെളിവുമില്ല. അല്ലാഹുവാകട്ടെ, തന്റെ സൃഷ്ടികൾക്കെതിരെ മതിയായ തെളിവ് സ്ഥാപിക്കുകയും ചെയ്തു. ഉദ്ദേശ്യങ്ങൾ വ്യക്തമാക്കുന്ന, യാഥാർഥ്യങ്ങൾ വിശദീകരിക്കുന്ന വ്യക്തമായ തെളിവുകളും വചനങ്ങളും അല്ലാഹു ഇറക്കി. അതിനെ പിൻപറ്റുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തവൻ സന്മാർഗിയും വിജയിയും ആയിത്തീരുന്നു. (സത്യനിഷേധികൾക്ക്) അതിനാൽ (അപമാനകരമായ ശിക്ഷയുണ്ട്). അതായ

ത് അവരെ നിന്ദ്യരും നിസ്സാരരുമാക്കുന്നു. അവർ അല്ലാഹുവിന്റെ വചനങ്ങളിൽ അഹങ്കരിച്ചതുപോലെ അല്ലാഹു അവരെ അവഗണിക്കുകയും നിസ്സാരരാക്കുകയും ചെയ്യുന്നു.

6). അല്ലാഹു പറയുന്നു: (അല്ലാഹു അവരെയെല്ലാം ഉയിർത്തെഴുന്നേൽപിക്കുന്ന ദിവസം) അല്ലാഹു എല്ലാ സൃഷ്ടികളെയും ഉയിർത്തെഴുന്നേൽപിക്കുന്ന ദിവസം. അങ്ങനെ അവർ അവരുടെ കുഴിമാടങ്ങളിൽ നിന്ന് വേഗത്തിൽ എഴുന്നേറ്റ് വരികയും അവർ പ്രവർത്തിച്ച നന്മ തിന്മകൾ അവർക്കവൻ അറിയിച്ചുകൊടുക്കുകയും ചെയ്യും. കാരണം അവനതെല്ലാം അറിഞ്ഞിരുന്നു. (അല്ലാഹു അത് തിട്ടപ്പെടുത്തുകയും) അതായത് സംരക്ഷിതമായ ഒരു ഫലകത്തിൽ അവനതെഴുതിവെച്ചു. സൂക്ഷിപ്പുകാരായ ആദരണീയ മലക്കുകളോട് അത് എഴുതി വെക്കാൻ അവൻ കൽപിക്കുകയും ചെയ്തു. എന്നാൽ പ്രവർത്തിച്ചവർ (അവരത് മറന്നുപോയി). അവർ പ്രവർത്തിച്ചത് അവർ മറന്നു. അല്ലാഹുവാകട്ടെ അത് തിട്ടപ്പെടുത്തുകയും ചെയ്തു. (അല്ലാഹു ഏതുകാര്യത്തിനും സാക്ഷിയാകുന്നു) പരസ്യമായതും രഹസ്യമായതും അവ്യക്തമായതും ഒളിഞ്ഞു കിടക്കുന്നതും എല്ലാം അറിയും.

7). ഇവിടെ അല്ലാഹു അറിയിക്കുന്നത് അവന്റെ അറിവിന്റെ വിശാലതയെയും ആകാശഭൂമികളിലുള്ളത് അവൻ സൂക്ഷ്മമായും വ്യക്തമായും അറിയാമെന്നതുമാണ്. ഇവിടെ, കൂടെയുണ്ടെന്നതിന്റെ ഉദ്ദേശ്യം അവർക്കിടയിൽ അവർ രഹസ്യമാക്കുന്നതും സ്വകാര്യം പറയുന്നതും അവൻ സൂക്ഷ്മമായി അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നു എന്നതാണ്.

8,9). രഹസ്യഭാഷണമെന്നാൽ രണ്ടോ അതിലധികമോ ആളുകൾക്കിടയിൽ ഉണ്ടാകുന്ന സ്വകാര്യ സംഭാഷണങ്ങളാണ്. അത് നന്മയിലോ തിന്മയിലോ ആകാം. നല്ല കാര്യത്തിൽ രഹസ്യഭാഷണം നടത്താനാണ് അല്ലാഹു സത്യവിശ്വാസികളോട് കൽപിക്കുന്നത്.

'ബിർറ്' എന്നത് ആശയസമ്പൂർണതയുള്ള ഒരു നാമമാണ്. എല്ലാ നന്മകളും പുണ്യങ്ങളും അല്ലാഹുവിനും സൃഷ്ടികൾക്കുമുള്ള എല്ലാ ബാധ്യതാനിർവഹണങ്ങളും ഇതിൽപെടും. അതുപോലെ തന്നെ 'തക്വ' എന്ന നാമവും സമ്പൂർണമാണ്. എല്ലാ പാപങ്ങളും നിഷിദ്ധങ്ങളും ഉപേക്ഷിക്കണമെന്നർഥം. അതിനാൽ സത്യവിശ്വാസി ദൈവിക കൽപനകളെ പിൻതുടരുന്നു. അതിനാൽ അല്ലാഹുവിന്റെ കോപത്തിൽനിന്ന് അകറ്റുന്നതും അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതുമായ സംസാരങ്ങളും സംഭാഷണങ്ങളുമല്ലാതെ അവനിൽ കാണുകയില്ല. എന്നാൽ അധർമകാരി അല്ലാഹുവിന്റെ കൽപനകളെ നിസ്സാരമാക്കുകയും പാപത്തിലും ശത്രുതയിലും പ്രവാചകനോട് അനുസരണക്കേട് കാണിക്കുന്നതിലുമാണ് അവരുടെ സംഭാഷണങ്ങൾ.

പ്രവാചകനോട് എപ്പോഴും കപടവിശ്വാസികൾ ചെയ്യുന്ന പതിവ് ഇതാണ്. അല്ലാഹു പറയുന്നു: (അവർ നിന്റെയടുക്കൽ വന്നാൽ നിന്നെ അല്ലാഹു അഭിവാദ്യം ചെയ്തിട്ടില്ലാത്ത രീതിയിൽ അവർ അഭിവാദ്യമർപ്പിക്കുകയും ചെയ്യും). നിനക്ക് അഭിവാദ്യം അർപ്പിക്കുന്നതിൽ അവർ മര്യാദകേട് കാണിച്ചാൽ (അവർ അന്യോന്യം പറയുകയും ചെയ്യും). ദൃശ്യവും അദൃശ്യവും അറിയുന്നവൻ അവരെക്കുറിച്ച് പറഞ്ഞതിൽ അവർ രഹസ്യം പറയുന്നു. അവർ പറയുന്നു: (ഞങ്ങൾ ഈ പറയുന്നതിന്റെ പേരിൽ അല്ലാഹു ഞങ്ങളെ ശിക്ഷിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന്). അവരതിനെ നിസ്സാരമായി കാണുമെന്നർഥം. അവർ അദ്ദേഹത്തെക്കുറിച്ച് പറയുന്നതിൽ അപാകതയില്ലെന്നതിന് അവർക്ക് ശിക്ഷ വൈകുന്നതിനെ അവർ തെളിവാക്കുന്നു. അല്ലാഹു വിശദീകരിക്കുന്നത് ശിക്ഷക്ക് സാവകാശം നൽകുകയാണ്; ശിക്ഷിക്കാതിരിക്കുകയല്ല എന്നാണ്. (അവർക്ക് നരകം മതി. അവർ അതിൽ എരിയുന്നതാണ്. ആ പര്യവസാനം എത്ര ചീത്ത). എല്ലാ കഷ്ടപ്പാടുകളും ശിക്ഷകളും ഒന്നിച്ചുനൽകുന്ന നരകം മതി അവർക്ക്. അത് അവരെ വലയംചെയ്യുകയും അതിൽ ശിക്ഷിക്കപ്പെടുകയും ചെയ്യും. എത്ര ചീത്ത പര്യവസാനം! ഇവിടെ പ്രതിപാദിക്കപ്പെട്ടത് ഒരുപക്ഷേ, കപടവിശ്വാസികളാകാം. ബാഹ്യമായി വിശ്വാസം പ്രകടമാക്കുകയും പ്രവാചകന് ഗുണം ആഗ്രഹിക്കുന്നു എന്ന് തോന്നിപ്പിക്കുംവിധം അവർ പ്രവാചകനെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. അതിലവർ അസത്യവാന്മാരാണ്. എന്നാൽ വേദക്കാരായ ചില ആളുകൾ നബിﷺക്ക് സലാം പറയുമ്പോൾ (അസ്സാമു അലൈക്കയാ മുഹമ്മദ്) എന്നു പറയും. താങ്കളുടെ മേൽ 'മരണം' എന്നാണ് അതിന്റെ ഉദ്ദേശ്യം.

10). അല്ലാഹു പറയുന്നു: (ആ രഹസ്യസംസാരം) തന്ത്രം ദുർബലമായിട്ടുള്ള പിശാചിന്റെ ദുഷിച്ച താൽപര്യവും വിശ്വാസികളെ ചതിക്കാനും വഞ്ചിക്കാനുമാണ് വിശ്വാസികളുടെ ശത്രുക്കൾ രഹസ്യഭാഷണം നടത്തുന്നത്. (സത്യവിശ്വാസികളെ ദുഖിപ്പിക്കാൻ വേണ്ടിയാകുന്നു അത്). ഈ കുതന്ത്രങ്ങളുടെ ലക്ഷ്യവും ഉദ്ദേശ്യവും അതാണ്. (എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതവർക്ക് യാതൊരു ഉപദ്രവവും ചെയ്യുന്നതല്ല). ശത്രുക്കൾക്കെതിരെ സഹായിക്കാനും അല്ലാഹു മതിയായവനാണെന്ന് വിശ്വാസികൾക്ക് അല്ലാഹു ഉറപ്പുനൽകുന്നു.

وَلَا يَحِيقُ ٱلْمَكْرُ ٱلسَّيِّئُ إِلَّا بِأَهْلِهِۦ

"ദുഷിച്ച തന്ത്രം അത് പ്രയോഗിച്ചവരിൽ തന്നെയാണ് വന്ന് ഭവിക്കുക" (35:43).


അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും സത്യവിശ്വാസികളുടെയും ശത്രുക്കൾ എത്രതന്നെ ഗൂഢാലോചനകളും തന്ത്രങ്ങളും നടത്തിയാലും അതിന്റെ ദോഷങ്ങളെല്ലാം അവരിലേക്കുതന്നെ മടങ്ങും. അല്ലാഹു നിശ്ചയിച്ചതും വിധിച്ചതുമല്ലാതെ യാതൊരു ദോഷവും വിശ്വാസികൾക്കുണ്ടാവില്ല.

وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ

"അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്"(9:51).

അവനെ അവലംബിക്കുകയും അവന്റെ കരാറിൽ വിശ്വസിക്കുകയും ചെയ്യുക. അവരുടെ ഇഹപര നന്മക്ക് അവൻ എത്രയോ മതി.

11). അല്ലാഹുവിന്റെ അടിമകൾ ഒരുമിച്ചുകൂടുന്ന സദസ്സുകളിൽ പാലിക്കേണ്ട മര്യാദകളാണ് ഇവിടെ അല്ലാഹു പറയുന്നത്. വരുന്നവർക്ക് സദസ്സ് വിശാലമാക്കിക്കൊടുക്കൽ ചിലപ്പോൾ ആവശ്യമായി വരും. അവർക്ക് സദസ്സ് വിശാലമാക്കൽ ഒരു ഇസ്ലാമിക മര്യാദയാണ്. മറ്റുള്ളവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്നതിലൂടെ വിശാലമാക്കുന്നവന് പ്രത്യേകിച്ച് ബുദ്ധിമുട്ട് ഒന്നും ഉണ്ടാകുന്നുമില്ല. തനിക്ക് പ്രയാസമില്ലാതെ തന്റെ സഹോദരന്റെ ആവശ്യം നിറവേറ്റപ്പെടുന്നു. പ്രതിഫലം പ്രവർത്തനത്തിന് സമാനമായതായിരിക്കും. അതായത് ഒരാൾ തന്റെ സഹോദരന് വിശാലത നൽകുമ്പോൾ അവന് അല്ലാഹു വിശാലത നൽകും. (നിങ്ങൾ എഴുന്നേറ്റ് പോകണമെന്ന് പറയപ്പെട്ടാൽ) അതായത് സദസ്സിൽനിന്ന് എഴുന്നേൽക്കാനും അപ്പോഴുണ്ടായ ചില അസൗകര്യങ്ങൾ കാരണം സദസസ്സിൽനിന്ന് വിട്ടുനിൽക്കാനും പറഞ്ഞാൽ. (നിങ്ങൾ എഴുന്നേറ്റ് പോകണം) ആ നന്മ നടപ്പിലാക്കാൻ വേണ്ടി നിങ്ങൾ എഴുന്നേറ്റു പോകാൻ തയ്യാറാകണം. ഇത്തരം സന്ദർഭങ്ങളിൽ എഴുന്നേൽക്കുന്നത് അറിവിന്റെയും വിശ്വാസത്തിന്റെയും ഭാഗമാണ്. ഓരോരുത്തർക്കുമുള്ള സവിശേഷമായ അറിവിന്റെ കണക്കനുസരിച്ച് അല്ലാഹു അറിവുള്ളവർക്കും വിശ്വാസമുള്ളവർക്കും പദവികൾ ഉയർത്തിക്കൊടുക്കും. (അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു) എല്ലാ പ്രവർത്തനങ്ങൾക്കും അനുസരിച്ച് പ്രതിഫലം അല്ലാഹു നൽകുന്നു. നന്മക്ക് നന്മയും തിന്മക്ക് തിന്മയും. വിജ്ഞാനത്തിന്റെ മഹത്ത്വത്തെക്കുറിച്ച് ഈ വചനത്തിൽ സൂചനയുണ്ട്. വിജ്ഞാനത്തിന്റെ ഭംഗിയും ഫലവുമെന്നത് അതുമൂലം സംസ്കാരമുള്ളവരാവുകയും അതിന്റെ താൽപര്യമനുസരിച്ച് പ്രവർത്തിക്കലുമാണ്.



12). റസൂലുമായി രഹസ്യ സംഭാഷണം നടത്തുന്നതിന്റെ മുമ്പായി എന്തെങ്കിലുമൊന്ന് ദാനമായി നൽകാൻ സത്യവിശ്വാസികളോട് അല്ലാഹു കൽപിക്കുന്നു. അത് റസൂലിനോടുള്ള ബഹുമാനവും അവർ പാലിക്കേണ്ട ഒരു പാഠവും മര്യാദയുമാണ്. തീർച്ചയായും ഈ ബഹുമാനം വിശ്വാസികൾക്ക് ഗുണകരവും ഏറെ പരിശുദ്ധി നൽകുന്നതുമാണ്. അതായത് അവരുടെ നന്മയും പ്രതിഫലവും വർധിക്കാൻ അത് കാരണമാകുന്നു. മാലിന്യങ്ങളിൽനിന്ന് പരിശുദ്ധി പ്രാപിക്കാനും അതവരെ സഹായിക്കുന്നു. പ്രവാചകനുമായി പ്രയോജനകരമല്ലാത്ത രഹസ്യഭാഷണങ്ങൾ വർധിപ്പിക്കാതിരിക്കലും പ്രവാചകനെ ബഹുമാനിക്കാതിരിക്കലുമെല്ലാം ഈ മാലിന്യങ്ങളിൽപെട്ടതാണ്. രഹസ്യ സംഭാഷണത്തിനുമുമ്പ് എന്തെങ്കിലും ദാനമായി നൽകണമെന്ന് നിർദേശിച്ചാൽ നന്മയിലും വിജ്ഞാനത്തിലുമുള്ള താൽപര്യത്തിന്റെ അളവ് നിർണയിക്കാൻ ഇതൊരു മാനദണ്ഡമായിത്തീരും. അത്തരം ആളുകൾക്ക് ദാനം നൽകൽ ഒരു പ്രശ്നമാവില്ല. നന്മയിൽ താൽപര്യമില്ലാത്തവന്റെ ഉദ്ദേശ്യം സംസാരം അധികരിപ്പിക്കുക എന്നതു മാത്രമായിരിക്കും. ഇങ്ങനെ റസൂലിന്റെമേൽ ബുദ്ധിമുട്ടുണ്ടാക്കുന്നവരിൽനിന്ന് അത് തടയും. ദാനം നൽകാൻ കൈവശമുള്ളവർക്കുള്ളതാണിത്. എന്നാൽ അതില്ലാത്തവർക്ക് അല്ലാഹു പ്രയാസമുണ്ടാക്കില്ല. അവന് വിട്ടുവീഴ്ച നൽകുകയും യാതൊരു ദാനവും നൽകാതെ തന്നെ അവർക്ക് സ്വകാര്യ സംഭാഷണത്തിന് അനുമതി നൽകുകയും ചെയ്തു.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവർ സ്റ്റോറി




# കമ്പോളങ്ങളിൽനിന്ന് അകറ്റപ്പെടുന്ന കർഷകർ

**കേന്ദ്ര സർക്കാർ പാസാക്കിയ കാർഷിക ബിൽ വ്യാപകമായ പ്രതിഷേധങ്ങൾ ക്ഷണിച്ചുവരുത്തിയിരിക്കുകയാണ്. പുതിയ നിയമത്തിലൂടെ കമ്പോളത്തിൽ നിന്ന് കർഷകർ എടുത്തുമാറ്റപ്പെടുകയും കുത്തക മുതലാളിമാർ രംഗപ്രവേശം ചെയ്യുകയുമാണുണ്ടാവുക എന്ന വാദം ശരി വെക്കുന്നതാണ് അതുമായി ബന്ധപ്പെട്ട തുടർനടപടികൾ.**

കർഷകരുടെ സമരം മുന്നേറിക്കൊണ്ടിരിക്കുകതന്നെയാണ്. പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും മർദനങ്ങൾക്കുമൊന്നും തങ്ങളെ തടയാനാവില്ലെന്ന് അവർ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. തങ്ങൾക്ക് ഒട്ടും ഗുണകരമല്ല; തങ്ങളുടെ നിലനിൽപിനെത്തന്നെ ബാധിക്കുന്ന പ്രശ്നമാണ് എന്ന പൂർണമായ ബോധ്യമാണ് പ്രതികൂലമായ കാലാവസ്ഥയും ഭരണകൂടത്തിന്റെ എതിർപ്പുകളും തരണം ചെയ്ത് സമരരംഗത്ത് ഉറച്ചുനിൽക്കാൻ അവരെ നിർബന്ധിതരാക്കുന്നത്.

കേന്ദ്രസർക്കാരിനെതിരെ കർഷകരെ പ്രതിഷേധത്തിന് പ്രേരിപ്പിക്കുന്നത് ലോക്സഭയിൽ പാസാക്കിയ 'കാർഷികവിള വിപണന വാണിജ്യ (പ്രോത്സാഹനവും നടപ്പാക്കലും) ബിൽ 2020,' 'വില ഉറപ്പാക്കുന്നതിനും കാർഷിക സേവനങ്ങൾക്കുമുള്ള കാർഷിക (ശാക്തീകരണ, സംരക്ഷണ) കരാർ 2020' എന്നീ ബില്ലുകളാണ്. 2020ൽ തന്നെ ഇതേ വിഷയത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന രണ്ട് ഓർഡിനൻസുകൾക്ക് പകരമാണ് പുതിയ ബില്ലുകൾ. കർഷകരുടെ അഭിവൃദ്ധിയ്ക്കു വേണ്ടിയാണ് പുതിയ ബില്ലുകൾ പാസാക്കുന്നതെന്നാണ് കൃഷിമന്ത്രി നരേന്ദ്ര സിങ് തോമാർ സഭയെ അറിയിച്ചത്. വിളകളുടെ താങ്ങുവില അടക്കമുള്ളവയെ ഇത് ബാധിക്കില്ലെന്നാണ് മന്ത്രി ഇപ്പോഴും ആവർത്തിച്ചു പറയുന്നത്.


കാർഷിക വിളകൾക്ക് മികച്ച വില ഉറപ്പാക്കാനും ചൂഷണം ഒഴിവാക്കാനും സഹായിക്കുന്നതാണ് പുതിയ ബില്ലുകൾ എന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. കാർഷികവിളകൾ വിൽക്കാനുള്ള ചന്തകൾക്ക് പുറമെ, നിലവിലുള്ള സംവിധാനത്തിന് ഭീഷണിയില്ലാതെ തന്നെ വിളകൾ വിൽക്കാൻ സ്വാതന്ത്ര്യം നൽകുന്നതാണ് കാർഷിക വിള വിപണന വാണിജ്യ (പ്രോത്സാഹനവും നടപ്പാക്കലും) ബിൽ 2020 എന്നും കർഷകർക്ക് വിളകൾ വാങ്ങുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാൻ സ്വാതന്ത്ര്യം നൽകുന്നതാണ് രണ്ടാമത്തെ ബിൽ എന്നുമാണ് വിശദീകരണം. ഉത്പാദനം മെച്ചപ്പെടുത്താൻ കൂടുതൽ മാർഗങ്ങൾ സ്വീകരിക്കാനോ വിളകൾക്ക് മികച്ചവില ലഭിക്കാനായി വിലപേശാനോ ശേഷിയില്ലാത്ത 86 ശതമാനത്തോളം വരുന്ന ചെറുകിട കർഷകരെ സഹായിക്കുന്നതാണ് പുതിയ ബിൽ എന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്.

### പ്രതിഷേധം എന്തുകൊണ്ട്?

കർഷകർ ഉത്പാദിപ്പിക്കുന്ന വിളകൾ 'ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ' സംഭരിക്കുകയും അവ പൊതുവിതരണസംവിധാനം വഴി വിതരണം ചെയ്യുകയുമായിരുന്നു ഇതുവരെയുണ്ടായിരുന്ന രീതി. എന്നാൽ പുതിയ ബില്ലുകളുടെ വരവോടെ ഈ സംവിധാനം അവസാനിക്കുമെന്നതാണ് ഉയരുന്ന ഒരു ആരോപണം. കാർഷികവിള വിപണന സമിതികളുടെ പരമ്പരാഗത ചന്തകൾക്കു പുറത്ത് വിപണനം നടത്താനും സംസ്ഥാനാന്തര ഇടപാടുകൾ നടത്താനും കർഷകർക്ക് സ്വാതന്ത്ര്യം നൽകുന്നതാണ് പുതിയ ബിൽ എന്നാണ് സർക്കാർ പറയുന്നതെങ്കിലും പതിറ്റാണ്ടുകളായി നിലവിലുള്ള താങ്ങുവില ഇല്ലാതാകുമെന്നതാണ് കർഷക സംഘടനകളുടെ ആശങ്ക. വിളകളുടെ ഉത്പാദനം ആരംഭിക്കുന്നതിനു മുമ്പുതന്നെ വിളകൾ വാങ്ങുന്ന സ്വകാര്യ കമ്പനികളുമായി കരാറിൽ ഏർപ്പെടാനും വില നിശ്ചയിക്കാനും പുതിയ ബിൽ കർഷകർക്ക് സ്വാതന്ത്ര്യം നൽകുന്നുണ്ട്. എന്നാൽ ഈ കർഷക, കോർപ്പറേറ്റ് കൂട്ടായ്മ പല രാജ്യങ്ങളും നിയമമാക്കിയതും ജനരോഷം കൊണ്ട് പിൻവലിച്ചതുമാണ് എന്ന അനുഭവപാഠം കർഷകർക്കുമുമ്പിലുണ്ട്.

കാർഷികവിളകളുടെ വില സംബന്ധിച്ച ചൂഷണത്തിൽനിന്ന് കർഷകരെ സംരക്ഷിക്കുമെന്നാണ് പ്രൈസ് അഷ്വറൻസ് ബില്ലിലെ വാഗ്ദാനമെങ്കിലും വില ഉറപ്പാക്കാനുള്ള സംവിധാനത്തെപ്പറ്റി ബില്ലിൽ പരാമർശമില്ലെന്നാണ് കർഷകർ പറയുന്നത്. ഇത് കർഷകരെ ചൂഷണം ചെയ്യാൻ കോർപ്പറേറ്റ് കമ്പനികളെ പ്രേരിപ്പിക്കുമെന്നാണ് പ്രതിപക്ഷ സംഘടനകളും ആരോപിക്കുന്നത്. രാജ്യത്ത് കോഴിവളർത്തൽ, കരിമ്പുകൃഷി തുടങ്ങിയ മേഖലകളിൽ ഇതിനോടകം തന്നെ കോൺട്രാക്ട് ഫാമിങ് രീതി നിലവിലുണ്ടെങ്കിലും അസംഘടിത മേഖലയിലെ കർഷകർക്ക് സ്വകാര്യ കമ്പനികളുമായി നിയമയുദ്ധം നടത്താനുള്ള ശേഷിയുണ്ടാകില്ലെന്നും വിലയിരുത്തപ്പെടുന്നു.

> **കാർഷിക വിളകൾക്ക് മികച്ച വില ഉറപ്പാക്കാനും ചൂഷണം ഒഴിവാക്കാനും സഹായിക്കുന്നതാണ് പുതിയ ബില്ലുകൾ എന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. കാർഷികവിളകൾ വിൽക്കാനുള്ള ചന്തകൾക്ക് പുറമെ, നിലവിലുള്ള സംവിധാനത്തിന് ഭീഷണിയില്ലാതെ തന്നെ വിളകൾ വിൽക്കാൻ സ്വാതന്ത്ര്യം നൽകുന്നതാണ് കാർഷിക വിള വിപണന വാണിജ്യ ബിൽ 2020 എന്നും കർഷകർക്ക് വിളകൾ വാങ്ങുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാൻ സ്വാതന്ത്ര്യം നൽകുന്നതാണ് രണ്ടാമത്തെ ബിൽ എന്നുമാണ് വിശദീകരണം. ഉത്പാദനം മെച്ചപ്പെടുത്താൻ കൂടുതൽ മാർഗങ്ങൾ സ്വീകരിക്കാനോ വിളകൾക്ക് മികച്ചവില ലഭിക്കാനായി വിലപേശാനോ ശേഷിയില്ലാത്ത 86 ശതമാനത്തോളം വരുന്ന ചെറുകിട കർഷകരെ സഹായിക്കുന്നതാണ് പുതിയ ബിൽ എന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്.**



ബി.ജെ.പിയുടെ ദീർഘകാല സഖ്യകക്ഷിയും പഞ്ചാബിലെ പ്രബലകക്ഷിയുമായ അകാലിദൾ ബില്ലിനെതിരാണ്. ബില്ലിൽ പ്രതിഷേധിച്ച് കോൺഗ്രസ് അടക്കമുള്ള മിക്ക പ്രതിപക്ഷ പാർട്ടികളും രംഗത്തുണ്ട്. ബില്ലിനെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കണമെന്നാണ് പാർട്ടി എംപിമാർക്ക് തെലങ്കാന മുഖ്യമന്ത്രി ടി. ചന്ദ്രശേഖര റാവു നൽകിയിരിക്കുന്ന നിർദേശം. ശിരോമണി അകാലിദളിന്റെ കേന്ദ്രമന്ത്രിയുടെ രാജിയും പ്രതിഷേധവും ഈ വിഷയത്തിൽ മുന്നണിയിൽ തന്നെ അഭിപ്രായവ്യത്യാസമുണ്ടെന്നാണ് വ്യക്തമാക്കുന്നത്. പ്രതിപക്ഷ കക്ഷികളുടെ ശക്തമായ എതിർപ്പിനെ വകവെക്കാതെ ബില്ലുകൾ രാജ്യസഭയിൽ ചർച്ച കൂടാതെ പാസാക്കിയത് സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയിൽ സംശയമുണ്ടാക്കുന്നതാണ്.

പരിസ്ഥിതിപ്രവർത്തകനും എഴുത്തുകാരനുമായ കെ. സഹദേവൻ, ഡോ. പി. സ്മിത എന്നിവരുടെ 'കാർഷികനിയമ ഭേദഗതികൾ,കർഷകർക്കുള്ള മരണവാറണ്ട്' എന്ന പുസ്തകത്തിൽ എഴുതുന്നു:

"പുതിയ നിയമഭേദഗതികളെ ചരിത്രപരമായ നീക്കം എന്ന് പ്രധാനമന്ത്രി തന്നെ വിശേഷിപ്പിച്ചിരിക്കുന്നല്ലോ. പിന്നെന്തിനാണ് തർക്കം?"

"ചരിത്രപരമായ നീക്കംതന്നെയാണ്. കാരണം, സംസ്ഥാനവിഷയമായ കൃഷിമേഖലയിലെ നിയമനിർമാണത്തിനുമുമ്പ് സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചനകളൊന്നും നടക്കാതെയുള്ള ഈ നിയമഭേദഗതി രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന രീതിയിലുള്ള, ചരിത്രത്തിലെ ഏറ്റവും ദുഷിച്ച നീക്കംതന്നെയാണ്. രണ്ടാമത്, കർഷകർക്ക് വളരെയേറെ നേട്ടമുണ്ടാക്കുമെന്ന് പറയപ്പെടുന്ന ഈയൊരു ഭേദഗതികളെ സബന്ധിച്ച് പാർലമെന്റിൽ ചർച്ചകൂടാതെ, കോവിഡ് കാലത്ത് 4 ദിവസത്തിനുള്ളിൽ പാസാക്കിയെടുക്കേണ്ട അവസ്ഥ എങ്ങനെ സംജാതമായി എന്നതിനെക്കുറിച്ച് ഭരണകർത്താക്കൾ എന്തുകൊണ്ട് മൗനംപാലിക്കുന്നുവെന്ന് ചോദിക്കേണ്ടിയിരിക്കുന്നു."

"മിനിമം സഹായവില അല്ലെങ്കിൽ താങ്ങുവിലയെ സംബന്ധിച്ച് ചില തൽപരകക്ഷികൾ കർഷകരെ തെറ്റിദ്ധരിപ്പിക്കുകയാണ് എന്നാണ് പ്രധാനമന്ത്രി പറയുന്നത്. എന്താണ് വാസ്തവം?"

"രാജ്യത്തെവിടെയും സ്വകാര്യവിപണിയായാലും സർക്കാർ ചന്തകളായാലും മിനിമം സഹായവില ലഭ്യമാകുന്ന വിധത്തിൽ നിയമപരമായ അവകാശം ഉറപ്പുവരുത്തുക എന്നതാണ് കർഷകർക്കുവേണ്ടി ചെയ്യേണ്ടുന്ന കാര്യം. പുതിയ നിയമത്തിൽ അത്തരത്തിൽ ഒരു ഉറപ്പും നൽകുന്നില്ല എന്നതാണ് സത്യം. പുതിയനിയമത്തിൽ പേരിൽ പ്രൈസ് അഷ്വറൻസ് എന്ന് വെറുതെ എഴുതിവെച്ചതല്ലാതെ ഇക്കാര്യത്തിൽ ഒരു നിയമപരിരക്ഷയും കർഷകർക്ക് ലഭ്യമാകുന്നില്ല. കാർഷിക ഉൽപന്നങ്ങൾക്ക് മിനിമം സഹായവില ലഭ്യമാക്കണമെന്ന് കർഷകർ ദീർഘകാലമായി ആവശ്യപ്പെടുന്നതാണ്. നിലവിൽ 23 വിളകൾക്ക് മാത്രമെ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളൂ. ബാക്കിയുള്ള കാർഷികവിളകൾക്കുകൂടി അവ ലഭ്യമാക്കേണ്ടതുണ്ട് എന്ന കർഷകരുടെ ആവശ്യത്തെ സർക്കാർ പരിഗണിച്ചിട്ടില്ല. യഥാർഥത്തിൽ കാർഷികോൽപന്ന വിപണികമ്മിറ്റികളെ അപ്രസക്തമാക്കുന്ന പുതിയ നിയമത്തിലൂടെ കർഷകരെ ചൂഷണത്തിനായി എറിഞ്ഞുകൊടുക്കുകയാണ് ചെയ്യുന്നത്."

### വികസിത രാജ്യങ്ങളിലെ അവസ്ഥ

അമേരിക്കയിലും യൂറോപ്പിലും മറ്റു വ്യവസായവൽകൃത രാജ്യങ്ങളിലും കർഷകർക്ക് വമ്പിച്ച സബ്സിഡി ലഭിക്കുന്നുണ്ട്. ഇവിടങ്ങളിലെ കർഷകരാകട്ടെ വിദ്യാഭ്യാസമുള്ളവരും ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം ലഭിക്കുന്നവരുമാണ്. ചില്ലറ വ്യാപാര സൂപ്പർമാർക്കറ്റുകളുമായി ബന്ധമുള്ള ഇവർക്ക് ഉപഭോക്തൃവിലയുടെ ഒരു ഉയർന്ന പങ്കരസ്ഥമാക്കാനും സാധിക്കുന്നു. എന്നിട്ടുപോലും ഈ രാജ്യങ്ങളിലെ കർഷകർ കൂട്ടത്തോടെ കൃഷിയിൽനിന്ന് വിട്ടുനിൽക്കുന്ന സാഹചര്യമാണുള്ളത്.

വികസിത രാജ്യങ്ങളിലെ കൃഷിരീതികളിലേക്കുള്ള മാറ്റം ഇന്ത്യയിലെ കർഷകരെ രക്ഷിക്കുമെന്ന മൗഢ്യധാരണയാണ് നമ്മുടെ ഭരണാധികാരികൾക്കുള്ളത്. പഴയരീതിയിലുള്ള കൃഷിസമ്പ്രദായത്തോട് വിടപറയാൻ ഇന്ത്യയിലെ നയരൂപീകരണ വിദഗ്ധരും അഗ്രി ബിസിനസ് കമ്പനികളും കർഷകരെ ഉപദേശിക്കുന്ന തിരക്കിലാണ്. ഈ പുതിയ കൃഷിരീതികൾ അമേരിക്കയിൽ പോലും വിജയിച്ചിട്ടില്ല എന്നതാണ് വസ്തുത. അവിടെ കൃഷിപ്പണി അഗ്രി ബിസിനസ് കോർപറേറ്റുകളുടെ പിടിയിൽ അമർന്നുകഴിഞ്ഞിട്ടുണ്ട്. കൃഷിയെക്കുറിച്ച് അമേരിക്ക സംസാരിക്കുമ്പോൾ അത് യഥാർഥത്തിൽ കോർപ്പറേറ്റുകളെയും മെഷീനുകളെയും കുറിച്ചുള്ള സംസാരമാണ്.

വ്യാവസായിക കൃഷിസമ്പ്രദായം സൂപ്പർമാർക്കറ്റുകളുമായി കൂട്ടിയിണക്കിയപ്പോൾ അമേരിക്കയിൽ മധ്യവർത്തികൾ പടർന്നുകയറി. ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥർ അടക്കമുള്ളവർ മധ്യവർത്തി വിഭാഗത്തിന്റെ ഉയർച്ചക്കു വേണ്ടിയാണ് അവിടെ നിലകൊള്ളുന്നത്.

വാൾമാർട്ട്, റിലയൻസ് തുടങ്ങിയ ആഗോള റീട്ടെയിലർമാരുടെ കടന്നുവരവ് ഇന്ത്യയിലെ മധ്യവർത്തികൾക്ക് ലാഭം വർധിക്കാനാണ് കാരണമായത്; കർഷകർക്കല്ല. അമേരിക്കയിലെ കർഷകർ പാപ്പരാകാൻ കാരണമായ രീതി സ്വീകരിച്ചുകൊണ്ട് ഇന്ത്യയിലെ കർഷകർ കരകയറുമെന്ന് പറയുന്നതിലെ യുക്തി തിരിച്ചറിയാൻ അൽപം പ്രയാസമുണ്ട്.

കാർഷിക മേഖലയിലെ സർക്കാർ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞതിന് ശേഷം വൻകിട സ്വകാര്യ കമ്പനികളെ ആ മേഖലയിലേക്ക് ക്ഷണിച്ചുകൊണ്ടുവന്ന ഏത് രാജ്യത്തെയും കർഷകരുടെ അവസ്ഥ പരിതാപകരമാണെന്നതിന് നിരവധി തെളിവുകൾ നമ്മുടെ മുന്നിലുണ്ട്.

1960 മുതൽ കാർഷിക മേഖലയിലെ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞ അമേരിക്ക, ഫ്രാൻസ് തുടങ്ങിയ വികസിത രാജ്യങ്ങളിലെ കർഷകരുടെ അവസ്ഥ തന്നെ ഉദാഹരണം. ഈ രണ്ട് രാജ്യങ്ങളിലും കർഷക ആത്മഹത്യ ഗണ്യമായതോതിൽ ഉയർന്നതിനുപിന്നിലെ കാരണം മറ്റൊന്നുമല്ല. അമേരിക്കയിലെ കർഷകരുടെ വരുമാനം 1960ന് ശേഷം താഴോട്ടാണ് എന്ന് കണക്കുകൾ പറയുന്നു.

സമ്പന്ന രാജ്യങ്ങളിലെയും വ്യവസായവൽകൃത രാജ്യങ്ങളിലെയും കർഷകരെ കമ്പോളം കൈവിട്ടിരിക്കുന്നു. പുതിയ കാർഷികനയം വഴി ഇന്ത്യയിലും ഇതാണ് സംഭവിക്കാൻ പോകുന്നത്. പാർശ്വവത്കരിക്കപ്പെട്ടുകഴിഞ്ഞ കർഷകരിൽനിന്ന് തട്ടിയെടുക്കാൻ ഇനിയെന്താണ് ബാക്കിയുണ്ടാവുക എന്നാണ് ചോദിക്കാനുള്ളത്.

### കോളനിവാഴ്ചക്കാലത്തെ ചൂഷണനയം

ദേശീയ രാഷ്ട്രീയം, പ്രാദേശിക രാഷ്ട്രീയം, ജാതിരാഷ്ട്രീയം, മതരാഷ്ട്രീയം, ഭാഷാരാഷ്ട്രീയം തുടങ്ങിയ പലതരം രാഷ്ട്രീയം നമ്മുടെ രാജ്യത്തുണ്ട്. ഇല്ലാത്തത് കാർഷിക രാഷ്ട്രീയമാണ്. കർഷകരുടെ ഭാവിയെ സംബന്ധിച്ചുള്ള ഉത്കണ്ഠ പരിഹരിക്കാൻ മാത്രം ഒരു രാഷ്ട്രീയവുമില്ല. മൂലധനം കുന്നുകൂടുന്നതിനുവേണ്ടി അസംസ്കൃത പദാർഥങ്ങൾ ചൂഷണം ചെയ്യുകയെന്ന കോളനിവാഴ്ചക്കാലത്തെ ചൂഷണനയം സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും നിലനിൽക്കുന്നു എന്നതാണ് വസ്തുത.

ഭക്ഷ്യധാന്യങ്ങളുടെയും മറ്റു കാർഷികോൽപന്നങ്ങളുടെയും വിലയിടിവു മൂലം കർഷകർ ആത്മഹത്യ ചെയ്യുമ്പോൾ എല്ലാ ഉപഭോഗവസ്തുക്കളുടെയും വില കുതിച്ചുയരുകയാണ് എന്നത് വിരോധാഭാസമല്ലേ? കർഷക ആത്മഹത്യ കേരളത്തിലും നടക്കുന്നുണ്ട്. യഥേഷ്ടം ജലസേചന സൗകര്യമുള്ള പഞ്ചാബിൽ പോലും കർഷകർ ആത്മഹത്യചെയ്യുന്ന സാഹചര്യം സംജാതമായിട്ടുള്ള സാഹചര്യത്തിലാണ് സർക്കാരിന്റെ പുതിയ കാർഷികബിൽ തലക്കേറ്റ പ്രഹരമായി കടന്നുവന്നിരിക്കുന്നത്. ഉൽപാദനച്ചെലവും ജീവിതച്ചെലവും വർധിക്കുകയും ഉൽപന്നങ്ങൾക്ക് വിലകിട്ടാതിരിക്കുകയും ചെയ്താൽ കർഷർ എന്തുചെയ്യും? ഭാവിയിൽ കാർഷികവൃത്തി ഉപജീവനാർഥം സ്വീകരിക്കാൻ ആരാണു തയ്യാറാവുക?

> **“വാൾമാർട്ട്, റിലയൻസ് തുടങ്ങിയ ആഗോള റീട്ടെയിലർമാരുടെ കടന്നുവരവ് ഇന്ത്യയിലെ മധ്യവർത്തികൾക്ക് ലാഭം വർധിക്കാനാണ് കാരണമായത്; കർഷകർക്കല്ല. അമേരിക്കയിലെ കർഷകർ പാപ്പരാകാൻ കാരണമായ രീതി സ്വീകരിച്ചുകൊണ്ട് ഇന്ത്യയിൽലെ കർഷകർ കരകയറുമെന്ന് പറയുന്നതിലെ യുക്തി തിരിച്ചറിയാൻ അൽപം പ്രയാസമുണ്ട്.”**

കൃഷി ഒരു സംസ്ഥാന വിഷയമാണ്. അതുകൊണ്ടുതന്നെ സംസ്ഥാനങ്ങളുടെ അഭിപ്രായമാരായാതെ ഒരു കാർഷിക നയം കൊണ്ടുവരുന്നത് ശരിയായ നടപടിയല്ല. വിളകളുടെ വില നിശ്ചയിക്കുന്നതും ഇറക്കുമതി തീരുമാനിക്കുന്നതും കയറ്റുമതി നടത്തുന്നതും അടങ്ങിയ എല്ലാ കാര്യങ്ങളിലും തീരുമാനം കൈക്കൊള്ളുന്നത് കേന്ദ്രസർക്കാരാണ്. ഈ സമീപനം കർഷകർക്ക് ഗുണകരമല്ല.

ലോകത്ത് കർഷകർക്ക് ഏറ്റവുമധികം സബ്സിഡി ലഭിക്കുന്നത് യൂറോപ്പിലാണ്. അവിടെ കൃഷിപ്പണിയിൽ പ്രവേശിക്കുന്നവർക്കെല്ലാം സബ്സിഡി കിട്ടും. ഒരു കർഷകന് അയാളുടെ കൃഷിഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് സബ്സിഡി ലഭിക്കുക. പശു, പന്നി, കുതിരകൾ എന്നിവയെ സംരക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിലും സബ്സിഡിയുണ്ട്. കാർഷികോൽപന്നങ്ങൾക്കുവേണ്ടി സബ്സിഡിയുടെ അടിസ്ഥാനത്തിൽ വായ്പ നൽകപ്പെടുന്നുണ്ട്. ഇവ പിന്നീട് എഴുതിത്തള്ളുകയാണ് പതിവ്. വേലിയുടെ പ്രയോജനത്തിന് വച്ചുപിടിപ്പിക്കുന്ന കുറ്റിച്ചെടികൾക്കുപോലും കർഷകർക്ക് സബ്സിഡി കിട്ടും. ഇത്രയൊന്നും ഉദാരമായ സഹായം നമ്മുടെ കർഷകർ ചോദിക്കുന്നില്ല. തികച്ചും ന്യായമായ, സർക്കാരിന് അനുവദിച്ചുകൊടുക്കാൻ സാധിക്കുന്ന സഹായം മാത്രമാണ് അവർ ചോദിക്കുന്നത്. രാജ്യം കണ്ട ഏറ്റവും വലിയ കർഷകസമരത്തിനു മുന്നിൽ മുട്ടുമടക്കാൻ സർക്കാർ തയ്യാറാകാത്തത് കോർപറേറ്റ് ഭീമൻമാരുടെ കണ്ണുരുട്ടലിൽ ഭയന്നു കൊണ്ടാണെന്നതിൽ സംശയമില്ല.

കർഷകർ കാലങ്ങളായി ഉന്നയിക്കുന്ന ആവശ്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1) ഉത്പാദനച്ചെലവ് (വിത്ത്, വളം, കുടുംബത്തിന്റെതടക്കമുള്ള കൃഷിയിലെ അധ്വാനം) ഭൂമിയുടെ പാട്ടം എന്നിവയോടൊപ്പം ഉത്പാദനച്ചെലവിന്റെ 75 ശതമാനം ചേർത്തുകൊണ്ട് എല്ലാ കാർഷിക ഉത്പന്നങ്ങൾക്കും മിനിമം സഹായവില പ്രഖ്യാപിക്കുക. മിനിമം സഹായവില നിയമപ്രകാരമുള്ള അവകാശമാണെന്ന് ഉറപ്പുവരുത്തുക

2 സർക്കാർ ചന്തകൾ, സംഭരണകേന്ദ്രങ്ങൾ എന്നിവയുടെ എണ്ണം വർധിപ്പിക്കുക. ഇന്ന് രാജ്യമെമ്പാടുമായി 22,000 നെല്ല് സംഭരണകേന്ദ്രങ്ങളും 44,000 ഗോതമ്പ് സംഭരണകേന്ദ്രങ്ങളുമാണുള്ളത്. കഴിഞ്ഞ ഒരു പതിറ്റാണ്ടായി പുതിയ സംഭരണകേന്ദ്രങ്ങൾ നിർമിച്ചിട്ടില്ല. ഇന്ത്യയിലെ കാർഷിക ഉത്പന്നങ്ങൾ പൂർണമായും സംഭരിക്കൻ ശേഷിയുള്ളത്ര സംഭരണകേന്ദ്രങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

3. സബ്സിഡികൾ, സൗജന്യങ്ങൾ എന്നിവ കർഷകർക്ക് നേരിട്ടു ലഭിക്കുന്ന വിധത്തിൽ നിയമനിർമാണം നടത്തുക. നിലവിൽ രാസവള, കീടനാശിനി കമ്പനികൾക്കാണ് അത് ചെല്ലുന്നത്. ഈ അവസ്ഥ മാറേണ്ടതുണ്ട്.

4. കാർഷിക കടങ്ങൾ എഴുതിത്തള്ളുമ്പോൾ ചെറുകിട കർഷകർക്ക് അതിന്റെ നേട്ടം ലഭ്യമാകുന്ന വിധത്തിൽ നിയമനടപടികൾ സ്വീകരിക്കുക. നിലവിൽ എഴുതിത്തള്ളുന്ന കാർഷിക കടങ്ങളുടെ യഥാർഥ ഗുണഭോക്താക്കൾ വൻകിട കൃഷിക്കാർ മാത്രമാണ്. ഇന്ത്യയിലെ ഏതാണ്ട് 85 ശതമാനം കർഷകരും ചെറുകിട കർഷകരാണ്. അതായത് അഞ്ചേക്കിറൽ താഴെ മാത്രം ഭൂമിയുള്ളവർ. കൃത്യമായ ഭൂരേഖകൾ കൈവശമില്ലാത്തതിന്റെ പേരിൽ വട്ടിപ്പലിശക്കാരെയാണ് കടം വാങ്ങുന്നതിനായി ഇവർ സമീപിക്കുന്നത്. പൊതുമേഖ സ്ഥാപനങ്ങൾവഴി കടാശ്വാസം അനുവദിക്കുമ്പോൾ ബഹുഭൂരിപക്ഷം കർഷകർക്കും അതിന്റെ നേട്ടം ലഭിക്കാത്തതിന്റെ കാരണമിതാണ്.

5. കൃഷിഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച്, കർഷകർക്ക് കൈവശാവകാശ രേഖ ലഭ്യമാക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക. ഭൂമിയുടെ കൈവശാവകാശരേഖ സംബന്ധിച്ച തർക്കങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യൻ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ലക്ഷക്കണക്കാണ്. ഇന്ത്യയിലെ മുഴുവൻ കോടതികളും അടുത്ത പത്ത് വർഷക്കാലം ഇരുപത്തിനാല് മമണിക്കൂർ ചെലവഴിച്ച് പണിയെടുത്താൽ പോലും ഈ തർക്കങ്ങളിൽ പരിഹാരമുണ്ടാക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കാൻ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും കർഷകർക്ക് ഭൂമിയിന്മേലുള്ള അവകാശം ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമായ സംഗതിയാണ്.

6 വനാവകാശ നിയമം നടപ്പിലാക്കുക. 2005ൽ പാസാക്കിയ വനാവകാശ നിയമത്തിന്റെ നേട്ടം ഒന്നരപ്പതിറ്റാണ്ടിന് ശേഷവും നാലുശതമാനം ആദിവാസികൾക്ക് മാത്രമെ ലഭ്യമായിട്ടുള്ളൂ. ഇത് വനമേഖലയിലെ ആദിവാസി കർഷകരെ സംബന്ധിച്ചിടത്തോളം വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്.

ഹാഷിം കാക്കയങ്ങാട്
hashimvampan@gmail.com

ലേഖനം




# ഹലാൽ ഭക്ഷണത്തിന്റെ പേരിൽ പുകിലുണ്ടാക്കുന്നവരോട്

ഹലാൽ ബോർഡ് വെച്ച ബേക്കറി പൂട്ടാൻ സംഘ്പരിവാറുകാർ താക്കീത് നൽകിയ വാർത്ത കണ്ടു. ഈയിടെയായി ഹലാൽ ഭക്ഷണമാണ് സോഷ്യൽ മീഡിയയിലെങ്ങും ചർച്ചാവിഷയം. 'ലൗ ജിഹാദ്' പോലെ (അങ്ങനെയൊരു സംഭവമേ ഇല്ലെന്നാണ് അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞതും കോടതി വ്യക്തമാക്കിയതും എന്നത് വേറെ ക്കാര്യം) കേരളത്തിൽ 'ഹലാൽ ജിഹാദും' പിടിമുറുക്കുന്നുവെന്ന് പറഞ്ഞ്, എന്തോ ആപത്ത് വരാനിരിക്കുന്നു എന്ന ഭീതി പരത്തുകയാണ് സംഘ് പരിവാർ സംഘടനകളും ചില ക്രസ്ത്യൻ മിഷണറിമാരും.

**എന്താണ് ഹലാൽ?**

'ഹലാൽ' എന്ന അറബി വാക്കിന്റെ അർഥം 'അനുവദനീയമായത്' എന്നാണ്. മതപരമായ വിധി വിലക്കുകൾ എടുത്ത് പരിശോധിച്ചാൽ ഹലാൽ, ഹറാം, വാജിബ്, സുന്നത്ത് എന്നിങ്ങനെ വിവിധ പദപ്രയോഗങ്ങൾ കാണാം. ഇതൊക്കെയും വിശ്വാസികളെ മാത്രം ബാധിക്കുന്ന വിധികളാണെന്നാണ് ഒന്നാമതായി മനസ്സിലാക്കേണ്ടത്.

ഹലാൽ = അനുവദിക്കപ്പെട്ടത്.

ഹറാം = നിഷിദ്ധമായത്.

ഹറാം എന്നതിന്റെ നേർ വിപരീതമാണ് ഹലാൽ.

ഒരു വിശ്വാസിക്ക് കച്ചവടം ഹലാൽ ആണ്. എന്നാൽ പലിശ ഹറാമാണ്. വിവാഹബന്ധത്തിലൂടെയുള്ള രതി ഹലാലാണ്. എന്നാൽ വ്യഭിചാരം ഹറാമാണ്.

ആഹാരത്തിന്റെ വിഷയത്തിലും ഇസ്‌ലാം ഈ ഹലാൽ, ഹറാം നിയമം നിർണയിച്ചിട്ടുണ്ട്.

വിശുദ്ധ ക്വുർആൻ ഭക്ഷണത്തെക്കുറിച്ച് പറയുന്നത് കാണുക:

"മനുഷ്യരേ, ഭൂമിയിലുള്ളതിൽനിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക..." (2:168).

ഒരു വിശ്വാസി കഴിക്കുന്ന ഭക്ഷണത്തിനുണ്ടാകേണ്ട രണ്ട് നിബന്ധനകളാണിവ. അത് 'ഹലാൽ' അഥവാ അനുവദനീയമാകണം, അതോടൊപ്പം വിശിഷ്ടമായതും ആകണം. ഇതാണ് ക്വുർആനികാധ്യാപനം. അനുവദനീയമെന്ന് അറിയിക്കപ്പെട്ടവയെല്ലാം വിശിഷ്ടമായതാണ്.

നിഷിദ്ധമായ വസ്തുക്കളെ സംബന്ധിച്ച് ക്വുർആൻ പറയുന്നു:

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽനിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കുമുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാകുന്നു..." (ക്വുർആൻ 5:3).

ഇങ്ങനെയുള്ള ഭക്ഷണം ഇവിടെയില്ല എന്നാണ് ഒരു ഹോട്ടലിനു മുന്നിൽ ഹലാൽ ഭക്ഷണം എന്ന് എഴുതിവെച്ചതിന്റെ ഉദ്ദേശ്യം. ഇതിനെ ഹലാൽ ജിഹാദ് എന്നു വിശേഷിപ്പിച്ച് വർഗീയത വളർത്തുന്നവർ ഒന്നുകിൽ വിവരമില്ലാത്തവരാണ്, അല്ലെങ്കിൽ മനസ്സിൽ കടുത്ത വിഷംപേറി നടക്കുന്നവരാണ്.

മാംസാഹാരത്തിന്റെ വിഷയത്തിലും ഇസ്‌ലാം ഈ അതിർവരമ്പ് വെച്ചിട്ടുണ്ട്. ദൈവനാമം ഉച്ചരിച്ച് അറുക്കപ്പെട്ടത് മാത്രമെ ഭക്ഷിക്കാൻ പാടുള്ളൂ എന്നത് അതിൽ പെട്ടതാണ്. പരമാവധി മൂർച്ചയുള്ള ആയുധം ഉപയോഗിച്ച് പെട്ടെന്ന് അറവ് നടത്തുക, ഒരു മൃഗത്തെ അറുക്കുമ്പോൾ മറ്റു മൃഗങ്ങളുടെ മുന്നിൽ വെച്ച് ആകാതിരിക്കുക തുടങ്ങിയ മര്യാദകളും അറവിന്റെ വിഷയത്തിൽ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

ഇതൊരു വർഗീയതയായി ഇതുവരെ ആർക്കും തോന്നിയിട്ടില്ല. ഓരോരുത്തരും അവരവരുടെ വിശ്വാസം അനുസരിച്ചുള്ള ഭക്ഷണക്രമം പാലിക്കുന്നതിൽ എതിർപ്പുണ്ടാകേണ്ട കാര്യമെന്താണുള്ളത്? ശബരിമലയിലേക്ക് പോകാൻ വ്രതമെടുത്ത ഒരാൾ ചില ഭക്ഷണ പദാർഥങ്ങൾ കഴിക്കാറില്ല. അങ്ങനെയുള്ള ഒരാളെ ആരെങ്കിലും നിർബന്ധിച്ച് അത് കഴിപ്പിക്കാറുണ്ടോ? ക്രിസ്ത്യൻ സഹോദരങ്ങളുടെ 40 നോമ്പിനും ചില ഭക്ഷണങ്ങൾ അവർ ഉപേക്ഷിക്കാറുണ്ട്. അതൊക്കെ അവരുടെ വിശ്വാസവും സ്വാതന്ത്ര്യവുമായി വകവെച്ചുകൊടുക്കുന്നുവെന്നിരിക്കെ, എന്തേ ഹലാൽ എന്ന് കേൾക്കുമ്പോഴേക്കും മറ്റെന്തൊക്കെയോ തോന്നിപ്പോകുന്നത്?

ഇനി, വിഷയം ഹോട്ടലുകളിലും മറ്റും ഹലാൽ ബോർഡ് വെക്കുന്നതാണെങ്കിൽ അറിയുക; ആ ബോർഡിലൂടെ ഉദ്ദേശിക്കുന്നത് 'മുസ്‌ലിംകൾക്ക് കഴിക്കൽ അനുവദനീയമായ മാംസാഹാരം ഇവിടെ ലഭ്യമാണ്' എന്നു മാത്രമാണ്. അതല്ലാതെ ഹൈന്ദവർക്കും ക്രൈസ്തവർക്കും ഇവിടെ പ്രവേശനമില്ലെന്നോ അവർക്ക് കഴിക്കാനുള്ള ഭക്ഷണമില്ലെന്നോ അതിനർഥമില്ല. ഇതിലെന്തിന് മറ്റുള്ളവർ ദേഷ്യപ്പെടണം?

ചില ന്യൂജൻ ക്രൈസ്തവ പ്രബോധകരാണ് ഈ ഹലാൽ വിവാദം ഇളക്കിവിട്ടത് എന്നതിനാൽ ഭക്ഷണവുമായി ബന്ധപ്പെട്ട് ബൈബിളിലെ ചില ഹലാൽ, ഹറാം നിയമങ്ങൾ കൂടി നാം മനസ്സിലാക്കുന്നത് നന്നാകും.

"നിങ്ങൾ രക്തത്തോടുകൂടെയുള്ള മാംസം കഴിക്കരുത്" (ലേവ്യപുസ്തകം 19: 26).

"വന്യമൃഗങ്ങൾ കടിച്ചുകീറിയ മാംസം നിങ്ങൾ ഭക്ഷിക്കരുത്. അത് നായ്ക്കൾക്ക് എറിഞ്ഞു കൊടുക്കണം" (പുറപ്പാട് 22:31).

**മൃഗങ്ങൾ**

"ഭൂമുഖത്തെ മൃഗങ്ങളിൽ ഭക്ഷിക്കാവുന്നത് ഇവയാണ്: പാദം വിഭജിച്ചിരിക്കുന്നതും ഇരട്ടക്കുളമ്പുള്ളതും അയവിറക്കുന്നതുമായ മൃഗങ്ങൾ. എന്നാൽ ഒട്ടകം, കുഴിമുയൽ, മുയൽ എന്നിവ നിങ്ങൾ കഴിക്കരുത്. അവ അയവിറക്കുന്നതാണെങ്കിലും ഇരട്ടക്കുളമ്പുള്ളതല്ല. അത് നിങ്ങൾക്ക് അശുദ്ധമാണ്. പന്നി ഇരട്ടക്കുളമ്പുള്ളതാണെങ്കിലും അവ അയവിറക്കുന്നില്ല. അത് നിങ്ങൾക്ക് അശുദ്ധമാണ്. അതിന്റെ മാംസം നിങ്ങൾ ഭക്ഷിക്കരുത്. അതിന്റെ പിണം നിങ്ങൾക്ക് അശുദ്ധമാണ്" (ലേവ്യപുസ്തകം 11:18).

"നാൽക്കാലികളിൽ നഖമുള്ള പാദങ്ങളോടുകൂടിയവ നിങ്ങൾക്ക് അശുദ്ധമാണ്" (ലേവ്യപുസ്തകം 11:27).

"ചത്തുപോയ മൃഗങ്ങളെ ഭക്ഷിക്കുന്നവൻ അശുദ്ധനായിരിക്കും" (ലേവ്യപുസ്തകം 11:39,40).

**ജല ജീവികൾ**

"ജല ജീവികളിൽ നിങ്ങൾക്ക് ഭക്ഷിക്കാവുന്നത് ഇവയാണ്: കടലിലും നദിയിലും ഒറ്റയായും കൂട്ടായും ജീവിക്കുന്ന ചിറകും ചെതുമ്പലും ഉള്ളവയെല്ലാം നിങ്ങൾക്ക് ഭക്ഷിക്കാം. ചിറകും ചിതമ്പലും ഇല്ലാത്ത ജലജീവികൾ എല്ലാം നിങ്ങൾക്ക് അശുദ്ധമാണ്. അവയുടെ മാംസം നിങ്ങൾ ഭക്ഷിക്കരുത്" (ലേവ്യപുസ്തകം 11:9-12).

**പക്ഷികൾ**

"പക്ഷികളിൽ നിങ്ങൾക്ക് അശുദ്ധമായവ ഇവയാണ്; അവ നിങ്ങൾ ഭക്ഷിക്കരുത്. എല്ലാ തരത്തിലും പെട്ട കഴുകൻ, ചെമ്പരുന്ത്, കരിമ്പരുന്ത്, പരുന്ത്, പ്രാപ്പിടിയൻ, കാക്ക, ഒട്ടകപ്പക്ഷി, രാനത്ത്, കടൽപാത്ത, ചെങ്ങാലിപ്പരുന്ത്, മൂങ്ങ, നീർകാക്ക, കൂമൻ, അരയന്നം, ഞാരപ്പക്ഷി, കരിങ്കഴുകൻ, കൊക്ക്, എരണ്ട, കാട്ടുകോഴി, നരിച്ചീർ" (ലേവ്യപുസ്തകം 11:13-19).

**കീടങ്ങൾ**

"ചിറകുള്ള കീടങ്ങളിൽ നാലുകാലിൽ ചരിക്കുന്നവയെല്ലാം അശുദ്ധമാണ്. എന്നാൽ ചിറകും നാലുകാലുമുള്ള കീടങ്ങളിൽ കുതിച്ചു ചാടുന്നവയെ ഭക്ഷിക്കാം. അവയിൽ വെട്ടുകിളി, പച്ചക്കുതിര, വണ്ട്, വീട്ടിൽ ഇവയുടെ എല്ലാ വർഗങ്ങളും നിങ്ങൾക്ക് ഭക്ഷിക്കാം" (ലേവ്യപുസ്തകം 11:20-23).

**ഇഴജന്തുക്കൾ**

"നിലത്തു ഇഴയുന്ന ഇഴജാതിയിൽ നിങ്ങൾക്കു അശുദ്ധമായതു ഇവ: പെരിച്ചാഴി, എലി, അതതുവിധം ഉടുമ്പു, അളുക, ഓന്ത്, പല്ലി, അരണ, തുരവൻ, എല്ലാ ഇഴജാതിയിലുംവെച്ചു ഇവ നിങ്ങൾക്കു അശുദ്ധം" (ലേവ്യപുസ്തകം 11:29,30).




"ഉരസ്സുകൊണ്ട് ചരിക്കുന്നതും നാലുകാൽകൊണ്ടു നടക്കുന്നതും അല്ലെങ്കിൽ അനേകം കാലുള്ളതായി നിലത്ത് ഇഴയുന്നതുമായ യാതൊരു ഇഴജാതിയെയും നിങ്ങൾ തിന്നരുത്. അവ അറപ്പാകുന്നു"(ലേവ്യപുസ്തകം 11:42).

**മദ്യം**

"യഹോവ അഹരോനോട് അരുളിച്ചെയ്തു: നീയും നിന്റെ പുത്രന്മാരും മരിച്ചുപോകാതിരിക്കേണ്ടതിന്നു സമാഗമനകൂടാരത്തിൽ കടക്കുമ്പോൾ വീഞ്ഞും മദ്യവും കുടിക്കരുത്. അത് നിങ്ങൾക്കു തലമുറതലമുറയായി എന്നേക്കുമുള്ള ചട്ടമായിരിക്കേണം" (ലേവ്യപുസ്തകം 10:8,9).

ക്രൈസ്തവർക്ക് ഹലാലും ഹറാമുമായ കാര്യങ്ങളാണ് മേൽവചനങ്ങളിൽ നാം കണ്ടത്. ഇതനുസരിച്ച് ക്രിസ്ത്യാനികൾ ജീവിക്കുന്നുവെങ്കിൽ അവർ വർഗീയവാദികളാണോ? അവർ ഹലാൽ ജിഹാദികളാകുമോ? ഇല്ലെങ്കിൽ ഹലാൽ ഭക്ഷണത്തിന്റെ പേരിൽ മുസ്‌ലിംകളെ ക്രൂശിക്കുന്നത് വിവരക്കേടും അക്രമവുമല്ലേ?

നാട്ടിൽ നിലനിൽക്കുന്ന സാമുദായിക സൗഹാർദത്തെ തകിടംമറിക്കാൻ കാത്തുനിൽക്കുന്ന ഫാഷിസ്റ്റുകൾ എറിഞ്ഞുതരുന്ന ചൂണ്ടയിൽ കൊത്തിയാൽ തൽക്കാലം വിജയിച്ചേക്കാം. എന്നാൽ ആത്യന്തികമായി നമ്മുടെ നാടിന്റെ ബഹുസ്വരതയെയും സമാധാനത്തെയുമാണ് അത് ഇല്ലാതാക്കുകയെന്ന് തിരിച്ചറിഞ്ഞെങ്കിൽ നല്ലത്.

മുഹമ്മദ് അജ്മൽ സി
mohdajmalc@gmail.com

ലേഖനം




# ഉന്നത വിദ്യാഭ്യാസവും ദേശീയ വിദ്യാഭ്യാസ നയവും



**1986ന്** ശേഷം പുതിയൊരു വിദ്യാഭ്യാസനയം ഇന്ത്യക്ക് ഉണ്ടായിട്ടില്ല എന്നത് അത്ഭുതപ്പെടുത്തുന്ന വസ്തുതയാണ്; മുപ്പത് വർഷങ്ങൾക്കിടയിൽ വിവരസാങ്കേതിക രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ പരിശോധിക്കുമ്പോൾ പ്രത്യേകിച്ചും. അതിനാൽ തന്നെ ISRO ചെയർമാനായിരുന്ന കെ. കസ്തൂരി രംഗന്റെ നേതൃത്വത്തിൽ രൂപംകൊണ്ട കമ്മിറ്റി 2019ൽ സമർപ്പിച്ച National Education Policy 2020 ഡ്രാഫ്റ്റിനെ ഏറെ പ്രതീക്ഷയോടെയാണ് വിദ്യാഭ്യാസ വിചക്ഷണർ കണ്ടത്. 484 പേജുള്ള ഡ്രാഫ്റ്റിൽ നിന്ന് ‘അഭിപ്രായങ്ങൾ ശേഖരിച്ച്’ രൂപപ്പെടുത്തിയ, അറുപതിൽപരം പേജുകൾ വരുന്ന, 2020ൽ കാബിനറ്റ് അംഗീകരിച്ച പുതിയ വിദ്യാഭ്യാസ നയം നിലവിലുള്ള വിദ്യാഭ്യാസ രീതികളിലും നയത്തിലും സമൂലമായ മാറ്റങ്ങൾ

വരുത്തുന്നതാണ്. ഒരു വിദ്യാഭ്യാസ നയമെന്നത്, സമൂഹത്തിൽ ദൂരവ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കുന്നതാണ്- പ്രത്യേകിച്ച് ഇന്ത്യ പോലൊരു ബൃഹത്തായ രാജ്യത്ത്. അതിനാൽതന്നെ ഇന്ത്യൻ പാർലിമെന്റിൽ പോലും ചർച്ചക്ക് വെക്കാതെ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കാൻ തീരുമാനിക്കുക എന്നത് ജനാധിപത്യ വിരുദ്ധമായ ഒന്നാണ്. ഭാവി ഇന്ത്യയെ നിർവചിക്കാൻ പ്രാപ്തമായ ദേശീയ വിദ്യാഭ്യാസ നയത്തെ കുറിച്ച് ഗൗരവതരമായ ചർച്ചകൾ സമൂഹത്തിൽ നടക്കേണ്ടതുണ്ട്. ഉന്നത വിദ്യഭാസ രംഗത്ത് NEP 2020 വിഭാവനം ചെയ്യുന്ന മാറ്റങ്ങളും അവയുടെ പ്രായോഗികതയും ഗുണദോഷങ്ങളും ചർച്ച ചെയ്യുക എന്നതാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് നിർദേശിക്കപ്പെട്ട മാറ്റങ്ങൾ

ഉന്നത വിദ്യാഭ്യാസരംഗത്ത് NEP 2020 നിർദേശിക്കുന്ന പ്രധാന മാറ്റങ്ങൾ നമുക്കൊന്ന് പരിശോധിക്കാം:

1. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമൂലമായ മാറ്റമാണ് NEP വിഭാവനം ചെയ്യുന്നത്. 15 വർഷങ്ങൾക്കുള്ളിൽ അഫ്‌ലിയേറ്റഡ് കോളേജുകൾ എന്ന വ്യവസ്ഥ ഇല്ലാതെയാവും. ഓട്ടോണമസ് ഡിഗ്രി ഗ്രാന്റിംഗ് കോളേജുകൾ, ടീച്ചിംഗ് യൂണിവേഴ്സിറ്റികൾ, റിസേർച്ച് യൂണിവേഴ്സിറ്റികൾ എന്നിവ മാത്രമായിരിക്കും ഉണ്ടായിരിക്കുക.

ഇത്തരം ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഏതെങ്കിലും ഒരു വിഷയം പഠിപ്പിക്കുന്നവയായിരിക്കില്ല, മറിച്ച് മൾട്ടി ഡിസിപ്ലിനറി ആയിരിക്കും. ഓരോ ഉന്നത വിദ്യാഭ്യാസ കേന്ദ്രത്തിലും ഏറ്റവും കുറഞ്ഞത് 3000 വിദ്യാർഥികളെങ്കിലും ഉണ്ടായിരിക്കും. 2030 ഓടെ ഓരോ ജില്ലയിലും ഒരു ഉന്നത വിദ്യാഭ്യാസകേന്ദ്രമെങ്കിലും ഉണ്ടാകും. ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ അനുപാതം (Gross Enrollment Ratio) 26.3%ൽ 50% ആയെങ്കിലും ഉയർത്തും.

2. വിവിധ വിഷയങ്ങൾ സമന്വയിപ്പിച്ചായിരിക്കും കോഴ്സുകൾ ഡിസൈൻ ചെയ്യുക. STEM (Science, Technology, Engineering and Mathamatics) വിഷയങ്ങളും സാമൂഹിക ശാസ്ത്രവിഷയങ്ങളും സംയോജിപ്പിക്കുക വഴി പ്രാപ്തമായ വ്യക്തികളെ വാർത്തെടുക്കും. ജീവിതായോധന കലകളും ഭരണഘടനാമൂല്യങ്ങളും ശാസ്ത്രബോധവും, അഹിംസ മുതലായ മൂല്യങ്ങളും ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കും.

3. നാലുവർഷം നീണ്ടുനിൽക്കുന്ന ബിരുദ കോഴ്സുകൾ തുടങ്ങും. പാതിവഴിയിൽ പല കാരണങ്ങളാൽ കോഴ്സ് ഉപേക്ഷിക്കുന്നവർക്ക് സർട്ടിഫിക്കറ്റോ ഡിപ്ലോമയോ നൽകും. വിവിധ സ്ഥാനങ്ങളിൽ നിന്ന് വിവിധ വിഷയങ്ങളിൽ നേടുന്ന അക്കാദമിക്ക് ക്രെഡിറ്റുകൾ ഡിജിറ്റൽ ആയി സൂക്ഷിക്കും. നാലുവർഷ ബിരുദം പൂർത്തിയാക്കുന്നവർക്ക് "Degree With Research" നൽകും. അവർക്ക് ഒരു വർഷ ബിരുദാനന്തര ബിരുദ കോഴ്സുകൾ ഉണ്ടായിരിക്കും, അല്ലെങ്കിൽ നേരിട്ട് പി.എച്ച്.ഡി പ്രവേശനം ലഭിക്കും. M.Phil കോഴ്സ് ഇനി മുതൽ ഉണ്ടായിരിക്കില്ല.

4. ഗവേഷണ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കാനും വ്യാപിപ്പിക്കാനും National Research Foundation സ്ഥാപിക്കും. എല്ലാ വിഷയങ്ങളിലുമുള്ള അർഹമായ ഗവേഷണങ്ങളെ NRF സാമ്പത്തികമായി സഹായിക്കും. ഗവൺമെന്റ് തലങ്ങളിലും ഇൻഡസ്ട്രിയിലും ആവശ്യമായ ഗവേഷണ വിഷയങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടും.

5. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ നിയന്ത്രണം, അംഗീകാരം, മൂലധന വിനിമയം, അക്കാദമിക നിലവാരം ഉറപ്പാക്കൽ എന്നിവയ്ക്കായി നാല് പ്രത്യേക ബോഡികൾ സ്ഥാപിക്കും. ഇവയെല്ലാം Higher Education Commission of India (HECI) എന്ന ഒരു കുടക്കീഴിൽ കൊണ്ടുവരും.

6. ലോകത്തിലെ മികച്ച 100 വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ ക്യാംപസ് തുടങ്ങാൻ ആവശ്യമായ നിയമനിർമാണം കൊണ്ടുവരും. സ്റ്റുഡന്റ്/ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ വിദേശ സർവകലാശാലകളുമായി ചേർന്ന് നടപ്പിലാക്കും.

> **ദേശീയ വിദ്യാഭ്യാസ നയത്തിലെ ഓരോ നിർദേശത്തിലേക്കും ആഴത്തിൽ ഇറങ്ങിയാൽ ഇത്തരത്തിലുള്ള ഒട്ടേറെ ചോദ്യങ്ങൾ നമുക്ക് കാണുവാൻ സാധിക്കും. GDPയുടെ 6% വിദ്യാഭ്യാസ രംഗത്ത് ചെലവഴിക്കണമെന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദേശം പുതിയതല്ല. എന്നാൽ കഴിഞ്ഞ വർഷം പോലും GDPയുടെ 3.1 ശതമാനം മാത്രമാണ് ഇന്ത്യ വിദ്യാഭ്യാസ രംഗത്ത് ചെലവഴിച്ചത്! ലോക രാഷ്ട്രങ്ങളെയെടുത്താൽ ഏറെ പിന്നിലാണ് (143ാം സ്ഥാനത്ത്) ഇക്കാര്യത്തിൽ ഇന്ത്യ.**

**വിദ്യാഭ്യാസ രംഗത്ത് വളരെ കുറച്ചുമാത്രം ചെലവഴിക്കുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥ പരിഗണിക്കുമ്പോൾ ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദേശങ്ങൾ അപ്പടി നടപ്പിലാക്കുകയാണെങ്കിൽ നെഹ്റുവും മൗലാനാ ആസാദും വിഭാവനം ചെയ്ത ഇന്ത്യൻ പൊതു വിദ്യാഭ്യാസ നയങ്ങളുടെ മരണമണിയാകും അത് എന്നതിൽ സംശയമില്ല. അഫ്ലിയേറ്റഡ് കോളേജുകൾ 15 വർഷത്തിനുള്ളിൽ യൂണിവേഴ്സിറ്റികളോ ഓട്ടോണമസ് സ്ഥാപനങ്ങളോ ആവണമെങ്കിൽ വലിയ രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനം ആവശ്യമാണ്.**

മേൽ നിർദേശങ്ങൾ പരിശോധിച്ചാൽ ഉന്നത വിദ്യാഭ്യാസ രംഗം പുതിയ ദേശീയ വിദ്യാഭ്യാസ നയത്തോടെ വലിയൊരു ഉടച്ചുവാർക്കലിന് വിധേയമാകുന്നു എന്ന് കാണാൻ സാധിക്കും. പല മാറ്റങ്ങളും കാലാനുസൃതവും ഇന്ത്യൻ ഉന്നതവിദ്യാഭ്യാസ രംഗത്തെ ആഗോള നിലവാരത്തിലെത്തിക്കുന്നതുമാണ് എന്ന് നമുക്ക് കാണാം. കാലങ്ങളായുള്ള വിദ്യാഭ്യാസ വിചക്ഷണരുടെ നിർദേശങ്ങളും ആവശ്യങ്ങളുമാണ് ഇവിടെ പരിഗണിക്കപ്പെട്ടത്.

മൾട്ടി ഡിസിപ്ലനറി കോഴ്സുകൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. ശാസ്ത്ര രംഗത്ത് ബിരുദം നേടുന്ന ഒരാൾ ലിബറൽ ആർട്സിൽ ഏതെങ്കിലും ഒന്ന് പഠിക്കാൻ സമയം ചെലവഴിക്കുക, അത്തരത്തിലൊരു പാഠ്യപദ്ധതി ഉണ്ടാവുക എന്നത് വിദ്യാർഥികളുടെ പ്രതിഭാശേഷി വർധിപ്പിക്കാനുതകുന്ന നിർദേശമാണ്. ഐ.ഐ.ടി പോലെയുള്ള സ്ഥാപനങ്ങളിൽ ചെറിയതോതിലെങ്കിലും ഇവ ഇപ്പോഴേ നടക്കുന്നുണ്ട്. അതു പോലെ ബിരുദം പൂർത്തിയാക്കാൻ കഴിയാത്ത ആളുകൾക്ക് ഒന്നോ രണ്ടോ വർഷത്തെ പഠനത്തിന് ശേഷം സർട്ടിഫിക്കറ്റോ ഡിപ്ലോമയോ നൽകുക എന്നതും സ്വാഗതാർഹം തന്നെ. പല കാരണങ്ങളാൽ തങ്ങൾക്കിഷ്ടപ്പെടാത്ത, അഭിരുചിയില്ലാത്ത വിഷയങ്ങൾ പഠിക്കാൻ നിർബന്ധിതരായി എന്ന് മനസ്സിലാക്കുന്നവർക്ക് നല്ലൊരു എക്സിറ്റ് ഓപ്ഷൻ നൽകുക എന്നത് ആവശ്യമാണ്. ഓൺലൈൻ വഴിയോ വിദൂര വിദ്യാഭ്യാസം വഴിയോ നേടുന്ന അക്കാദമിക് ക്രെഡിറ്റുകൾ ഡിജിറ്റലായി സൂക്ഷിക്കുക എന്നത് കുട്ടികളുടെ പഠനത്തിന് മൂല്യം വർധിപ്പിക്കുന്ന നിർദേശമാണ്. നാലുവർഷ ഡിഗ്രി കോഴ്സുകൾ ആഗോള മാനദണ്ഡങ്ങളുമായി യോജിച്ച് പോകുന്നു. ഡിഗ്രി ബൈ റിസർച്ച് എന്നതും വിദ്യാർഥികൾക്ക് ഏറെ ഗുണപ്രദമായ തീരുമാനം തന്നെ.

ഇത്തരം പല നല്ല നിർദേശങ്ങളെയും സ്വാഗതം ചെയ്യുമ്പോഴും പുതിയ ദേശീയ വിദ്യാഭ്യാസത്തിന്റെ പ്രായോഗികതയും അതിന്റെ രാഷ്ട്രീയവും ഉദ്ദേശ്യശുദ്ധിയും കൃത്യമായി ചർച്ച ചെയ്യപ്പെടുക തന്നെ വേണം! ഉദാഹരണത്തിന്; വിദേശത്തെ മികച്ച 100 സർവകലാശാലകൾക്ക് ഇന്ത്യയിൽ ക്യാമ്പസ് തുടങ്ങാം എന്നത് ഒറ്റ നോട്ടത്തിൽ വളരെ പോസിറ്റിവ് ആയി വിലയിരുത്തപ്പെടുന്നു. വിദ്യാർഥികൾക്ക് വിവിധ മേഖലകളിൽ വലിയ അവസരങ്ങൾ മികച്ച സർവകലാശാലകൾ ഇന്ത്യയിൽ ക്യാമ്പസുകൾ സ്ഥാപിക്കുന്നതിലൂടെ ഉണ്ടാകും. എന്നാൽ ഇവ എത്രത്തോളം സാധാരണക്കാരന് പ്രാപ്യമാകും എന്നത് വലിയൊരു ചോദ്യമാണ്.

ദേശീയ വിദ്യാഭ്യാസ നയത്തിലെ ഓരോ നിർദേശത്തിലേക്കും ആഴത്തിൽ ഇറങ്ങിയാൽ ഇത്തരത്തിലുള്ള ഒട്ടേറെ ചോദ്യങ്ങൾ നമുക്ക് കാണുവാൻ സാധിക്കും. GDPയുടെ 6% വിദ്യാഭ്യാസ രംഗത്ത് ചെലവഴിക്കണമെന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദേശം പുതിയതല്ല. എന്നാൽ കഴിഞ്ഞ വർഷം പോലും GDPയുടെ 3.1 ശതമാനം മാത്രമാണ് ഇന്ത്യ വിദ്യാഭ്യാസ രംഗത്ത് ചെലവഴിച്ചത്! ലോക രാഷ്ട്രങ്ങളെയെടുത്താൽ ഏറെ പിന്നിലാണ് (143ാം സ്ഥാനത്ത്) ഇക്കാര്യത്തിൽ ഇന്ത്യ.

വിദ്യാഭ്യാസ രംഗത്ത് വളരെ കുറച്ചുമാത്രം ചെലവഴിക്കുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥ പരിഗണിക്കുമ്പോൾ ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദേശങ്ങൾ അപ്പടി നടപ്പിലാക്കുകയാണെങ്കിൽ നെഹ്റുവും മൗലാനാ ആസാദും വിഭാവനം ചെയ്ത ഇന്ത്യൻ പൊതു വിദ്യാഭ്യാസ നയങ്ങളുടെ മരണമണിയാകും അത് എന്നതിൽ സംശയമില്ല. അഫ്ലിയേറ്റഡ് കോളേജുകൾ 15 വർഷത്തിനുള്ളിൽ യൂണിവേഴ്സിറ്റികളോ ഓട്ടോണമസ് സ്ഥാപനങ്ങളോ ആവണമെങ്കിൽ വലിയ രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനം ആവശ്യമാണ്. അതോടൊപ്പം ഓരോ സ്ഥാപനത്തിലും വിവിധ വിഷയങ്ങൾ പഠിപ്പിക്കണം എന്ന നിർദേശം കൂടി കണക്കിലെടുക്കുമ്പോൾ വലിയൊരു മൂലധന സ്വരൂപണം തന്നെ ഈ വിഷയത്തിൽ വേണ്ടി വരും. എന്നാൽ നമുക്ക് ഇപ്പോഴുള്ള ഏറ്റവും മികച്ച ഉന്നത കലാശാലകളെവരെ സർക്കാർ തഴയുന്നത് നാം ഓരോ വർഷവും കാണുന്നതാണ്.

ഈ സാമ്പത്തിക വർഷം 3000 കോടി രൂപ വിദ്യാഭ്യാസ രംഗത്തുനിന്ന് വെട്ടിമാറ്റിയ ഇതേസർക്കാരാണ് 1.45 ലക്ഷം കോടി രൂപ കോർപറേറ്റുകൾക്ക് നികുതിയിളവായി നൽകിയത്. കഴിഞ്ഞ വർഷങ്ങളിൽ IITകളിലെ ഫീസ് നാലിരട്ടിയായാണ് കൂട്ടിയത്. ജെ. എൻ.യുവിലെ ഫീസ് വർധന സൃഷ്ടിച്ച സമരമുഖങ്ങൾ നാം കണ്ടറിഞ്ഞതാണ്. UGCയിൽ നിന്നുള്ള ഫണ്ടുകളുടെ വരവ് കുറഞ്ഞിരിക്കുന്നു എന്ന് ഏവരും പരാതിപ്പെടുന്നു. ഐ.ഐ.ടികൾ, ഐ.ഐ.എമ്മുകൾ, കേന്ദ്രസർവകലാശാലകൾ എന്നിവക്ക് സർക്കാർ നൽകുന്ന അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഗ്രാന്റുകൾ 2018-19 ബഡ്ജറ്റിൽ എടുത്തുകളയുകയും പകരം അടിസ്ഥാന സൗകര്യവികസനത്തിനായി കടം നൽകാൻ കനറാ ബാങ്കുമായി ചേർന്ന് HEFA (Higher Education Financing Agency) എന്ന ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. എന്നാൽ ഇത്തരത്തിൽ എടുക്കുന്ന ലോണുകൾക്ക് തിരിച്ചടവ് സാധ്യമാവുന്നത് എങ്ങനെയാണ്? ഐ.ഐ.ടി മദ്രാസ് പോലെയുള്ള ഏറ്റവും മികച്ച സ്ഥാപനങ്ങൾ പോലും മൂലധനം സ്വരൂപിക്കാൻ ഓൺലൈൻ കോഴ്സുകൾ തുടങ്ങികഴിഞ്ഞു.

അതിനാൽതന്നെ ഓട്ടോണമസ് കോളേജുകളോ സർവകലാശാലകളോ ആവാതെ അഫ്‌ലിയേറ്റഡ് കോളേജുകൾക്ക് നിലനിൽപ്പില്ല എന്ന് വരുമ്പോൾ സർക്കാർ ഫണ്ടുകൾ ലഭിച്ചില്ലെങ്കിൽ പല മാതൃകാസ്ഥാപനങ്ങളും അകാല ചരമമടയുമെന്ന് സാരം. ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ പൂർണമായ സ്വകാര്യവത്കരണമാവും ഇതിലൂടെ സംഭവിക്കുക. ഇതോടെ പണമുള്ളവന് മാത്രം പഠിക്കാം എന്ന അവസ്ഥ സംജാതമാവും. സ്വതന്ത്ര്യാനന്തര ഭാരതത്തിന്റെ ലോകത്തിനുള്ള ഏറ്റവും വലിയ സംഭാവനയായ ബൗദ്ധിക സ്വത്തിന്റെ നശീകരണമാവും ഇതിലൂടെ നടക്കുക- അല്ലെങ്കിൽ അടുത്ത ബഡ്ജറ്റിലെങ്കിലും പൊതു വിദ്യാഭ്യാസത്തിന് കൂടുതൽ തുക മാറ്റിവെച്ച് തങ്ങളുടെ ഉദ്ദേശശുദ്ധി തെളിയിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാവേണ്ടതുണ്ട്. എന്നാൽ 2014-18ൽ നിന്ന് 2020-21ൽ എത്തുമ്പോൾ GDPയുടെ 4.14% വിദ്യാഭ്യാസ രംഗത്ത് ചെലവഴിക്കുന്നതിൽ നിന്ന് 3.1%ൽ എത്തുന്ന ദുരവസ്ഥ ഒട്ടും ആശാവഹമല്ല.



1986ലെ ദേശീയ വിദ്യാഭ്യാസ നയം പരിശോധിക്കുമ്പോൾ “ന്യൂനപക്ഷ വിദ്യാഭ്യാസം” എന്ന പ്രത്യേക അധ്യായം തന്നെ നമുക്ക് കാണാം. എന്നാൽ 2020ൽ എത്തുമ്പോൾ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ പരിഗണിക്കും എന്നതല്ലാതെ അതിന് കൃത്യമായൊരു മാർഗ രേഖ മുന്നിൽ വെക്കുന്നില്ല. ഭരണഘടന ആർട്ടിക്കിൾ 29-30ലൂടെ ന്യൂനപക്ഷങ്ങൾക്ക് വകവെച്ച് തരുന്ന അവകാശങ്ങളെ പരാമർശിക്കുന്നില്ല എന്ന് മാത്രമല്ല, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പുതിയ അക്രഡിറ്റേഷൻ വ്യവസ്ഥകൾ ന്യുനപക്ഷ സ്ഥാപനങ്ങളെ വേരോടെ പിഴുതെറിയാനാണ് സാധ്യത കൂടുതൽ. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ ആണ് എന്നിരിക്കെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ സംസ്ഥാനങ്ങൾക്ക് എന്താണ് പങ്ക് എന്ന ചോദ്യവും പ്രസക്തമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എല്ലാ നിലക്കുള്ള നിയന്ത്രണങ്ങളും കേന്ദ്ര സർക്കാറിന്റെ കീഴിൽ കൊണ്ട് വരുന്നത് ഭരണഘടന മുന്നോട്ട് വെക്കുന്ന ഫെഡറൽ വ്യവസ്ഥക്ക് വിരുദ്ധമാണ് എന്നതിൽ സംശയമേതുമില്ല.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം പറയുന്നത് സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ നീതി ഉറപ്പാക്കേണ്ടതുണ്ട്, അവസരങ്ങളിലും സ്ഥാനങ്ങളിലും സമത്വം സൃഷ്ടിക്കേണ്ടതുണ്ട് എന്നതാണ്. ഇന്ത്യൻ ഭരണഘടനയുടെ ഈ അടിസ്ഥാന ശിലകളോട് യോജിക്കുന്നില്ല എന്നത് തന്നെയാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെ ഏറ്റവും പ്രശ്നവത്കരിക്കുന്നതും. കാലോചിതമായ മാറ്റങ്ങളെ സ്വാഗതം ചെയ്യുമ്പോഴും ആമാറ്റത്തിന്റെ ഗുണഫലങ്ങൾ സമൂഹം അനുഭവിക്കണമെങ്കിൽ അവ ഏവർക്കും പ്രാപ്യമാകുന്നതും തുല്യ അവസരങ്ങൾ നൽകുന്നതുമാവണം. അല്ലാത്ത പക്ഷം ജാതി വ്യവസ്ഥ സൃഷ്ടിച്ചെടുത്ത വിഭജനം പോലെ വിദ്യാഭ്യാസ നയങ്ങളും നമ്മെ വിഭജിച്ചേക്കാം!

**ഹുസൈൻ സലഫി, ഷാർജ**
hsalafi@gmail.com

ചരിത്രപഥം

**മുഹമ്മദ് നബിﷺ 4**



# നബിﷺയുടെ ജനന സമയം

നബിﷺയുടെ ജനന സമയത്തെ പറ്റി പല കഥകളും പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ നാടുകളിൽ നബിﷺയെ പുകഴ്ത്തുകയാണെന്ന് പറഞ്ഞ് ഭക്തിയോടെ പാരായണം ചെയ്യുന്ന മങ്കൂസ് മൗലിദിൽ ഇപ്രകാരം പറയുന്നത് കാണാം:

"സ്വഹീഹായ സനദോടുകൂടി ഉദ്ധരിക്കപ്പെട്ട ഹദീസിൽ വന്നിട്ടുള്ളത് പോലെ അവിടുന്ന് പ്രസവിക്കപ്പെട്ടത് ചേലാകർമം ചെയ്യപ്പെട്ടവനായും സുറുമയിടപ്പെട്ടവനായുമായിരുന്നു."

മങ്കൂസ് മൗലിദിൽ പറഞ്ഞ ഈ കാര്യം പല റിപ്പോർട്ടുകളിലും വന്നിട്ടുണ്ടെങ്കിലും അവയെല്ലാം അങ്ങേയറ്റത്തെ ന്യൂനതകളുള്ളതാണെന്ന് നമുക്ക് കാണാവുന്നതാണ്. വേറെ ചില ദുർബല റിപ്പോർട്ടുകളിലുള്ളത് ജിബ്‌രീൽﷺ ആയിരുന്നു നബിയുടെ ചേലാകർമം ചെയ്തത് എന്നും കാണാം. അബ്ദുൽ മുത്ത്വലിബ് ഏഴാം നാളിൽ ചേലാകർമം ചെയ്തു എന്ന റിപ്പോർട്ടും അസ്വീകാര്യമായതാണ്. അതുപോലെ, അവിടുന്ന ജനിച്ചദിവസം ബഹുദൈവാരാധകരുടെ വിഗ്രഹങ്ങൾ തലകുത്തിവീണു എന്നും, സാവതടാകം വറ്റിയെന്നും, കിസ്‌റാ കൊട്ടാരം വിറകൊണ്ടെന്നും, അഗ്നി പൊലിഞ്ഞെന്നുമെല്ലാം പല റിപ്പോർട്ടുകളിലും വന്നിട്ടുണ്ട്. ഇവയെല്ലാം അസ്വീകാര്യമായ റിപ്പോർട്ടുകളായതിനാൽ വിശ്വസിക്കാവതല്ല.

ഈ പറഞ്ഞ കാര്യങ്ങളൊന്നും സത്യമല്ലെന്ന് പറയുന്നതുകൊണ്ട് അവിടുത്തെ മഹത്ത്വത്തിനോ സ്ഥാനത്തിനോ യാതൊരു കുറവും സംഭവിക്കുന്നില്ല. അതിനാൽ പ്രവാചകന്മാരെപ്പറ്റി ക്വുർആനിലും സ്വഹീഹായ ഹദീസുകളിലൂടെയും പഠിപ്പിക്കപ്പെട്ട കാര്യങ്ങൾ മാത്രമേ നാം സ്വീകരിക്കാവൂ. ദുർബലമായ പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ട കാര്യങ്ങൾ വിശ്വാസ-കർമ രംഗങ്ങൾക്ക് പ്രമാണമല്ലല്ലോ.

### അനാഥനായി ജനിക്കുന്നു

പിതാവിനെ ഒരു നോക്കുപോലും കാണാൻ അവസരം ലഭിക്കാതെ, തികച്ചും അനാഥനായിട്ടായിരുന്നു മുഹമ്മദ് നബിﷺയുടെ ജനനം. ഉമ്മ ആമിന കുഞ്ഞിനെ ഗർഭം ചുമന്ന കാലത്ത് പിതാമഹൻ അബ്ദുൽ മുത്ത്വലിബിന്റെ നിർദേശപ്രകാരം നബിയുടെ ഉപ്പ അബ്ദുല്ലാഹ് യഥ്‌രിബിലേക്ക് കച്ചവടാവശ്യത്തിന് പോകുകയും അവിടെനിന്നും മക്കയിലേക്ക് തിരിച്ചുപോരുമ്പോൾ തന്റെ അമ്മാവന്മാർക്കിടയിൽ വെച്ച് മരണപ്പെടുകയാണ് ഉണ്ടായതെന്നും കാണാം. പിതാമഹന്റെ സംരക്ഷണത്തിൽ അനാഥനായ ആ കുഞ്ഞ് വളർന്നു. ആറു വയസ്സ് മാത്രമുള്ള ബാലനായിരിക്കെ ഉമ്മ ആമിനഃയും മരണപ്പെട്ടു. അമ്മാവന്മാരെ സന്ദർശിച്ച് മടങ്ങവെ, മക്കയുടെയും യഥ്‌രിബിന്റെയും ഇടയിലെ അബവാഅ് എന്ന സ്ഥലത്തുവെച്ചാണ് അവർ മരണപ്പെട്ടത്. ഉപ്പയും ഉമ്മയുമില്ലാതെ ബാല്യകാലം കഴിച്ചുകൂട്ടി. എട്ടു വയസ്സായപ്പോൾ പിതാമഹൻ അബ്ദുൽ മുത്ത്വലിബും മരണപ്പെട്ടു.

### ചില അത്ഭുതങ്ങൾ

അനാഥനായി വളർന്നുവന്ന മുഹമ്മദ് നബിﷺയുടെ ചെറുപ്പ കാലത്ത് ചില അത്ഭുതങ്ങൾ നടന്നത് പ്രസിദ്ധമാണ്. പണ്ടു കാലങ്ങളിൽ അറബികൾ കുട്ടി ജനിച്ചാൽ, കുട്ടിക്ക് നല്ല ബുദ്ധി ശക്തിയും തന്റേടവുമൊക്കെ ഉണ്ടാകാൻ വേണ്ടി കുട്ടിയെ നാട്ടിലെ മുലയൂട്ടുന്ന സ്ത്രീകളെ ഏൽപിക്കൽ പതിവുണ്ടായിരുന്നു. നബിﷺക്ക് മുലയൂട്ടിയ പ്രസിദ്ധരായ രണ്ട് ഉമ്മമാരായിരുന്നു ഥുവൈബത്തുൽ അസ്‌ലമിയ്യയും ഹലീമ അസ്സഅദിയ്യയും.

ഹലീമഃയുടെ അടുത്ത് നബിﷺ കഴിഞ്ഞിരുന്ന കാലം. അന്ന് ഒരു അത്ഭുതം സംഭവിക്കുകയുണ്ടായി. അത് നബിﷺയുടെ നാലാമത്തെ വയസ്സിലായിരുന്നു. സംഭവം ഇപ്രകാരമായിരുന്നു:

അനസ് ഇബ്നു മാലികിؓൽനിന്ന് നിവേദനം: "റസൂൽﷺ കുട്ടികളുടെകൂടെ കളിച്ചുകൊണ്ടിരിക്കെ ജിബ്‌രീൽؑ (നബിﷺയുടെ) അടുത്ത് ചെന്നു. എന്നിട്ട് കുട്ടിയെ പിടിച്ചു കിടത്തി. എന്നിട്ട് നെഞ്ചു പിളർത്തി. ശേഷം അതിൽനിന്ന് ഒരു രക്തക്കട്ട എടുത്ത് പുറത്തിട്ടു. എന്നിട്ട് (ജിബ്‌രീൽ) പറഞ്ഞു: 'ഇത് താങ്കളിലുള്ള പിശാചിന്റെ വിഹിതമാകുന്നു.' പിന്നീട് സ്വർണത്തളികയിൽ നിറച്ച സംസം വെള്ളം കൊണ്ട് കുട്ടിയെ കഴുകി. പിന്നീട് ആ മുറിവ് കൂട്ടി. പിന്നീട് (ഓരോന്നും) അതത് സ്ഥാനത്തേക്ക് മടക്കി. കുട്ടികൾ (നബിയുടെ) ഉമ്മാന്റെ അടുത്തേക്ക് ഓടിവന്നു. എന്നിട്ട് അവർ പറഞ്ഞു: 'തീർച്ചയായും മുഹമ്മദ് കൊല്ലപ്പെട്ടിരിക്കുന്നു.' അങ്ങനെ അവർ കുട്ടിയുടെ അടുത്തേക്ക് മുന്നിട്ടു. (അപ്പോൾ നബിﷺ) വിവർണനായിരുന്നു. അനസ്ؓ പറഞ്ഞു: 'നബിﷺ നെഞ്ചിൽ ആ തുന്നലിന്റെ അടയാളം ഞാൻ കണ്ടിരുന്നു."

### അബൂത്വാലിബിന്റെ സംരക്ഷണം

പിതാമഹനായ അബ്ദുൽ മുത്ത്വലിബ് മരണപ്പെട്ടതിനുശേഷം പിതൃവ്യൻ അബൂത്വാലിബാണ് കുട്ടിയുടെ സംരക്ഷണം ഏറ്റെടുത്തത്. അബൂത്വാലിബ് വലിയ സമ്പന്നനൊന്നും ആയിരുന്നില്ല. അറബികളുടെ ജീവിതമാർഗം പ്രധാനമായും അന്ന് കച്ചവടമായിരുന്നല്ലോ. അബൂത്വാലിബ് കുഞ്ഞിനെ ചെറുപ്പനാളിൽ തന്നെ കച്ചവടത്തിനായി ശാമിലേക്ക് കൂടെകൂട്ടുമായിരുന്നു. കൂടാതെ, അബൂത്വാലിബിന് സഹായം എന്ന നിലയ്ക്ക് നബിﷺ മക്കക്കാർക്ക് കൂലിക്കായി ആടുകളെ മേച്ചിരുന്നു. അനാഥനായ കുട്ടിയായിരുന്നെങ്കിലും ചെറുപ്പത്തിൽ തന്നെ സ്വന്തം അധ്വാനത്താൽ ജീവിച്ചുപോന്നു എന്നതും ഇതിലൂടെ നമുക്ക് മനസ്സിലാക്കാം.

ആടുമേയ്ച്ചതിൽ വേറെയും യുക്തിയുണ്ടാകാം. ഒരു നബി വചനം കാണുക: അബൂഹുറയ്‌റؓയിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: 'ആടിനെ മേയ്ക്കാത്തവനായി ഒരു നബിയെയും അല്ലാഹു അയച്ചിട്ടില്ല.' അപ്പോൾ സ്വഹാബിമാർ നബിﷺയോട് ചോദിച്ചു: 'താങ്കളോ?' നബിﷺ പറഞ്ഞു: 'അതെ, ഞാൻ മക്കക്കാർക്ക് ആടുകളെ മേയ്ച്ച് ക്വീറാത്തുകൾ കൂലി വാങ്ങിച്ചിരുന്നു.'

ചെറുപ്പത്തിൽതന്നെ ജോലി ചെയ്ത് മറ്റുള്ളവരെ സഹായിക്കാൻ ശീലിക്കുക എന്ന ഒരു ഗുണം ഇതിലൂടെ കരസ്ഥമാകുന്നുണ്ട്. സ്നേഹം, ക്ഷമ തുടങ്ങിയ പ്രബോധകനിൽ ഉണ്ടായിരിക്കേണ്ട സ്വഭാവ ഗുണങ്ങളും ഇതിലൂടെ ലഭിക്കാൻ നിമിത്തമാകുന്നുണ്ട്. അതിനാലാകാം എല്ലാ നബിമാരും ആടുകളെ മേയ്ച്ചത് എന്ന് മനസ്സിലാക്കാം. അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

ചെറുപ്പം മുതൽതന്നെ ഈ സൽഗുണങ്ങളെല്ലാം നബിﷺക്ക് ഉണ്ടായിരുന്നു.

ആദ്യമായി ദിവ്യസന്ദേശം (വഹ്‌യ്) ലഭിച്ചപ്പോൾ പേടിച്ച് ഭാര്യ ഖദീജഃ﵅യുടെ അടുത്ത് ചെന്നപ്പോൾ അവർ നൽകിയ ആശ്വാസവാക്കുകൾ അതിന് തെളിവാണ്. ഖദീജ﵅ പറഞ്ഞു:

“അല്ലാഹുവാണെ സത്യം! അല്ലാഹു ഒരിക്കലും അങ്ങയെ നിന്ദിക്കുകയില്ല. കാരണം താങ്കൾ കുടുംബബന്ധം ചേർക്കുന്നു. (മറ്റുള്ളവരുടെ) പ്രയാസങ്ങൾ വഹിക്കുന്നു. അതിഥിയെ ആദരിക്കുന്നു. പ്രയാസപ്പെടുന്നവന് വേണ്ടതു നൽകി സഹായിക്കുന്നു...’

### വിശുദ്ധമായ ജീവിതം

മനുഷ്യരിൽ മുഹമ്മദ് നബിﷺയെ പോലുള്ള ഒരു മഹാൻ കഴിഞ്ഞുപോയിട്ടില്ല. ഇനി ഉണ്ടാകുന്നതുമല്ല. അത്ഭുതകരമായിരുന്നു മുഹമ്മദ് നബിﷺ കാണിച്ച ജീവിതവിശുദ്ധി.

പ്രവാചകനായി അല്ലാഹു തെരഞ്ഞടുക്കുന്നതിന് മുമ്പുതന്നെ അവിടുത്തെ ജീവിതം പരിശുദ്ധമായിരുന്നു എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. കുട്ടിയായിരിക്കെ തന്നെ ജിബ്‌രീൽ﵇ അവിടുത്തെ ശരീരത്തിൽ നിന്ന് ഒരു രക്തക്കട്ട എടുത്ത് കളഞ്ഞത് നാം മനസ്സിലാക്കി. പിന്നീട് പൈശാചികമായ യാതൊരു സ്വഭാവവും പ്രവൃത്തിയും അവിടുത്തെ ജീവിതത്തെ സ്പർശിച്ചത് നമുക്ക് കാണാൻ കഴിയില്ല. മോശപ്പെട്ട എന്തെല്ലാം സ്വഭാവമുണ്ടോ, അതൊന്നും നബിﷺയെ സ്വാധീനിച്ചിരുന്നില്ല. ലോകത്തിന് മാതൃകയാകുംവിധം അല്ലാഹു ചെറുപ്പം മുതൽ തന്നെ വളർത്തി.

നബിﷺ വളർന്നത് ചരിത്രകാലത്തായിരുന്നു. അജ്ഞാനകാലം എന്ന് അറിയപ്പെടുന്ന ജാഹിലിയ്യാ കാലം. മലപോലെ തിന്മകൾ പൊങ്ങിനിന്നിരുന്ന കാലം. മദ്യപാനവും വ്യഭിചാരവും ചൂതാട്ടവും കൊലയും വ്യാപകമായിരുന്ന കാലം. ഈ കാലഘട്ടത്തിലാണ് അനാഥനായ മുഹമ്മദിﷺന്റെ ശൈശവവും യൗവനവുമെല്ലാം കഴിഞ്ഞുപോയത്. അന്ധവിശ്വാസങ്ങളും അരാജകത്വങ്ങളും അവിടുത്തെ ബാധിച്ചില്ല. എല്ലാ തിന്മകളിൽനിന്നും അവിടുന്ന് മാറിനിന്നു. അല്ലാഹുവിന്റെ പ്രത്യേകമായ കാവൽ ചെറുപ്പം മുതൽ തന്നെ അവിടുത്തേക്ക് ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാം.

നബിﷺയുടെ സൽസ്വഭാവം അക്കാലത്ത് മക്കക്കാർക്കിടയിൽ അംഗീകരിക്കപ്പെട്ടതായിരുന്നു. സത്യസന്ധത, വിശ്വസ്തത, കരാർപാലനം തുടങ്ങിയ സദ്ഗുണങ്ങൾ അവിടുത്തെ ജീവിതത്തെ അറബികളിൽനിന്ന് വ്യതിരിക്തമാക്കി. സർവ ദുഃസ്വഭാവങ്ങളിൽനിന്നും അവിടുന്ന് മാറിനിന്നു.

നബിﷺ വളർന്ന ജാഹിലിയ്യാകാലത്തിലെ ജാഹിലിയ്യത്ത് മനസ്സിലാകാൻ ജഅ്ഫർ﵁ പറയുന്നത് കേട്ടാൽ മതിയാകും. ആദ്യകാലത്ത് അബിസീനിയയിലേക്ക് ഹിജ്റ പോയവരിൽ പെട്ട ഒരു സ്വഹാബിയാണ് ജഅ്ഫർ﵁. അദ്ദേഹം അവിടത്തെ രാജാവായ നജ്ജാശിയോട് പറഞ്ഞിലെ ചില കാര്യങ്ങൾ കാണുക:

“രാജാവേ, ഞങ്ങൾ അജ്ഞരായിരുന്നപ്പോൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അറിയാത്തവരും വിഗ്രഹങ്ങളെ ആരാധിക്കുന്നവരും ശവംതിന്നുന്നവരും നീചവൃത്തികൾ ചെയ്യുന്നവരും കുടുംബ ബന്ധം മുറിക്കുന്നവരും അയൽവാസികളോട് മോശമായി വർത്തിക്കുന്നവരും ഞങ്ങളിലെ മല്ലന്മാർ ദുർബലരെ തിന്നുന്നവരും ആയിരുന്നു. അല്ലാഹു ഞങ്ങളിലേക്ക് ഞങ്ങളിൽനിന്ന് ഒരു ദൂതനെ നിയോഗിക്കുന്നതുവരെ ഞങ്ങൾ അതേ രീതിയിലായിരുന്നു (ജീവിച്ചിരുന്നത്). (ആ) ദൂതന്റെ കുടുംബ പരമ്പരയും സത്യസന്ധതയും വിശ്വസ്തതയും വിട്ടുവീഴ്ചയും ഞങ്ങൾക്ക് പരിചയമുണ്ടായിരുന്നു. അങ്ങനെ ആ റസൂൽ അല്ലാഹുവിനെ ഏകനാക്കുന്നതിലേക്കും അവനെമാത്രം ആരാധിക്കുന്നതിലേക്കും അല്ലാഹുവിന് പുറമെ ഞങ്ങളും ഞങ്ങളുടെ പിതാക്കളും ആരാധിച്ചുകൊണ്ടിരിക്കുന്ന കല്ലുകളെയും വിഗ്രഹങ്ങളെയും ഒഴിവാക്കുന്നതിലേക്കും ക്ഷണിച്ചു. അദ്ദേഹം ഞങ്ങളോട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തു. സത്യം പറയുവാനും അമാനത്ത് നൽകുവാനും കുടുംബ ബന്ധം ചേർക്കുന്നതിനും അയൽവാസികളോട് നല്ലനിലയിൽ വർത്തിക്കുവാനും അദ്ദേഹം ഞങ്ങളോട് കൽപിച്ചു. നിഷിദ്ധമായ കാര്യങ്ങളിൽനിന്നും രക്തം ചിന്തുന്നതിൽനിന്നും അദ്ദേഹം (ഞങ്ങളെ) തടുത്തു. നമസ്‌കാരം, സകാത്ത്, നോമ്പ്, ദാനധർമം (തുടങ്ങിയ) സൽസ്വഭാവങ്ങളിൽനിന്ന് അറിയപ്പെടുന്ന എല്ലാംകൊണ്ടും അദ്ദേഹം ഞങ്ങളോട് കൽപിച്ചു. വ്യഭിചാരം, നീചവൃത്തി, അനാവശ്യ സംസാരം, അനാഥയുടെ സ്വത്ത് ഭുജിക്കൽ, സദ്‌വൃത്തകളെക്കുറിച്ച് അപവാദം പറയൽ (തുടങ്ങിയ) തിന്മകളായി അറിയപ്പെടുന്ന എല്ലാം അദ്ദേഹം ഞങ്ങളോട് വിലക്കുകയും ചെയ്തു. (അദ്ദേഹത്തിന്) ഇറക്കപ്പെട്ടത് ഞങ്ങൾക്ക് അദ്ദേഹം ഓതിത്തന്നു. (അതിന്) സാദൃശ്യമാകുന്ന ഒന്നുമില്ല. അങ്ങനെ ഞങ്ങൾ അദ്ദേഹത്തെ സത്യപ്പെടുത്തുകയും അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തു. അദ്ദേഹം ഞങ്ങൾക്ക് കൊണ്ടുവന്നത് അല്ലാഹുവിന്റെ അടുത്തുനിന്നുള്ള സത്യമാണെന്ന് ഞങ്ങൾ മനസ്സിലാക്കുകയും ചെയ്തു. അപ്പോൾ ഞങ്ങൾ അല്ലാഹുവിൽ യാതൊന്നും പ

ങ്കുചേർക്കാതെ അവനെമാത്രം ആരാധിച്ചു. അദ്ദേഹം ഞങ്ങൾക്ക് നിഷിദ്ധമാക്കിയതെല്ലാം ഞങ്ങൾ നിഷിദ്ധമാക്കുകയും ഞങ്ങൾക്ക് അനുവദനീയമാക്കിയതിനെ ഞങ്ങൾ അനുവദനീയമാക്കുകയും ചെയ്തു...''

ജാഹിലിയ്യാ കാലത്തെ വിശ്വാസ, സ്വഭാവ രംഗങ്ങളിലെ അധഃപതനം എത്ര ആഴമേറിയതാണെന്ന് ജഅ്ഫറി ﷺ ന്റെ സംസാരം നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. അല്ലാഹുവിന് പുറമെയുള്ളവരെ ആരാധിക്കുക, നല്ലതും ചീത്തയും നോക്കാതെ ഭക്ഷിക്കുക, ദുർബലരെ അടിച്ചമർത്തി കഴിവുള്ളവർ കാര്യം നേടുക, അയൽവാസികളോട് മോശമായി പെരുമാറുക, കുടുംബബന്ധത്തിന് യാതൊരു വിലയും കൽപിക്കാതിരിക്കുക തുടങ്ങിയവയെല്ലാം സാർവത്രികമായിരുന്ന കാലത്താണ് മുഹമ്മദ് നബി ﷺ വരുന്നത്. അവിടുന്ന് നൽകിയ ഉപദേശങ്ങൾ മക്കക്കാരിൽ മാറ്റമുണ്ടാക്കി. എല്ലാ നന്മകളും ഉൾക്കൊള്ളുവാനും എല്ലാ തിന്മകളും വർജിക്കുവാനും അവർ തയ്യാറായി. ലോകത്തിനുതന്നെ മാതൃകയായ ഒരു തലമുറയെ ക്വുർആൻ ഓതിക്കൊടുത്ത് നബി ﷺ വാർത്തെടുക്കുകയായിരുന്നു.


ഒരിക്കൽ പോലും നബി ﷺ തന്റെ ജീവിതത്തിൽ അല്ലാഹുവല്ലാത്തവരുടെ മുന്നിൽ യാതൊന്നും അർപ്പിച്ചില്ല. സ്രഷ്ടാവിനെ മാത്രം വണങ്ങിയും വഴങ്ങിയും ജീവിച്ചുപോന്നു. വ്യഭിചാരമോ മദ്യപാനമോ ചൂതാട്ടമോ കലഹമോ ചീത്ത കൂട്ടുകെട്ടോ ഒന്നും നബി ﷺ യിൽ ഉണ്ടായില്ല. നർത്തകിമാരുടെ നൃത്ത സദസ്സിൽ മുഹമ്മദ് എന്ന ചെറുപ്പക്കാരന്റെ സാന്നിധ്യം ഉണ്ടായിരുന്നില്ല. ജാഹിലിയ്യ കാലത്ത് ആണും പെണ്ണും വിവസ്ത്രരായിട്ടായിരുന്നു കഅ്ബയെ ത്വവാഫ് ചെയ്തിരുന്നത്. അതിന് അവർക്ക് പല ന്യായവും പറയുവാനുണ്ടായിരുന്നു. ഏത് തിന്മ ചെയ്യുന്നവരും അവരുടെ തിന്മക്ക് ന്യായം കണ്ടെത്താൻ ശ്രമിക്കുമല്ലോ. ഇവരും ഈ വൃത്തികേടിനെ ന്യായീകരിച്ചു. പാപം ചെയ്തിരുന്ന വേളകളിൽ ധരിച്ചിരുന്ന വസ്ത്രത്തിൽ പവിത്രമായ കഅ്ബയെ ത്വവാഫ് ചെയ്തുകൂടാ എന്നതായിരുന്നു അതിന് അവർ കണ്ടെത്തിയ ന്യായം. പെൺകുഞ്ഞ് പിറന്നാൽ അപമാനത്താൽ വീടിനകത്ത് ഒളിഞ്ഞ് കഴിഞ്ഞിരുന്നവരും പെൺകുഞ്ഞിനെ ജീവനോടെ കുഴിച്ചുമൂടിയവരും അവർക്കിടയിലുണ്ടായിരുന്നു. നർത്തകിമാരുടെ കൂടെ ആടിപ്പാടി ഉല്ലസിച്ചു നടന്നിരുന്ന സമൂഹം. അനാഥയുടെ സ്വത്ത് അന്യായമായി ഭുജിക്കാൻ മടിയില്ലാത്തവർ... ഇങ്ങനെ സർവ തിന്മകളെയും വാരിപ്പുണർന്ന സമൂഹം. ഇതിലൊന്നും പങ്കുചേരാത്ത ഒരാളെ പുരുഷനായോ സ്ത്രീയായോ അവർ കണ്ടിരുന്നില്ല എന്നത് കൂടി ഇതിലേക്ക് ചേർത്തുവായിച്ചാൽ ആ ജനതയുടെ സ്വഭാവവും സംസ്കാരവും നന്നായി മനസ്സിലാകും. ഇങ്ങനെയെല്ലാം ആകമാനം തിന്മകളായിരുന്നിട്ടും മുഹമ്മദ് നബി ﷺ യെ അതൊന്നും സ്പർശിച്ചില്ല എന്നത് അത്ഭുതം തന്നെയായിരുന്നു.

ചെറുപ്പക്കാരനായ ഒരു വ്യക്തിക്ക് എങ്ങനെയാണ് ഇത്തരം സാഹചര്യങ്ങളിൽ തിന്മകളിലേക്ക് വഴുതിപ്പോകാതെ ഉന്നത സംസ്കാരത്തിൽ നിലയുറപ്പിക്കുവാൻ സാധിക്കുക? മുഹമ്മദ് നബി ﷺ ക്ക് ചെറുപ്പം മുതൽ തന്നെ അല്ലാഹുവിന്റെ പ്രത്യേകമായ ഒരു കാവൽ ലഭിച്ചിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. കൂടെയുള്ളവരെല്ലാം ത്വവാഫിന്റെ വേളയിൽ കഅ്ബയിൽ നാട്ടിയ വിഗ്രഹങ്ങളിൽ തൊടുകയും അവയ്ക്ക് നേരെ കൈകൊണ്ട് ആംഗ്യം കാണിക്കുകയും ചെയ്തിരുന്നു. എന്നാൽ അവിടുത്തെ മനസ്സ് അത്തരം അന്ധവിശ്വാസത്തിലേക്ക് ഒരിക്കൽപോലും ചാഞ്ഞില്ല. താൻ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പൂർവപിതാക്കളായ ഇബ്റാഹീം നബി ﷺ യുടെയും ഇസ്മാഈൽ നബി ﷺ യുടെയും വിഗ്രഹങ്ങൾ അവിടെ നാട്ടിയിരുന്നു. അതിന്റെ നേരെപോലും അവിടുത്തെ കരങ്ങൾ ഒരിക്കലും ഉയർന്നില്ല. അവയെ തടവുകയോ മുത്തമിടുകയോ ചെയ്തില്ല. ശിർക്കിന്റേതായ ഒരു പ്രവർത്തനവും അദ്ദേഹത്തിനിന്ന് ഉണ്ടായില്ല. ബലിക്കല്ലുകളിൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ അറവ് നടത്തിയിട്ടുള്ള മാംസത്തിന്റെ ഒരു തുണ്ടുപോലും അവിടുത്തെ വയറിലേക്ക് എത്തിയിരുന്നില്ല. പ്രശ്ന പരിഹാരത്തിനായി ജ്യോത്സ്യന്മാരെയും കണിയാൻമാരെയും സമീപിച്ചിരുന്ന സമൂഹത്തിൽ ജീവിച്ച മുഹമ്മദ് ﷺ തന്റെ പ്രശ്നപരിഹാരത്തിന് ഈ വഴിയേതും സ്വീകരിച്ചില്ല. പ്രവാചകൻ ആകുന്നതിനു മുമ്പ് തന്നെ അല്ലാഹു നബി ﷺ ക്ക് പ്രത്യേക സ്ഥാനവും ആദരവും നൽകിയിരുന്നു എന്നതാണ് ഇവയെല്ലാം നമുക്ക് മനസ്സിലാക്കിത്തരുന്നത്.

സമൂഹത്തിലെ മലിന സംസ്കാരത്തോട് ഒരിക്കലും സഹകരിക്കാതിരുന്ന ആ ചെറുപ്പക്കാരൻ അവർക്കിടയിൽ വിശ്വസ്തനും സത്യസന്ധനുമായി അറിയപ്പെട്ടു. അൽഅമീൻ (വിശ്വസ്തൻ) എന്ന നാമം പോലും അവർ ആ ചെറുപ്പക്കാരന് നൽകി. ആർക്കും എന്തും വിശ്വസിച്ച് ഏൽപിക്കാവുന്ന വിശ്വസ്തനായിരുന്നു മുഹമ്മദ് നബി ﷺ. മക്കക്കാർ കച്ചവടത്തിനും മറ്റുമായി മറു നാടുകളിലേക്ക് പോകുമ്പോൾ വിലപിടിപ്പുള്ള വസ്തുക്കൾ മുഹമ്മദ് ﷺ നെയായിരുന്നു ഏൽപിക്കാറ്. വാക്കുകളിലും നോക്കുകളിലും പ്രവൃത്തികളിലും സത്യസന്ധത പുലർത്തിയ മഹാനായിരുന്നു അവിടുന്ന്. **(തുടരും)**

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com

ലേഖനം



# ജമാഅത്തെഇസ്‌ലാമി: പേജിലും വെള്ളിത്തിരയിലും രാഷ്ട്രീയത്തിലും നൽകുന്ന സന്ദേശം

2

കുഴിയിലേക്ക് കാലുംനീട്ടിയിരിക്കുന്നവരെ അഭിമുഖം നടത്തിയാലും ഒരു പുല്ലാംകുഴൽ അവരുടെ വായിൽ തിരുകിക്കയറ്റി അതിന്റെ ഹലാലും പുണ്യവും വായനക്കാരെ ബോധ്യപ്പെടുത്തി ചാനലിൽ രണ്ടാളെ കൂടുതലാക്കാനുള്ള എളിയ ശ്രമത്തിലാണ് 'പ്രബോധനം' പത്രാധിപരും. സയ്യിദ് മൗദൂദി സാഹിബ് ഇന്ന് കേരളത്തിൽ ജീവനോടെ ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വായിലും ഇങ്ങനെഒരു 'പുല്ലാംകുഴൽ' തിരുകി ഹലാൽവല്ക്കരിക്കാനുള്ള എളിയശ്രമം കേരള ജമാഅത്തുകാർ നടത്തുമായിരുന്നുവെന്ന് കണക്കുകൂട്ടാം.

പിന്നെ 'ഹലാൽ സ്റ്റോറി'യുടെ കാര്യം പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ, കേരളത്തിലെ ഒട്ടുമിക്ക ജമാഅത്ത് സ്ഥാപനങ്ങളിലും സിനിമാ/സീരിയൽ നിർമാതാക്കൾ കയറിയിറങ്ങുകയാണ്. അഭിനയം, സിനിമാനിർമാണം തുടങ്ങിയ വിഷയങ്ങളിൽ ഗഹനമായ ഇജ്തിഹാദും ചർച്ചകളും കൊണ്ട് സമ്പുഷ്ടമാണ് ജമാഅത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

കേവലം ഒപ്പനയിലും മാപ്പിളപ്പാട്ടിലും തുടക്കമിട്ട ജമാഅത്ത് കലാപ്രതിഭകൾ പലരും വെള്ളിത്തിരയിൽ മിന്നിമറിയുന്ന സൂപ്പർ സ്റ്റാറുകളായി തീർന്നിരിക്കുന്നു. ഖുത്വുബാത്തിലും തഫ്ഹീമിലും റസാഇൽ വമസാഇലിലും മൗദൂദി പലതും പറഞ്ഞെന്നിരിക്കും, ജീവിക്കണമെങ്കിൽ പണംകൂടിയേ തീരുവെന്ന് ശൂറകൾ ആണയിടുന്നു.

സിനിമയും താരങ്ങളും ജമാഅത്തുകാരെ അന്ധരാക്കിയതിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു ഈയിടെ[6] പുറത്തിറങ്ങിയ പ്രബോധനം 'സിനിമാ സ്പെഷ്യൽ പതിപ്പ്!' ഒരു ലക്കം മുഴുവനും സിനിമയുടെ പുണ്യം പറയാൻ വിനിയോഗിച്ച 'സമഗ്ര ഇസ്‌ലാമിക പ്രസ്ഥാനത്തിന്' താരസംഘടനയായ 'അമ്മ'യുടെ ജനറൽ ബോഡിയിലേക്ക് മത്സരിക്കാനുള്ള അർഹത ഉടനെയുണ്ടാകുമെന്നും പ്രതീക്ഷിക്കാം. ദാവൂദ് നബിﷺക്ക് അല്ലാഹു നൽകിയ ശബ്ദമാധുര്യമെന്ന മഹനീയ അനുഗ്രഹത്തെ വാദ്യോപകരണമായി വ്യാഖ്യാനിച്ച് ഒപ്പിക്കാനുള്ള പ്രമുഖ സിനിമാ ലേഖകന്റെ 'ഇൽമ്' അപാരം തന്നെ!

സിനിമക്ക് പോയതിന്റെ പേരിൽ ശാന്തപുരം, വാടാനപ്പള്ളി, തിരൂർക്കാട് സ്ഥാപനങ്ങളുടെ ഹോസ്റ്റലിൽ നിന്നും പുറത്തായവരും, സിനിമക്ക് പോകുന്നശീലം ഒഴിവാക്കാൻ സാധിക്കാത്തതിന്റെ പേരിൽ എസ്.ഐ.ഒ മെമ്പർഷിപ്പ് പുതുക്കാനാകാതെ പെരുവഴിയിൽ അകപ്പെട്ടവർക്കും 'അബ്ബാസിയുഗത്തിലെ അഭിനവ പരിഷ്ക്കരണം' ഏറെ ഉപകരിക്കുമെന്നതിന് ഇരുപക്ഷമില്ല.

സിനിമാരംഗത്തെ മയക്കുമരുന്ന് മാഫിയകളുടെ തഴച്ചുവളരിൽ ആശങ്കയുള്ള ഏക ഇസ്‌ലാമിക പ്രസ്ഥാനം ജമാഅത്തെ ഇസ്‌ലാമി മാത്രമാണെന്ന് അവർ തെളിയിച്ചുകഴിഞ്ഞു: 'ബഹുജന മാധ്യമമായ സിനിമയുടെ പ്രവർത്തകർ നിരോധിക്കപ്പെട്ട മയക്കുമരുന്ന് വ്യാപാരത്തിന്റെ കണ്ണികളാവുകയും കള്ളക്കടത്ത്-പെൺവാണിഭ മാഫിയകളുടെ ഏജന്റുമാരാവുകയും ചെയ്യുന്ന വാർത്തകൾ മൂല്യാധിഷ്ഠിത കലാരംഗത്ത് പ്രവർത്തിക്കുന്നവരെ ഞെട്ടിക്കുന്നതാണ്. സർക്കാരും ബുദ്ധിജീവികളും ഇടപെട്ട് കേരളത്തിന്റെ സാംസ്ക്കാരികരംഗം ശുദ്ധീകരിക്കണമെന്ന് തനിമ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ഫറോക്ക് ഇർഷാദിയാ കോളേജിൽ നടന്ന സംസ്ഥാന കൗൺസിൽ രക്ഷാധികാരി ടി.കെ.ഹുസൈൻ ഉദ്ഘാടനം ചെയ്തു.'[7] ജമാഅത്തുകാരുടെതന്നെ ഭാഷയിൽ പറഞ്ഞാൽ 'അബ്ബാസി ഖിലാഫത്തിലെ സമഗ്രമാറ്റങ്ങൾ!'

മീഡിയാവൺ നടത്തിയ 'ആർത്തവ ചർച്ചയിൽ' പ്രമുഖ ജമാഅത്ത് പ്രവർത്തകക്ക് 'ഫാമിലി കൗൺസിലർ'എന്ന കുപ്പായമണിയിച്ച് സീറ്റുനൽകിയിരുന്നു. കല്യാണവീട്ടിലും മരണവീട്ടിലും എന്നുവേണ്ട എല്ലായിടത്തും രണ്ടായി പിരിഞ്ഞിരിക്കാൻ നിർബന്ധിക്കപ്പെടുന്ന സ്ത്രീകൾക്ക് യാതൊരു പരിഗണനയും നൽകാത്ത 'ഇസ്‌ലാമിൽ' തങ്ങൾ അനുഭവിക്കുന്ന ശ്വാസംമുട്ടലിനെപ്പറ്റി ചില ലക്കും ലഗാനുംകെട്ട പെൺപിള്ളേർ വാചാലരായപ്പോൾ ഇസ്‌ലാമിനെ പ്രതിനിധീകരിച്ച 'കൗൺസിലർ' മൗനം ഭജിച്ച് സമാധാനം പുനഃസ്ഥാപിച്ചു! ആർത്തവമാരംഭിച്ചാൽ പിന്നെ ആൺപിള്ളേരുമായി സഹകരിച്ചാൽ 'ഗർഭം' ഉണ്ടാകുമെന്ന ദർസാണ് തനിക്ക് വീട്ടിൽനിന്ന് ലഭിച്ചതെന്ന് പത്താം തരംവരെ മദ്റസയിൽ പഠിച്ചുവെന്ന് അവകാശപ്പെടുന്ന മറ്റൊരു സ്ത്രീ അവകാശപ്പെട്ടപ്പോഴും കൗൺസിലർ 'സമാധാനപൂർവം' മൗനം ഭജിച്ചു.

ആർത്തവരക്തം സാധാരണ രക്തം പോലെ ഒരു സ്രവം മാത്രമാണെന്നും അതിന് പ്രത്യേകതകൾ ഒന്നുംതന്നെയില്ലെന്നും നേരത്തെ പലതവണ തന്റെ രചനകളിലൂടെ ഇസ്‌ലാമിനെ കറക്കിയടിക്കാൻ ശ്രമിച്ചിട്ടുള്ള 'ബർസയിലെ' എം.ബി.ബി.എസ്കാരി തട്ടിവിട്ടപ്പോഴും തനിക്ക് ലഭിക്കാനിടയുള്ള സമാധാനത്തിനുള്ള അവാർഡ് നഷ്ടപ്പെടുത്തേണ്ടയെന്ന കാരണത്താലാകും കൗൺസിലർ അവിടെയും മൗനം ഭജിച്ച് തടി സലാമത്താക്കി! 'ആർത്തവകാലത്ത് ഡയറക്റ്റ് ഇന്റർകോഴ്സ് മാത്രമാണ് പാടില്ലാത്തതെന്ന്' കൗൺസിലർ പറഞ്ഞതൊഴിച്ചാൽ വിവരംകെട്ട ജഹാലത്തുകൾക്ക് ബറകത്തായ ഒരു സാമീപ്യം മാത്രമായിരുന്നു ഈ ചർച്ചയും സാന്നിധ്യവും. ചർച്ചയിൽ തന്റെ വിശ്വാസവും നിലപാടും ശക്തമായി പ്രതിഫലിപ്പിക്കാൻ ശ്രമിച്ച ബി.ജെ.പി.ജില്ലാ വനിതാനേതാവിന്റെ നിലവാരംപോലും പുലർത്താനാകാത്ത പ്രതിനിധികളെ പങ്കെടുപ്പിച്ച ജമാഅത്ത് മീഡിയയുടെ ചർച്ച എന്താണ് ലഷ്യമിടുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പഴയ മുരുക്കുംപെട്ടിയിൽ നാലരരൂപയുടെ മൂലധനവുമായി ഇറങ്ങിത്തിരിച്ചവർ 'കർമശാസ്ത്രത്തിൽ തങ്ങളാരും മൗദൂദിയെ തക്‌ലീദ് ചെയ്യാറില്ല' എന്ന് മുൻകൂർ ജാമ്യമെടുക്കുമ്പോൾ പിന്നെ എവിടെയാണ് സയ്യിദ് മൗദൂദി നിങ്ങൾക്കിടയിൽ ആത്മാവും ജീവനുമായി തുടരുന്നതെന്ന് ചോദിച്ചാൽ അത് ഐ.പി.എച്ചിന്റെ പുസ്തകക്കച്ചവടത്തിൽ മാത്രമാണെന്ന മറുപടിയാണ് കൂടുതൽ ശരി. 'പ്രണയത്തിന് ജാതിയും മതവുമില്ലെന്നും ആർക്കും ആരെയും എങ്ങനെയും പ്രേമിക്കാനും കല്യാണം

കഴിക്കാനുമുള്ള പൗരാവകാശം ഇന്ത്യൻ ഭരണഘടന പ്രായപൂർത്തി അവകാശമായി നൽകിയിട്ടുണ്ടെന്നുമുള്ള...' മഹനീയ ഉപദേശങ്ങൾ നൽകാൻ മീഡിയാവണ്ണിലെ എം.ഐ.റ്റി മൂസയുള്ളപ്പോൾ സുന്ദരമായ ചട്ടക്കൂട്ടിൽ ആകർഷണീയമായ ശൈലിയിൽ പടച്ചുവിടുന്ന ജമാഅത്ത് സാഹിത്യങ്ങളും പരിഭാഷകളും ഒരുതവണയെങ്കിലും മറിച്ചുനോക്കാനുള്ള സന്മനസ്സ് വളർന്നുവരുന്ന ജമാഅത്ത് തലമുറകൾക്ക് നഷ്ടപ്പെടുന്നതിൽ അത്ഭുതപ്പെടാനില്ല.

പ്രാമാണികമായി സ്ഥിരപ്പെട്ടതും മതപരമായി പ്രാബല്യത്തിലുള്ളതുമായ പലതും ജമാഅത്തുകാരെ സംബന്ധിച്ചിടത്തോളം 'ജാഹിലിയ്യത്ത്' ആണ്. സാക്ഷാൽ സയ്യിദ് മൗദൂദി ഇന്ന് ഇവർക്കിടയിൽ ജീവിച്ചിരുന്നെങ്കിലും ഇതു തന്നെയാകുമായിരുന്നു അവസ്ഥ. കയ്യിൽ ഗുണ്ടാശൈലിയിൽ ചരടുംകെട്ടി, കാതിൽ അബ്കാരി മുതലാളിമാരെപ്പോലെ കടുക്കനുമണിഞ്ഞ്, അയവെട്ടുന്ന കന്നുകാലികളെപ്പോലെ ച്യൂയിംഗം ചവച്ച് അടിപൊളിയായി ജീവിക്കുന്ന 'മൂസ'ക്കാന്റെ കുടുംബം ആരെ പ്രതിനിധീകരിക്കുന്നുവെന്ന് പ്രത്യേകം എഴുതിപ്പിടിപ്പിക്കേണ്ടതില്ലല്ലൊ.

പല്ലിയുടെവാൽ അതിന്റെ ജീവിതത്തിൽ നിർവഹിക്കുന്ന ആത്മരക്ഷാർഥമുള്ള ഒരുനടപടിക്രമം ജമാഅത്തുകാർ വാലിൽ ഫിറ്റ് ചെയ്തിട്ടുള്ള 'ഇസ്‌ലാമി' എന്ന സങ്കേതിക ശബ്ദം നിർവഹിക്കുന്നുണ്ട്. വാലിൽ തുന്നിയിട്ടുള്ള ഇസ്‌ലാമെന്ന ഈ സാങ്കേതികതയുടെ മറപിടിച്ചുകൊണ്ട് സകല മ്ലേച്ഛതകളെയും ഇവർ പ്രതിഫലാർഹമായ പുണ്യമാക്കിത്തീർക്കുന്നു! ആരെങ്കിലും ഈ തട്ടിപ്പിനെ തിരിച്ചറിഞ്ഞാൽ സൂറഃ അഹ്‌സാബും നൂറും അങ്ങനെ പലതും അന്ന് അവതരിച്ച മാതിരിയാണ് ഇവർക്ക്.

പ്രതികരിക്കുന്നവനെ എങ്ങനെ ഒതുക്കാമെന്ന ജമാഅത്ത് കേഡർപാർട്ടി സംവിധാനം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒ.അബ്ദുല്ലയുടെയും ഖാലിദ് മൂസാ നദ്‌വിയുടെയും അനുഭവങ്ങൾ വിശകലനം ചെയ്യാവുന്നതാണ്. 'ഇനിയൊരങ്കത്തിന് ബാല്യമില്ലാത്ത നിലയിൽ പ്രായം അറുപതിനോടടുത്ത സമയത്താണ് തന്നെ കാലിൽപിടിച്ച് കീഴ്ക്കാംതൂക്കാക്കി വലിച്ചെറിഞ്ഞത്' എന്ന ഒ.അബ്ദുല്ലയും, 'സർക്കാർ സർവീസിൽ ലഭിക്കാൻ സാധ്യതയുണ്ടായിരുന്ന ജോലിയും ആനുകൂല്യങ്ങളും വേണ്ടെന്നുവെച്ചിട്ടാണ് ജമാഅത്ത് ആദർശത്തെ സേവിക്കാനിറങ്ങിയത്, തന്റെ ഉപജീവനമാർഗമായ അധ്യാപനജോലിയെങ്കിലും മടക്കിത്തന്ന് തന്നെ സഹായിക്കണം' എന്ന് ഖാലിദ് മൂസയും വിലപിച്ചത് ജമാഅത്ത് പ്രഭുക്കന്മാർക്ക് മുന്നിലാണ്. ഇരുവരും ചെയ്ത തെറ്റാകട്ടെ, സാമ്പത്തിക രംഗത്തെ ജമാഅത്തിന്റെ അച്ചടക്കമില്ലായ്മയെ ചൂണ്ടിക്കാട്ടൽ! മാധ്യമമില്ലാത്ത മലേഷ്യയിലേക്ക് പത്രത്തിന്റെ സർക്കുലേഷൻ വർധിപ്പിക്കാൻ ടൂർപോയതും, ജോലി ചെയ്യാതെ വൻതോക്കുകളും ഗർജിക്കുന്ന സിംഹങ്ങളും ആനുകൂല്യങ്ങൾ പറ്റുന്നതും അടക്കം നിരവധി കാര്യങ്ങൾ ഒ.അബ്ദുല്ല എണ്ണിയെണ്ണി നിരത്തുന്നു.

ജമാഅത്ത് മീഡിയയുടെ ആസ്തിവർധനവിനു വേണ്ടി ഗൾഫിൽനിന്നും സ്വദഖയായും സകാത്തായി പിരിച്ചെടുത്ത കോടികൾ പ്രസ്ഥാനത്തിനകത്തെ ബിനാമികൾ ധൂർത്തടിക്കുന്നതിനെപ്പറ്റിയുള്ള വാർത്ത പരസ്യപ്പെടുത്തിയതാണ് ഖാലിദ്മൂസക്കെതിരിലുള്ള കുറ്റപത്രം. പറഞ്ഞവിഷയത്തിലെ കതിരും പതിരുമൊന്നും ചികയാനുള്ള സന്മനസ്സൊന്നും ബന്ധപ്പെട്ട ഇമാറത്തുകൾക്ക് ഉണ്ടായില്ലെന്ന് ഖാലിദ് പലതവണ പരിതപിച്ചതാണ്. ആയത്തും ഹദീസും വിശദീകരിച്ച് ഗൾഫിൽനിന്നും പിരിച്ചെടുക്കുന്ന കോടികൾ ബിനാമികളിലൂടെ കമ്മീഷൻ ഏജന്റുമാരിലൂടെ ചോർന്നുപോകുന്നത് ചൂണ്ടിക്കാട്ടുന്നത് ഒരുമഹാ അപരാധമായിട്ടാണ് ജമാഅത്ത് നേതാക്കൾ മനസ്സിലാക്കിയിട്ടുള്ളത്.

സാമ്പത്തിക ധൂർത്തിനെപ്പറ്റി ഏറ്റവും അവസാനം പ്രതികരിച്ചത് മാധ്യമം/മീഡിയവൺ ദൽഹി പ്രതിനിധിയും പ്രമുഖ മാധ്യമപ്രവർത്തകനുമായ എം.റഷീദുദ്ദീനാണ്. സോഷ്യൽ മീഡിയയിൽ പരസ്യപ്പെടുത്തിയ അദ്ദേഹത്തിന്റെ തിക്താനുഭവങ്ങൾ ജമാഅത്തുകാരെത്തന്നെ ഞെട്ടിച്ചുവെന്നാണ് പ്രതികരണങ്ങളിൽനിന്നും മനസ്സിലാകുന്നത്. ജോലിചെയ്തവർക്ക് സമയത്ത് കൂലിനൽകിയില്ലെന്ന പേരിൽ 'വഞ്ചനാദിനം' ആചരിച്ചുകൊണ്ട് മാധ്യമം സ്ഥാപനത്തിനു മുന്നിൽ ഉയർന്ന ഫ്‌ളക്‌സുകൾ ഇതിന്റെ പിന്തുടർച്ചയാണ്. അമീറുൽ മുഅ്മിനീൻ ഉസ്മാൻ ഇബ്നു അഫ്ഫാൻ(റ), അബൂഹുറയ്റ(റ) തുടങ്ങിയ പ്രമുഖന്മാരായ സ്വഹാബികളെപ്പറ്റി അഴിമതിയാരോപണങ്ങളും കല്ലുവെച്ച നുണകളും എഴുതിപ്പിടിപ്പിച്ച പുസ്തകം പതിറ്റാണ്ടുകളായി വിറ്റുകാശാക്കുന്ന ജമാഅത്തുകാർക്ക് സ്വന്തം പോളിറ്റ് ബ്യൂറോക്ക് നേരെ ഉയർന്ന ഈ ആരോപണങ്ങളെപ്പറ്റി എന്തുപറയാനുണ്ടെന്ന ചോദ്യം ബാക്കിയാണ്.

ലജ്ജയില്ലെങ്കിൽ നിനക്കെന്തുമാകാമെന്ന് നബി(സ) പഠിപ്പിക്കുന്നു. ഉമ്മത്തിലെ അവശേഷിക്കുന്ന ലജ്ജയുടെ അംശവും തോട്ടിലെറിയാൻ ആഹ്വാനം ചെയ്യുന്ന ഇത്തരം അഭിനവ മതവാണിഭക്കാർക്കെ

തിരിൽ അൽപമെങ്കിലും ലജ്ജ അവശേഷിക്കുന്നവർ പ്രതികരിക്കാതിരുന്നാൽ ഈ നാണക്കേടിന് കുടപിടിക്കലാകുമത്. 'തെക്കൻ കേരളത്തിൽനിന്നും മതപ്രഭാഷകരുടെ വേഷംകെട്ടി മലബാറുകാർക്കിടയിൽ മിന്നിത്തിളങ്ങുന്ന ഫൈവ്സ്റ്റാർ പ്രഭാഷകർ പാതിരാവുകളിൽ വിളമ്പി നിർവൃതിയടയുന്ന ഹൈള്-നിഫാസ്-ജനാബത്ത് മസ്അലകളുടെ അതിപ്രസരണത്തെയും ദീനിന്റെ കുടപിടിച്ചുകൊണ്ട് നടത്തുന്ന പാതിരാപോക്കറ്റടിയെയും' 'അവർ നിന്റെ ദാസന്മാരെ വഴിയിൽ കൊള്ളയടിക്കുന്നവരാകുന്നു' എന്ന പ്രയോഗത്തിലേക്ക് ചേർത്തുകൊണ്ട് 'പ്രബോധനം' വീക്കിലിയിൽ[8] ലേഖനമെഴുതി മറ്റുള്ളവരെ ഗുണദോഷിക്കുമ്പോഴും, സ്വന്തം കാലിലെ വിശാലമായ മന്ത് കാണാനുള്ള കഴിവ് ഈ ഗുണദോഷികൾക്കില്ലാതെ പോകുന്നത് ഏറെ പരിതാപകരംതന്നെ!

സർക്കാർ ഉടമസ്ഥതയിലുള്ള ബസ്സിൽ വ്രതശുദ്ധിയുടെ പേരിൽ യുവതിക്കും കുട്ടികൾക്കും യാത്രാനുമതി നിഷേധിച്ച സംഭവം കേരളത്തിലെ പല ചാനലുകളിലും ചർച്ചയായിരുന്നു. ഇതിന്റെ പേരിലെ പൗരാവകാശ ലംഘനത്തെ മിക്കവരും വിമർശിക്കുകയും അപലപിക്കുകയും ചെയ്തതാണ്. എന്നാൽ ഇതിന്റെ മറപിടിച്ചുകൊണ്ട് അശ്ലീലം പ്രചരിപ്പിക്കുന്ന 'തറപരിപാടി' ജമാഅത്തുകാരുടെ മാത്രം സംഭാവനയായിപ്പോയി. 'വിശ്വാസങ്ങൾ മാറണമെന്ന് ഈ കുട്ടികൾ നമ്മോട് പറയുന്നു, നിങ്ങളും അതാഗ്രഹിക്കുന്നില്ലേ! ചില വിശ്വാസങ്ങൾ മാറേണ്ടേ? മതസ്ഥാപനങ്ങൾ മാറേണ്ടേ? നമ്മളും മാറേണ്ടേ? കാലത്തിനനുസരിച്ച് ചിലത് ബോധ്യപ്പെടേണ്ടേ?



ഈ ചർച്ചയിലൂടെ ഞങ്ങൾ തെളിയിക്കാൻ ശ്രമിച്ചതും അതായിരുന്നു...' എന്ന് അവതാരകൻ പ്രഖ്യാപിക്കുമ്പോൾ നാണവും മാനവുമില്ലാത്ത ഒരു കന്നുകാലി സമാന സമൂഹത്തെ പിന്നാലെ അഴിച്ചുവിടാൻപോകുന്നുവെന്ന സൂചനയാണ് ഇതിൽ ലഭിക്കുന്നത്. അത് ഏകദേശം പ്രാവർത്തികമാവുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾക്ക് നിരന്തരമായ അലർജി സമ്മാനിച്ചുകൊണ്ടിരിക്കുന്ന 'മതമെന്നമേലങ്കി' ഒന്നഴിച്ചുവെക്കാൻ അനുവദിക്കണമെന്നാണ് മങ്കമാർ ജമാഅത്ത് മീഡിയയിലൂടെ ആവശ്യപ്പെടുന്നത്.

ശൈഖ്മുഹമ്മദ് കാരക്കുന്ന് എഴുതുന്നു: "അനിയന്ത്രിതമായ സ്ത്രീപുരുഷ സമ്പർക്കങ്ങൾ അനാശാസ്യ പ്രവണതകൾക്ക് ആക്കംകൂട്ടുന്നു. പുരോഗമനത്തിന്റെയും പരിഷ്ക്കാരത്തിന്റെയും പേരിൽ മതം വിളക്കിയെടുത്ത വിലക്കുകൾ ലംഘിക്കുന്നവർ അതിവേഗം ലൈംഗിക അരാജകത്വത്തിന് അടിമപ്പെടുന്നു. മതനിരാസത്തിന്റെ മുദ്രയണിഞ്ഞ പാശ്ചാത്യരുടെയും അവരെ അന്ധമായി അനുകരിക്കുന്ന പൗരസ്ത്യരുടെയും അനുഭവങ്ങൾ ഇതിനു സാക്ഷിയാണ്. കുത്തഴിഞ്ഞ ജീവിതവും പരിധികൾ പാലിക്കാത്ത പെരുമാറ്റവും നിർലജ്ജമായ വസ്ത്രധാരണവും സമകാലീന സമൂഹത്തിൽ വരുത്തുന്ന വിനകൾ വിവരണാതീതമത്രെ. നിർദോഷമായ ഒരുനോട്ടം നാശനിമിത്തമായേക്കാവുന്ന രണ്ടാമത്തതിലേക്കും മൂന്നാമത്തതിലേക്കും നയിക്കുന്നു. പിന്നീടവ പലഘട്ടങ്ങളിലൂടെ വളർന്ന് അനിഷ്ടകരമായ അന്ത്യത്തിലെത്തുന്നു. ലോകത്തെങ്ങും ഇന്നു നടക്കുന്ന ദാമ്പത്യത്തകർച്ചകളുടെയും കുടുംബ ശൈഥില്യങ്ങളുടെയും പിന്നിൽ അനിയന്ത്രിതമായ സ്ത്രീപുരുഷ സമ്പർക്കങ്ങളിൽനിന്നുണ്ടാകുന്ന ലൈംഗിക അരാജകത്വം അനൽപമായ പങ്കുവഹിക്കുന്നു... പരസ്ത്രീ-പുരുഷന്മാർക്കിടയിലെ ഇടപെടലുകളിൽ മതം'പാടില്ല'കളുടെ പട്ടിക സമർപ്പിക്കാനുള്ള കാരണവുമതത്രെ. അവ പൂർണമായും പാലിച്ച് കുറ്റങ്ങളുടെ കവാടങ്ങൾ അടക്കുന്നവർ പരിശുദ്ധി പ്രാപിക്കുകയും നിരാകരിക്കുന്നവർ നാശത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു.'[9]

സമഗ്ര ഇസ്‌ലാമികപ്രസ്ഥാനം ചാനൽ തുടങ്ങുന്നതിനും സിനിമാനിർമാണം ആരംഭിക്കുന്നതിനും കാലങ്ങൾക്ക് മുമ്പാണ് ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ ഈ വരികൾ മഷി പുരണ്ടത്. ഇതിൽ പറഞ്ഞതിൽ എന്തെങ്കിലും രോഗബീജങ്ങൾ സമഗ്ര ഇസ്‌ലാമിക് മീഡിയ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അത് വായനക്കാർക്ക് പ്രത്യേകം ചൂണ്ടിക്കാട്ടാവുന്നതാണ്.

ഇനിയും അപ്പാക്രിഫക്ക് വിധേയമാകാത്ത ഏതാനും സാരോപദേശങ്ങൾ സയ്യിദ് മൗദൂദിസാഹിബിന്റെ തഫ്ഹീമുൽ ക്വുർആനിൽ ഇനിയും ബാക്കിയാണ്. മൗദൂദി സാഹിബ് എഴുതുന്നു: "ഇപ്പോൾ അല്ലാഹു കാഴ്ചയരുളിയിട്ടുള്ള ആർക്കും സ്വയംകാണാവുന്ന സംഗതി ഇതത്രെ; ക്വുർആൻ അന്യസ്ത്രീപുരുഷന്മാർ മുഖത്തോടുമുഖം നിന്ന് സംസാരിക്കുന്നത് വിലക്കുകയും പർദക്ക് പിന്നിൽനിന്ന് സംസാരിക്കുന്നതുകൊണ്ടുള്ള മെച്ചം, നിങ്ങളുടെ മനസ്സുകൾ ശുദ്ധമായിരിക്കുന്നതിനുള്ള ഏറ്റവും ഉചിതമായ രീതി ഇതാണ് എന്ന് വിശദീകരിക്കുകയും ചെയ്യുന്നു. ഇതിൽനിന്നെങ്ങനെയാണ് സങ്കര വിദ്യാഭ്യാസവും സമ്മിശ്രസദസ്സുകളും അന്യസ്ത്രീ പുരുഷന്മാർ അനിയന്ത്രിതമായി കൂടിക്കലർന്നു പ്രവർത്തിക്കുന്ന ഇതരസംരംഭങ്ങളും അനുവദനീയമാണെന്നും അതുമൂലം മനസ്സുകളുടെ സംശുദ്ധിയിൽ യാതൊരു വ്യത്യാസവും ഉണ്ടാവില്ലെന്നുമുള്ള വിചിത്രമായ ആശയം പിഴിഞ്ഞെടുക്കാൻ സാധിക്കുക...?"

സയ്യിദ് മൗദൂദി തുടരുന്നു: "ആരെങ്കിലും ക്വുർആനിനെ പിന്തുടരുന്നില്ലെങ്കിൽ അതിനെ എതിർക്കുകയും താനതിനെ അംഗീകരിക്കുന്നില്ലെന്ന് തുറന്നുപറയുകയുമാണ് യുക്തിസഹമായ നിലപാട്. ക്വുർആനിന്റെ ഖണ്ഡിതമായ വിധികളെ ധിക്കരിക്കുകയും പിന്നെ താൻ കൊണ്ടുനടക്കുന്നതൊക്കെയാണ് ക്വുർആനിന്റെ ചൈതന്യമെന്ന് ധാർഷ്ട്യപൂർവം വിളിച്ചുപറയുകയും ചെയ്യുന്നത് വളരെ നിന്ദ്യമായ നിലപാടാണ്. ക്വുർആനിനും സുന്നത്തിനും അന്യമായ വല്ലതിൽനിന്നും അവർ ആവിഷ്‌ക്കരിക്കുന്നതൊക്കെ ഇസ്‌ലാമിന്റെ ആത്മാവും ചൈതന്യവുമാകുന്നത് എങ്ങനെയാണ്...?"

മൗദൂദി സാഹിബിന്റെ നിഷ്‌കളങ്കമായ ഈ ചോദ്യം ദീനിന്റെ പേരിൽ അഭിനയിക്കുകയും അഭിനയിക്കാൻ പ്രേരിപ്പിക്കുകയും അതിനായി സമ്പത്ത് ചെലവഴിക്കുകയും ചെയ്യുന്ന ആധുനിക ജമാഅത്ത് കോർപ്പറേറ്റ് മുതലാളിമാരുൾപ്പെടുന്ന സഭയോടാണ്.[10]

ഈ വിഷയവുമായി ബന്ധപ്പെട്ട, മൗദൂദി സാഹിബിന്റെ ചിന്തകളും വരികളും സംശയരഹിതവും കൃത്യവുമാണ്.

മൗദൂദി സാഹിബ് ഈ വിശദീകരണമെഴുതുന്ന കാലത്തോ, ഇത് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നകാലത്തോ കേരളത്തിലെ ജമാഅത്ത് മുതലാളിമാർക്ക് ചാനലോ സീരിയലോ അത് നിലനിർത്താനാവശ്യമായ അഭിനയമോ പരിചയമുണ്ടായിരുന്നില്ല. സാമ്പത്തികമായി അവർ ഇന്നത്തെ നിലയിൽ പുരോഗമിക്കുകയൊ ചാനൽ ഉൾപ്പെടെയുള്ള അത്യാധുനിക സംരംഭങ്ങളെപ്പറ്റി ചിന്തിക്കുകയോ ചെയ്തിരുന്നില്ല എന്നതിന്റെ തെളിവാണ് പരിഭാഷയിൽ ഈ ആശയം കൈക്രിയകൾക്ക് വിധേയമാകാത്ത നിലയിൽ അവശേഷിച്ചത്. മറിച്ച് ഈ പരിഭാഷ ഇന്നായിരുന്നുവെങ്കിൽ 'കേരളീയ പശ്ചാത്തലത്തിൽ അപ്രസക്തമെന്ന് തോന്നിയ ചില ചർച്ചകൾ ഒഴിവാക്കിയിട്ടുണ്ട്...'[11] എന്നൊരു കുറിപ്പ് ഈ ഭാഗത്ത് പ്രത്യക്ഷപ്പെടുമായിരുന്നു. തൽക്കാലം ആ കത്രിക ഇവിടെ പ്രത്യക്ഷപ്പെട്ടില്ല. ബാക്കിയുള്ളവരെ അക്ഷര പൂജകരെന്നും സങ്കുചിത ചിന്തകളുടെ വക്താക്കളെന്നും മുദ്രയടിക്കാനുള്ള ശ്രമത്തിനിടയിൽ ഇത്തരം കാര്യപ്രസക്തമായ ഭാഗങ്ങളെ പുനർവിചിന്തനം ചെയ്യാൻ ജമാഅത്തുകാർക്കെവിടെ സമയവും കാലവും!

എന്നാൽ ചാനലും സിനിമാ ചർച്ചയും പ്രസ്ഥാനത്തിൽ ഊർജിതമായതോടെ പ്രമുഖ ക്വുർആൻ പണ്ഡിതനായി ജമാഅത്ത് കേന്ദ്രങ്ങളിൽ അറിയപ്പെടുന്ന ടി.കെ.ഉബൈദ് മൗദൂദിയെയും കാരക്കുന്നിനെയും തിരുത്തിയിട്ടുള്ളത് വായനക്കാർ കാണാതെപോകരുത്. അദ്ദേഹം എഴുതുന്നു: 'പുരുഷൻമാർ സ്ത്രീകളുടെ കൂടെ സംസാരിക്കുന്നതോ പാട്ടുപാടുന്നതോ അനുവദനീയമായ മറ്റുജോലികൾ ചെയ്യുന്നതോ ഇസ്‌ലാം നിരോധിച്ചിട്ടില്ല. അന്യ സ്ത്രീപുരുഷൻമാർ ഇടപെടുമ്പോൾ ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ള സദാചാര മര്യാദകൾ പാലിക്കണം എന്നേയുള്ളൂ.'[12]

**(അവസാനിച്ചില്ല)**

**റഫറൻസ്:**


6. 2020 നവംബർ 06
7. പ്രബോധനം ഇന്റർനാഷണൽ: 20.03.2015
8. ലേഖനം: ഖാലിദ് മൂസാ നദ്‌വി, പ്രബോധനം വീക്കിലി, 2015 ജനുവരി 23, www.prabodhanam.net/article/3855/207
9. പ്രകാശബിന്ദുക്കൾ, ഭാഗം: 03, പേജ്: 78, ഐ.പി.എച്ച്, പ്രിന്റ്: 1993
10. സൂറത്തുൽ അഹ്‌സാബ്: 53 മുതലുള്ള ആയത്തുകൾക്ക് 98ാം നമ്പറായി നൽകിയ വിശദീകരണം: തഫ്ഹീമുൽ ഖുർആൻ: 04/112, ഐ.പി.എച്ച്, പ്രിന്റ്: 1996
11. തഫ്ഹീമുൽ ഖുർആൻ ആമുഖം, വാല്യം: 06, ഐ.പി.എച്ച്: 2000
12. ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ്: 524

പി.എൻ സോമൻ
mail@nerpatham.com

അനുഭവം




# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

സർവവ്യാപിയായ ഈശ്വരരൂപം കണ്ടെത്തുക സാധ്യമല്ലെന്നു ബോധ്യപ്പെട്ടപ്പോൾ മനുഷ്യന്റെ ഉത്ഭവവും ജാതിവ്യവസ്ഥയുടെയും ഉറവിടം തേടി ഒരു അന്വേഷണംകൂടി അനിവാര്യമാണെന്നു തോന്നി. ചിലതൊക്കെ മനസ്സിലാക്കൻ കഴിഞ്ഞു. മനുഷ്യന്റെ ഉത്ഭവം, ചെറിയൊരു അണുവിൽനിന്നും ജലത്തിൽ നിന്നുമാണെന്നും മത്സ്യത്തിൽ (കൂർമം) നിന്നുമാണെന്നും മനസ്സിലായി. എന്നാൽ കുരങ്ങ് പരിണമിച്ചാണ് മനുഷ്യരൂപം പ്രാപിച്ചതെന്ന് ഡാർവിൻ എന്ന ശാസ്ത്രജ്ഞൻ പറയുന്നു!

ഈ രണ്ടു കാര്യങ്ങളും വിശ്വസനീയമായി തോന്നിയില്ല. കാരണം ജലവും അണുവും മത്സ്യവും കുരങ്ങും ഇപ്പോഴും എല്ലായിടത്തുമുണ്ട്. ഒരിടത്തും പരിണമിച്ച് പുതിയ മനുഷ്യർ ഉണ്ടായതായി അറിയുന്നില്ല. സംശയം ബാക്കിനിൽക്കെ ജാതിവ്യവസ്ഥയെ തേടിയിറങ്ങി.

ജാതിവ്യവസ്ഥ ഭാരതത്തിൽ മാത്രമേയുള്ളുവെന്നും ലോകത്തിലെ ഏറ്റവും നിന്ദ്യവും നീചവുമായ സാമൂഹിക വിവേചനമായിട്ടാണ് ഇന്ത്യാചരിത്ര ഗവേഷകരായ പണ്ഡിതന്മാർ അതിനെ വിശേഷിപ്പിക്കുന്നത്. (ഇന്ത്യാ ചരിത്രം, പേജ് 1-7).

> **ഈ മഹാപ്രപഞ്ചം നിലകൊള്ളുന്നത് അനേകം ദേവീദേവന്മാരാൽ ആണ് എന്നാണ് ഹൈന്ദവവിശ്വാസം. അങ്ങനെ വിശ്വസിക്കുമ്പോൾ ചില സംശയങ്ങൾ മുളക്കുകയാണ്. ഭൂമിയിൽ അവതരിച്ചിട്ടുള്ള ദേവീദേവന്മാരെല്ലാം തപസ്സ് അനുഷ്ഠിക്കുന്നതും പ്രാർഥിക്കുന്നതും ത്രിമൂർത്തികളായ ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നീ പ്രപഞ്ചനാഥന്മാരോടാണെന്നു വിശ്വസിക്കാം. എന്നാൽ ശക്തരായ ത്രിമൂർത്തി ദേവന്മാർ തപസ്സുചെയ്യുന്നത് ആരോടാണ്? അപ്പോൾ അവർ മൂവർക്കും അപ്പുറത്ത് (മുകളിൽ) അതീവ ശക്തനായ ഒരു മഹാശക്തിയുണ്ട്. അതായിരിക്കാം ഈശ്വരൻ! പക്ഷേ, ഏതു വഴിയിലൂടെ ഈശ്വരസന്നിധിയിലെത്തും? ഏതുവഴി ചെന്നാലും 'മറ്റു പല ഈശ്വരന്മാരും' പ്രത്യക്ഷപ്പെടുകയാണ്!**

ക്രിസ്തുവർഷം 3000നു മുമ്പ് ആര്യന്മാരുടെ ആഗമനത്തോടുകൂടിയാണ് ഇന്ത്യാചരിത്രം ഉടലെടുക്കുന്നത്. സിന്ധുനദി തടങ്ങളിൽ താമസിച്ചിരുന്ന സിന്ധു സംസ്കാരമുള്ള ആര്യപണ്ഡിതന്മാർ നാലു വേദങ്ങൾ നിർമിക്കുന്നു. ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവവേദം എന്നിവയാണ് അവ. ഈ വേദങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷത്രിയർ, ബ്രാഹ്മണർ, ശൂദ്രർ എന്നിങ്ങനെ ജാതികളും ഉപജാതികളുമായി മനുഷ്യസമൂഹം വിഭജിക്കപ്പെട്ടു. ബ്രാഹ്മണർക്ക് ദേവപൂജയും ക്ഷത്രിയർക്കു ഭരണവും ശൂദ്രർക്ക് പാദസേവയും (അടിമ) നിർണയിക്കപ്പെട്ടു. തുടർന്ന് മനുഷ്യസമൂഹത്തിന്റെ നിറവും ചെയ്യുന്ന തൊഴിലും അടിസ്ഥാനമാക്കി ജാതിപ്പട്ടിക നീളുന്നു.

ഉദാഹരണം പറയാം: തണ്ടന്മാർ: രാജാപ്രതിനിധികളെ തണ്ടിൽ (പല്ലക്കിൽ) കയറ്റി ചുമക്കുന്നവർ. കൊല്ലന്മാർ: ആയുധങ്ങൾ പണിയുന്നവർ. ഷവരക്കാർ: മുടി വെട്ടുന്നവർ. പുലയൻമാർ: (പുലം= കൃഷിസ്ഥലം) കൃഷി ചെയ്യുന്നവർ. ആദിവാസികൾ: ആദ്യകാലം മുതൽ വനങ്ങളിൽ വസിച്ചവർ.

തൊഴിലും നിറവും ദേശവും പരിഗണിച്ച് ജാതി വ്യവസ്ഥ മെനഞ്ഞുണ്ടാക്കി അത് തലമുറകളിലേക്ക് ഉറപ്പിച്ചു നിർത്തുന്നത് ഈശ്വരഹിതമോ ദേവീദേവന്മാരുടെ സൃഷ്ടിപ്പോ അല്ലെന്നും കുബുദ്ധികളായ മനുഷ്യനിർമിതിയാണെന്നും മനസ്സിലായി. ഇതിനെല്ലാം അപ്പുറത്ത് ഒരു പരമസത്യം മറഞ്ഞിരിപ്പുണ്ട്. പക്ഷേ, അത് കണ്ടെത്താനുള്ള ഒരു കാട്ടുമനുഷ്യന്റെ ശ്രമം കടലിൽപോയ മൊട്ടുസൂചി തുപ്പുന്നതു പോലെയാണെന്ന വിചാരം തികഞ്ഞ നിരാശയുണ്ടാക്കി.

ഈ മഹാപ്രപഞ്ചം നിലകൊള്ളുന്നത് അനേകം ദേവീദേവന്മാരാൽ ആണ് എന്നാണ് ഹൈന്ദവവിശ്വാസം. അങ്ങനെ വിശ്വസിക്കുമ്പോൾ ചില സംശയങ്ങൾ മുളക്കുകയാണ്. ദേവലോകത്തു തന്നെ ദേവന്മാർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നതായി കാണാം. ആ നിലയ്ക്ക് സൂര്യദേവനും ചന്ദ്രദേവനും അഭിപ്രായഭിന്നത ഉണ്ടായാലുള്ള പ്രപഞ്ചസ്ഥിതി എന്താകും? കോപിഷ്ഠനായ ദുർവാസാവ് മഹർഷിയുടെ മുമ്പിൽപെട്ടു വായുപുത്രന് വല്ല ശാപവും കിട്ടിയാൽ സ്ഥിതി അതീവ ഗുരുതരമാവില്ലേ? ശ്വാസംകിട്ടാതെ ജീവജാലങ്ങൾ ഒന്നടങ്കം മരിക്കില്ലേ? ചിന്താമണ്ഡലം നീറിപ്പുകയുകയായി.

ഭൂമിയിൽ അവതരിച്ചിട്ടുള്ള ദേവീദേവന്മാരെല്ലാം തപസ്സ് അനുഷ്ഠിക്കുന്നതും പ്രാർഥിക്കുന്നതും ത്രിമൂർത്തികളായ ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നീ പ്രപഞ്ചനാഥന്മാരോടാണെന്നു വിശ്വസിക്കാം. എന്നാൽ ശക്തരായ ത്രിമൂർത്തി ദേവന്മാർ തപസ്സുചെയ്യുന്നത് ആരോടാണ്? അപ്പോൾ അവർ മൂവർക്കും അപ്പുറത്ത് (മുകളിൽ) അതീവ ശക്തനായ ഒരു മഹാശക്തിയുണ്ട്. അതായിരിക്കാം ഈശ്വരൻ! പക്ഷേ, ഏതു വഴിയിലൂടെ ഈസ്വരസന്നിധിയിലെത്തും? ഏതുവഴി ചെന്നാലും 'മറ്റു പല ഈശ്വരന്മാരും' പ്രത്യക്ഷപ്പെടുകയാണ്!

എന്നാൽ ചില ദേവീദേവ അവതാരങ്ങളെക്കുറിച്ചു കൂടി ചിന്തിച്ചാൽ മറ്റൊരു സത്യം കണ്ടെത്താൻ കഴിയും. ഈശ്വരഹിതം വെടിഞ്ഞ്, ധർമത്തെ അടിച്ചമർത്തുകയും അധർമം വർധിക്കുകയും ചെയ്യുന്ന കാലം വരുമ്പോൾ ധർമം നിലനിർത്താൻ പല അവതാരങ്ങളും പ്രത്യക്ഷപ്പെടും. ഉദാഹരണത്തിന് ശ്രീ അയ്യപ്പസ്വാമിയുടെ അവതാരം തന്നെ. ശ്രീ അയ്യപ്പന്റെ അവതാര വിശ്വാസം: മഹഷിയെന്ന രാക്ഷസസ്ത്രീ ബ്രഹ്മദേവനെ തപസ്സ് ചെയ്തു. ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ടപ്പോൾ മഹഷി ആവശ്യപ്പെട്ട വരം സ്ത്രീയിൽ നിന്നും ജനിക്കുന്നവരാരും എന്നെ വധിക്കരുത് എന്നതായിരുന്നു. ബ്രഹ്മദേവൻ വരം കൊടുത്തു. ഭൂലോകത്തോ ദേവലോകത്തോ ആരും തന്നെ വധിക്കുകയില്ലെന്ന് ഉറപ്പായ മഹഷി ഈശ്വരഭക്തരെയെല്ലാം ഉപദ്രവിക്കാനും കൊല്ലാനും തുടങ്ങി. ഭൂലോകത്തുനിന്നും ദേവലോകത്തേക്ക് മഹഷി താണ്ഡവമാടി. ഗത്യന്തരമില്ലാതെ ദേവൻമാർ മഹാവിഷ്ണുവിന്റെ അടുത്തുചെന്നു സങ്കടം ബോധിപ്പിക്കുന്നു. ഭക്തരുടെ ദുരവസ്ഥ മനസ്സിലാക്കിയ വിഷ്ണുദേവൻ തന്ത്രം മെനയുന്നു. സ്ത്രീരൂപം പ്രാപിക്കുന്നു. അ

തീവ സുന്ദരിയും നർത്തകിയുമായി മഹേശ്വരന്റെ (ശിവൻ) മുമ്പിൽ പോയി നൃത്തം ചെയ്യുന്നു. നൃത്തത്തിലും സൗന്ദര്യത്തിലും ആകർഷിതനായ മഹാദേവൻ മഹാവിഷ്ണുവിൽ പ്രാപിക്കുന്നു. പ്രസവ അവയവം ഇല്ലാത്തതിനാൽ വിഷ്ണുദേവന്റെ തുട പിളർന്ന് ശ്രീ അയ്യപ്പൻ ഭൂജാതനാകുന്നു. പന്തളം കൊട്ടാരത്തിൽ അസ്ത്ര വിദ്യ പഠിച്ചുകൊണ്ടിരിക്കെ, അയ്യപ്പസ്വാമി എരുമേലി എന്ന സ്ഥലത്ത് വന്നു; മഹഷിയെ വധിക്കാൻ. മഹഷി എരുമയുടെ രൂപം പ്രാപിച്ചു അയ്യപ്പനുമായി യുദ്ധം ചെയ്യുന്നു. അയ്യപ്പന്റെ ശരം ഏറ്റു മഹഷി മരിക്കുന്നു. പിൽക്കാലത്ത് എരുമകൊല്ലി എന്ന സ്ഥലപ്പേര് എരുമേലി എന്നായി. ഇന്നാണ് ഭക്തരുടെ വിശ്വാസ പ്രമാണം.

അധർമത്തെ നിഗ്രഹിച്ച് ധർമം നിലനിർത്താനാണ് ശ്രീ അയ്യപ്പന്റെ നിയോഗമെന്ന് ശ്രീ അയ്യപ്പൻ പന്തളം രാജാവിനോട് പറഞ്ഞിട്ടുള്ളതായി പറയപ്പെടുന്നു. അപ്പോൾ ദേവീദേവന്മാരുടെ നിയോഗം ഭൂലോകത്ത് ധർമം നിലനിർത്താനാണെന്നും ഇവരൊന്നും യഥാർഥ ഈശ്വരന്മാരല്ലെന്നും ചിന്തിച്ചുകൂടേ? പിൽക്കാലത്ത് മനുഷ്യർ 'അരൂപിയായ' ഈശ്വരനെ മറച്ച് പ്രത്യക്ഷരായ ദേവീദേവന്മാരെ ഈശ്വരസ്ഥാനത്ത് പ്രതിഷ്ഠിച്ച് ആരാധിച്ചുവന്നതാണെന്നും വിശ്വസിക്കാമല്ലോ!

പ്രപഞ്ചത്തിന്റെ ഉടമസ്ഥനായൊരു ഈശ്വരൻ ഉണ്ടോയെന്നറിയാനും ജാതിയുടെ ഉറവിടം കണ്ടെത്താനും തപ്പിയും തടഞ്ഞും നടന്നപ്പോൾ കാലം കടന്നുപോയതറിഞ്ഞില്ല. ചിന്താമണ്ഡലം പൂർവകാലങ്ങളിലേക്ക് കണ്ണോടിച്ച് കണ്ടതും അറിഞ്ഞതുമെല്ലാം ഒന്നുകൂടി അയവിറക്കി. സത്യത്തിന്റെ മുഖം മറയപ്പെട്ടിരിക്കുന്നു. അന്ധവിശ്വാസങ്ങളും ദൈവവിശ്വാസങ്ങളും കെട്ടുപിണഞ്ഞ് ഊരാക്കുടുക്കായി കിടക്കുകയല്ലേ? ഞാനെന്തിന് ഇതൊക്കെ തിരയുകയും ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്നു? ഞാൻ സ്വയം ചോദിച്ചു!

'തലപ്പാറമല വില്ലാളി വീരൻ കൊച്ചുവേലൻ' എന്ന, (മരുമക്കത്തായ പ്രകാരം എനിക്ക് ലഭിക്കാനിരിക്കുന്ന) പാരമ്പര്യാചാരം നിലനിർത്തുക ബാധ്യതയാണ്. ഈ ആചാരവും വിശ്വാസവും ആർക്കുവേണ്ടി? ഇതു നിലനിർത്താൻ അനുഭവിക്കുന്ന കഷ്ടതയും പീഡനങ്ങളും എന്തു നേട്ടത്തിനുവേണ്ടി? മുൻകഴിഞ്ഞുപോയ നാല് മലദേവ വില്ലാളി കൊച്ചുദേവന്മാരുടെയും കുടുംബ പശ്ചാത്തലം നേരിട്ടു കണ്ടു ബോധ്യപ്പെട്ടതാണല്ലോ! പട്ടിണി മാറ്റാൻ ആഹാരമോ നല്ല ഉടുവസ്ത്രമോ പാർപ്പിടമോ ഇല്ല. ശബരിമല ഉത്സവകാലം (രണ്ടുമാസം) കഴിഞ്ഞാൽ അടുപ്പിൽ തീ പുകയണമെങ്കിൽ വനത്തിൽ അലഞ്ഞുതിരിഞ്ഞ് വനവിഭവങ്ങൾ തേടണം.

ശബരിമല ശ്രീ അയ്യപ്പന്റെ കാനന അച്ഛൻ എന്ന പേരും പദവിയും മാധ്യമങ്ങൾ കൊട്ടിഘോഷിച്ചു വാർത്ത സൃഷ്ടിക്കുന്നു. ക്ഷേത്രവിശ്വാസത്തെയും ആചാരത്തെയും സംരക്ഷിച്ചുപോരുന്ന ദേവസ്വം ബോർഡും ഉദ്യോഗസ്ഥരും മണിമാളികകളിൽ സ്വർഗീയ ജീവിതം അനുഭവിക്കുമ്പോൾ യഥാർഥ അവകാശികൾ കഷ്ടതകളിലും പട്ടിണിയിലുമായി നട്ടംതിരിയുന്നു.

മുൻകാലങ്ങളിൽ വൃശ്ചികമാസം ഒന്നാം തീയതി തന്നെയും പിന്നീട് 30 ദിവസം മുമ്പും (ഇപ്പോൾ രണ്ടാഴ്ച മുമ്പ്) തിരുവാഭരണഘോഷയാത്ര പ്രതീക്ഷിച്ച് മലവേലനും കുടുംബാംഗങ്ങളും കൊടുംവനത്തിൽ തലപ്പാറമല കോട്ടയിൽ എത്തിച്ചേരും. തിരുവാഭരണവും അകമ്പടിവരുന്ന ഭക്തരെയും സ്വീകരിച്ചു വിശ്രമിക്കാനുള്ള പർണശാല വനഉൽപന്നങ്ങൾകൊണ്ട് കെട്ടിയുണ്ടാക്കി അലങ്കരിച്ചു കാത്തിരിക്കുകയാണ്. തലമുറകൾ ആചരിച്ചുപോന്ന ഈ പാരമ്പര്യത്തിന്റെ പൂർത്തീകരണത്തിനായി പള്ളിപ്പന്തൽ (പർണശാല) പണിയാൻ വളരെ ദിവസത്തെ അധ്വാനമുണ്ട്. പണി പൂർത്തീകരിച്ച പള്ളിപ്പന്തൽ വനംവകുപ്പ് ഉദ്യോഗസ്ഥർ ചവിട്ടിത്തകർത്തുകൊണ്ട് വേലനെയും അനുയായികളെയും ചീത്തവിളിച്ച് ആട്ടിയോടിച്ചിട്ടുള്ള സംഭവം ഞാൻ നേരിട്ടുകണ്ട് അനുഭവിച്ചിട്ടുണ്ട്. ഇതിനെതിരെ ശബ്ദിക്കാൻ ഒരു ഹൈന്ദവവിശ്വാസിയോ, രാഷ്ട്രീയ നേതാക്കളോ ഇന്നുവരെ രംഗത്തു വന്നിട്ടില്ല.

വാർത്ത: 'തിരുവാഭരണ പൂജക്കായി തലപ്പാറ മലക്കോട്ടയിൽ മലവേലൻ നിർമിച്ച പള്ളിപ്പന്തൽ വനംവകുപ്പ് അടിച്ചുപൊളിച്ചു മാറ്റി' (മനോരമ, 2011 ജനുവരി 9, പേജ് 2 -ഫോട്ടോ സഹിതം).

എന്റെ ഓർമയിൽ നാല് തലമുറക്കാർ അനുഭവിച്ച ദുരന്തസംഭവത്തിന് 2011ൽ എങ്കിലും ഒരു പ്രതിഷേധ വാർത്ത വന്നതിൽ അഭിമാനിക്കാം. നിരാശ്രയരായ വനവാസി മലവേലന്മാരോട് കാണിക്കുന്ന അനീതിക്കെതിരെ, 1984ൽ ഞാൻ അമ്മാവനെയും കൂട്ടി ഹൈക്കോടതിയിൽ കേസ് കൊടുത്തു. കേസ് പരിഗണിച്ച ബഹു.ജസ്റ്റിസ് പരിപൂർണൻ ഉത്തരവിട്ടു: 'ശബരിമല ക്ഷേത്രാരംഭം മുതൽ ഉൾക്കാടരിൽപെട്ട മലവേലന്മാർ ആചരിച്ചു വിശ്വസിച്ചുപോരുന്ന തിരുവാഭരണ പൂജാകർമങ്ങൾ, ശബരിമല ഉള്ളിടത്തോളം കാലം നിലനിൽക്കേണ്ടതാണ്. ആയതിന് യാതൊരു തടസ്സവും ആരും സൃഷ്ടിക്കയുമരുത്.' എന്നാൽ കോടതിവിധി നിലനിൽക്കെ വീണ്ടും 2011ൽ ഈ സംഭവം ആവർത്തിക്കുകയുണ്ടായി. **(തുടരും)**

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച



# പഴയ പോക്കിരി

ഹിമക്കുളിരുള്ള ആ അഗതിമന്ദിരത്തിൽ ശുപാർശക്കത്ത് സഹിതമാണ് അയാൾ എത്തിയത്. എൺപതുകാരനായ അയാൾ പരിപാലിക്കാൻ ആരോരുമില്ലാതെ തെരുവിൽ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ് എന്നാണ്, സമൂഹത്തിലും സമുദായത്തിലും ഉന്നതിയിൽ നിൽക്കുന്ന ആളുടെ കത്തിലുണ്ടായിരുന്നത്. ആവശ്യത്തിന് രോഗങ്ങളും കൂടെയുണ്ടായിരുന്നു. ഒരു കാൽ മുറിച്ചുമാറ്റേണ്ടിവരും എന്ന അവസ്ഥയിലായിരുന്നു.

അന്തേവാസിയായി, ചികിത്സ തുടങ്ങി. എന്നാൽ സഹരോഗികൾക്കും പരിപാലകർക്കും നടത്തിപ്പുകാർക്കും അയാളൊരു കീറാമുട്ടിയായിരുന്നു. തൊട്ടതിനും പിടിച്ചതിനുമൊക്കെ അയാൾ തട്ടിക്കയറി, അനുസരണക്കേട് കാണിച്ചു. ഓരോരോ കാരണം കണ്ടെത്തി പ്രശ്നങ്ങളുണ്ടാക്കി. താമസവും പരിചരണവും അയാളെ രോഗമുക്തനാക്കി. ക്ഷിപ്രകോപിയായിരുന്നെങ്കിലും സ്ഥാപനത്തിന്റെ ഉപാധ്യക്ഷനുമായി അയാൾക്ക് ഒരു 'സോഫ്റ്റ് കോർണർ' ഉണ്ടായിരുന്നു. അദ്ദേഹം അയാളോട് കത്തിലെ പേര് കള്ളപ്പേരല്ലേ, യഥാർഥ പേര് ഇന്നതല്ലേ എന്ന് ചോദിച്ചു. വന്ന അന്ന് അയാളുടെ സഞ്ചിയിൽനിന്ന് കിട്ടിയ മരുന്നിന്റെ കുറിപ്പിൽ അയാളുടെ യഥാർഥ പേര് ഉണ്ടായിരുന്നു. അതുവെച്ച് അവർ ചെറിയ അന്വേഷണവും നടത്തിയിരുന്നു.

അയാൾ പത്തിതാഴ്ത്തി. സത്യം തുറന്നുപറഞ്ഞു. ഒരു അങ്ങാടി അടക്കിഭരിച്ചിരുന്ന ആളായിരുന്നു അയാൾ. മാർക്കറ്റ് അയാളുടെ കസ്റ്റഡിയിലായിരുന്നു. തൊഴിലാളികൾ അയാളുടെ കരുത്തും. തല്ലിയും വെട്ടിയും അയാൾ ജേതാവായി വിലസി. പലപ്പോഴും കാക്കിധരിച്ച ഓഫീസർമാരെയും ചിലപ്പോൾ അവർക്കു വേണ്ടിയും തല്ലി. ആവശ്യത്തിലേറെ ദുഷ്പേരും കുറച്ച് ഭൂമിയും പണവും ഉണ്ടായിരുന്നു. അയാളെക്കുറിച്ച് സിനിമ ഇറങ്ങിയിരുന്നു; നന്മയുള്ള ഗുണ്ട എന്ന പതിവ് വാർപ്പു മാതൃകയിൽ. സൂപ്പർസ്റ്റാർ അഭിനയിച്ചു തകർത്ത ഒന്ന്. ആ സ്റ്റാർ അയാളെ കാണാൻ നേരിൽ എത്തിയിരുന്നു.

മക്കളെ അന്വേഷിച്ച് കണ്ടെത്തിയെങ്കിലും അവർ താൽപര്യം കാണിച്ചില്ല. മരണപ്പെട്ടാൽ പത്രത്തിൽ മക്കളുടെ പേരുവിവരം പോലും കൊടുക്കരുതെന്നും അവർ ആവശ്യപ്പെട്ടു. അവർക്ക് കെട്ടിക്കാറായ പെൺമക്കൾ ഉണ്ടെന്നും അവരുടെ ഭാവി തുലയ്ക്കരുതെന്നും അപേക്ഷിച്ചു.

ഇടയ്ക്ക് കൂട്ടുകാരോടൊപ്പം സന്ദർശിച്ച് ഒരു നേരം അവർക്കൊപ്പം ഭക്ഷണം കഴിക്കാറുള്ള ആ സ്നേഹാലയത്തിൽ അന്ന് കൂടെ എന്റെ ഭാര്യയും മക്കളുമാണ് ഉണ്ടായിരുന്നത്. പ്രകൃതിയുടെ മടിത്തട്ടിൽ, കാഴ്ചയിൽ ആതുരാലയത്തിന്റെ പതിവ് വീർപ്പുമുട്ടലോ ഇടുക്കമോ ഒട്ടുമില്ലാത്ത ഒരിടം. കെട്ടിടവും മരങ്ങളും പൂന്തോട്ടവും മനോഹരമായി സംവിധാനിച്ച ആ ആലയം ഒറ്റനോട്ടത്തിൽ ഒരു റിസോർട്ടിനെ ഓർമിപ്പിക്കുന്നു. രോഗികളെ കിടത്തി ചികിൽസിക്കുന്ന ഇടം, പൂക്കളുടെ പേരിട്ട വേറിട്ടു സ്ഥാപിച്ച സ്നേഹാലയങ്ങൾ, അടുക്കള, ഹാൾ, എന്നിവ കാണിച്ച് ഒരു ഭാഗത്തേക്കെത്തി ഞങ്ങൾ. ആ ഭാരവാഹി കഥ തുടർന്നു: 'മാസങ്ങൾക്കുള്ളിൽ അയാൾ മരണപ്പെട്ടു. വിവരം അറിയിച്ചെങ്കിലും മക്കൾ ആരും വന്നില്ല. പിന്നീടും വിവരം അന്വേഷിച്ചില്ല.'

അദ്ദേഹം കുറച്ചകലേക്ക് കൈചൂണ്ടി. അതിർത്തിയിൽ മതിലിനപ്പുറത്ത് ഖബ്ർസ്ഥാനിൽ അയാൾ അന്തിയുറങ്ങുന്നുവെന്ന് പറഞ്ഞു. ഒരുകാലത്ത് അങ്ങാടിയെയും അനവധിയാളുകളെയും വിറപ്പിച്ച ഒരാൾ ഏകനായി അന്തിയുറങ്ങുന്ന ആ കുറ്റിക്കാട്ടിലേക്ക് ഞാൻ കണ്ണുകൾ തിരിച്ചു; കൂടെ എന്റെ വീട്ടുകാരും.

ഫിർഔൻ, ഖാറൂൻ, ഹിറ്റ്ലർ... ചരിത്രത്തിന്റെ താളുകൾ പരിശോധിച്ചാൽ രാജ്യങ്ങളെയും ലോകത്തെ തന്നെയും വിറപ്പിച്ച എത്രയോ സ്വേച്ഛാധിപതികൾ കഴിഞ്ഞുപോയതായി കാണാം. അധികാരവും സമ്പത്തും ആൾബലവുമൊന്നും ആർക്കും ഉപകാരപ്പെട്ടില്ല. ശൂന്യഹസ്തരായി അവരെല്ലാം മടങ്ങി. അതുതന്നെയാണ് എല്ലാവരുടെയും അവസ്ഥ!

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JANUARY 09

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |